KERALA UNION OF WORKING JOURNALISTS
www.kuwj.org

കേരള പത്രപ്രവർത്തക യൂണിയൻ മുഖമാസിക ● 2021 ആഗസ്റ്റ്


# പത്രപ്രവർത്തകൻ

KUWJ

വിട



വിപിൻ ചന്ദ്




ജിയോ സണ്ണി

## പ്രതിസന്ധിയിൽ തളരാത്ത മുന്നണിപ്പോരാളികൾ







## മഷി വറ്റി മാധ്യമജീവിതം: അതിജീവനം അകലെയോ?




# WE CARE YOUR GOOD HEALTH

We offer the best healthcare for you and your family.

# KTCT HOSPITAL

Chathampara, Thottakkadu P.O., TVPM Dist., Ph: 0470-2622559, 2622859
Mob: +91 9446003640, +91 9446003641 Office: 0470 2625975, +91 9446003646
Web: www.ktcthospital.com, E-mail: ktcthospitals@yahoo.in

- **24 hrs Accident & Emergency**
- **Orthopaedic Department** (All replacement surgeries, Arthroscopic surgery, Ilizarov limb reconstruction surgery, 24 hours trauma care, Back ache clinic & All spine surgeries etc.)
- **Surgery Department** (Laparoscopic surgeries (key hole surgery), Breast clinic to detect early breast cancer and surgery including breast conservation and reconstruction, Stapler hemaroidectomy & banding for piles, fistula, fissure & rectal prolapse, Abdominoplasty, Varicose vein clinic and treatment, Thyroid clinic)
- **Gynaecology & Infertility Department** (Laparoscopic surgeries, Hysteroscopy, Intra Uterine Insemination (IUI))
- **Peadiatric, General Medicine, Anaesthesiology, Endocrinology & Diabetology, ENT, Urology, Dermatology, Gastroenterology, Cardiology, Radiology, Ophthalmology, Psychiatry, Respiratory Medicine, Neurology, Dental, Plastic Surgery, Physiotherapy Departments**
- **Haemo Dialysis Unit** (24 hour Service, Trained & Dedicated Staffs, Emergency Dialysis Facility, Dialysis Facility in Intensive Care Unit, Heamo Perfusion, Plasma Exchange / Plasmapherisis, Peritonial Dialysis, Sustained Low Efficiency Dialysis (SLED))






A.Nahas
Chairman

M.S.Shefeer
Convenor

Sincere Healthcare Since 1986




KUWJ

# പത്രപ്രവർത്തകൻ


കേരള പത്രപ്രവർത്തക യൂണിയൻ മുഖമാസിക



**CHIEF EDITOR:**
KP Reji

**EDITOR:**
Dr: Jijo Mathew

**EDITORIAL BOARD:**
Dinesh Varma
Seema Mohanlal

**COVER: & LAYOUT:**
Joshy Vincent



Printed and published by E.S Subhash, General Secretary, Kerala Union of working journalists, Kesari Buildings, Pulimood, Thiruvanthapuram.


## COVID
SPECIAL ISSUE

### കവർ സ്റ്റോറി


6. **പ്രതിസന്ധിയിൽ തളരാത്ത മുന്നണിപ്പോരാളികൾ**
സാം ചെമ്പകത്തിൽ

9. **വീട്ടിലകപ്പെട്ടവരുടെ കാഴ്ചാജാലകം**
റോമി മാത്യു

11. **മഷി വറ്റി മാധ്യമ ജീവിതം**
കെ.പി. റജി

18. **കടന്നുപോകട്ടെ ഈ കെട്ട കാലം**
ഷാജഹാൻ കാളിയത്ത്

20. **സാമൂഹിക അകലവും സൂം ലെൻസും**
അരവിന്ദ് വേണുഗോപാൽ

23. **അകലം പാലിക്കാത്ത ബംഗാൾ അടുത്തുകണ്ടപ്പോൾ**
സാക്കിർ ഹുസൈൻ

25. **മരണം ഒരു കുഴൽക്കിണറാണെന്ന് കോവിഡ് പറഞ്ഞു**
കെ.എ. സൈഫുദ്ദീൻ

28. **പ്രിയപ്പെട്ടവരെ കോവിഡ് കവർന്നു, മരണത്തെ മുഖാമുഖം കണ്ടു**
കെന്നി ഗ്രേഷ്യസ്

32. **കൊറോണയെക്കാൾ വലിയ ദുരന്തങ്ങൾ**
ബോബി ഏബ്രഹാം

35. **നാം അതിജീവിച്ച കഥ**
പ്രതിസന്ധിയിൽ താങ്ങായി പ്രസ് ക്ലബ്ബുകൾ


### പുസ്തകപ്പുര


40


41


42



### ഓർമ്മ


30
**ചന്ദ്രേ... നിന്നെ ഓർക്കുമ്പോൾ പെരുത്ത സങ്കടം**
ഐപ്പ് വള്ളികാടൻ

31
**ജീവിതം മനോഹരമെന്ന് പറഞ്ഞ് വിടവാങ്ങിയ ജിയോ**
വിനീഷ് വിശ്വം



LEADER'S VOICE

# പ്രതിസന്ധിയുടെ കാലം; പോരാട്ടം തുടരും

മാധ്യമ സ്വാതന്ത്ര്യം നേരിടുന്ന വലിയ ഭീഷണികളെക്കുറിച്ചുള്ള സജീവചർച്ച വിവിധ കേന്ദ്രങ്ങളിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. അടിയന്തരാവസ്ഥയെ വെല്ലുന്ന രീതിയിലാണ് ഇന്ന് മാധ്യമ സ്വാതന്ത്ര്യം വെല്ലുവിളി നേരിടുന്നതെന്ന കാര്യം ആർക്കും നിഷേധിക്കാൻ കഴിയില്ല. എന്നാൽ മാധ്യമ സ്വാതന്ത്ര്യം എന്നത് ആരുടെ എന്ന ചോദ്യം വലിയതോതിൽ ചർച്ച ചെയ്യേണ്ട സമയമാണിത്.

സിദ്ദിഖ് കാപ്പൻ എന്ന മലയാളി മാധ്യമ പ്രവർത്തകൻ ജയിലിലടക്കപ്പെട്ട് ഏതാണ്ട് ഒരു വർഷം തികയാൻ ഇനി അധികകാലമില്ല. മാധ്യമ സ്വാതന്ത്ര്യം എന്നത് മാധ്യമ പ്രവർത്തനത്തിനുള്ള സ്വാതന്ത്ര്യമായാണ് വിലയിരുത്തപ്പെട്ടിരുന്നത്. സമീപകാലത്ത് അത് മാധ്യമ ഉടമകളുടെ സ്വാതന്ത്ര്യമായി മാറിയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

മാധ്യമങ്ങളെ മൂലധന താൽപര്യങ്ങളെ കീഴടക്കിയപ്പോൾ പിന്നീടത് ഭരണകൂട താൽപര്യങ്ങളായി മാറി. ഇതോടെ മാധ്യമ പ്രവർത്തകന്റെ സ്വാതന്ത്ര്യം ഇല്ലാതാവുക മാത്രമല്ല നിലനിൽപ് തന്നെ അപകടത്തിലാവുകയും ചെയ്തു. മാധ്യമപ്രവർത്തകന് ഭരണ ഘടന ഉറപ്പ് നൽകിയിരുന്ന തൊഴിൽസുരക്ഷയും വേജ്ബോർഡ് ഉൾപ്പെടെയുള്ള സംരക്ഷണവും ഇല്ലാതായി.

ഇതിനിടയിൽ മാനവരാശിയെ ആകെ പിടിച്ചുലച്ചുകൊണ്ട് പടർന്നുകൊണ്ടിരിക്കുന്ന കോവിഡ് -19 ഇന്ത്യയിലാകെയും കേരളത്തിലും പകുതിയിലധികം വരുന്ന മാധ്യമ പ്രവർത്തകരുടെ ജീവിതം വഴിമുട്ടിച്ചിരിക്കുകയാണ്. കോവിഡ് ആദ്യ ഘട്ടം വന്നതോടെ സമസ്ത മേഖലകളുമെന്ന പോലെ മാധ്യമ മേഖലയും പ്രതിസന്ധിയിലായെന്നത് ശരിയാണ്. എന്നാൽ ഈ പ്രതിസന്ധിയുടെ ഭാരം മുഴുവൻ മാധ്യമ പ്രവർത്തകരുടെ മേൽ കെട്ടിവയ്ക്കുകയാണ് ചില മാനേജ്മെന്റുകൾ ചെയ്തത്. പിരിച്ചുവിടുക, ശമ്പളം വെട്ടിക്കുറയ്ക്കുക, ആനുകൂല്യങ്ങൾ നൽകാതിരിക്കുക തുടങ്ങിയ നടപടികളാണ് പ്രതിസന്ധി മറികടക്കാനെന്ന പേരിൽ ചില മാനേജ്മെന്റുകൾ ചെയ്തതും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതും.



ഇതെത്തുടർന്ന് വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന നിരവധി മാധ്യമ പ്രവർത്തകരുടെ ജീവിതം കടുത്ത പ്രതിസന്ധിയിലാണ്.

ദൈനംദിന ചെലവുകൾ പോലും നിറവേറ്റാനാവാതെ വിഷമിക്കുന്ന മാധ്യമ പ്രവർത്തകരോട് യാതൊരു അനുകമ്പയും മാനേജ്മെന്റുകൾ കാണിക്കുന്നില്ല. മറ്റ് പല തൊഴിൽ മേഖലയും പോലെ മാധ്യമ മേഖലയിലും മാനേജ്മെന്റുകളുടെ ചൂഷണം തുടർന്നുകൊണ്ടിരിക്കുകയാണ്. കോവിഡ് നിയന്ത്രണങ്ങൾ മൂലം പരസ്യ പ്രക്ഷോഭത്തിനുള്ള പരിമിതികളെ മുതലെടുക്കുകയാണ് മാനേജ്മെന്റുകൾ.


ഈ സാഹചര്യത്തിൽ, ഇത്തരം ചൂഷണങ്ങൾക്കെതിരെ തുടങ്ങിവച്ച നിയമനടപടികൾ കൂടുതൽ ശക്തമാക്കി കേരള പത്രപ്രവർത്തകയൂണിയൻ മുന്നോട്ട് പോകുക തന്നെ ചെയ്യും.

**ഇ.എസ്. സുഭാഷ്**
**ജനറൽ സെക്രട്ടറി**




# കോവിഡ് സ്പെഷൽ

ലോകത്തെ മുഴുവൻ മാറ്റിമറിച്ച് 2020 ൽ പടർന്നുപിടിച്ച കോവിഡ് രണ്ടാം വർഷത്തിലെത്തുമ്പോഴും താണ്ഡവം തുടരുകയാണ്. കേരളത്തിൽ മറ്റെല്ലാ മേഖലയും പോലെ മാധ്യമമേഖലയെയും കോവിഡ് മാറ്റിമറിച്ചു. അച്ചടി മാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും കോവിഡ് കൊണ്ടുവന്ന മാറ്റങ്ങളെന്തൊക്കെ? വാർത്താശേഖരണത്തിന്റെയും അവതരണത്തിന്റെയും രീതികൾ അടിമുറി മാറിയതെങ്ങനെ? കോവിഡ് മൂലം മാധ്യമമേഖലയിലുണ്ടായ പ്രതിസന്ധി മാധ്യമപ്രവർത്തകരുടെ ജീവിതത്തെ എങ്ങനെയൊക്കെ ബാധിച്ചു? ഇന്നും പിടിച്ചുകെട്ടാൻ കഴിയാത്ത കോവിഡിനൊപ്പം ജീവിക്കാൻ നാം പഠിച്ചോ, അതിജീവനം ഇനിയും അകലെയാണോ? ഇക്കാര്യങ്ങളെക്കുറിച്ചുള്ള ഒരന്വേഷണമാണ് ഈ ലക്കം. ഒപ്പം മഹാമാരിയിൽനിന്നു നീന്തിക്കയറിയവരുടെ അനുഭവങ്ങളും വീണുപോയവരെക്കുറിച്ചുള്ള ഓർമകളും...



COVER STORY





സാം ചെമ്പകത്തിൽ
സ്പെഷൽ കറസ്പോണ്ടൻറ്
കേരളകൗമുദി

# പ്രതിസന്ധിയിൽ തളരാത്ത മുന്നണിപ്പോരാളികൾ

ജനങ്ങൾക്കിടയിലാണ് മാധ്യമ പ്രവർത്തകന്റെ ജീവിതം. സമൂഹം ഇല്ലാതെ മാധ്യമ പ്രവർത്തനം ഇല്ല. ദുരന്തമേഖലയിലും സംഘർഷ സ്ഥലത്തും കോടതി വളപ്പിലും ആശുപത്രിവരാന്തയിലും വ്യക്തികളുടെയും സമൂഹത്തിന്റെയും സന്തോഷത്തിലും സങ്കടത്തിലും രാപകലില്ലാതെ അവർ ഉണ്ടാകും. മാസങ്ങളായി ശമ്പളം കിട്ടാത്തവരും കുടുംബം പട്ടിണിയിലായവരും അക്കൂട്ടത്തിലുണ്ട്. ശരിക്കും ഒരു ലോക യുദ്ധത്തിന്റെ പ്രതീതി സൃഷ്ടിച്ച, ലോകത്തെ മുൾമുനയിൽ നിർത്തിയ കോവിഡ് ദുരന്തമുഖത്തും മാധ്യമ പ്രവർത്തകർ മുന്നണി പോരാളികളായി. ഇപ്പോഴും അത് തുടരുന്നു. സഹോദരങ്ങൾ, സഹപ്രവർത്തകർ മരിച്ചു വീണപ്പോഴും അവന്റെ സാമൂഹിക പ്രതിബദ്ധതയ്ക്ക് മങ്ങലേറ്റില്ല. കോവിഡ് പോസിറ്റീവ് ആയി മരണത്തെ മുഖാമുഖം കണ്ടവരുണ്ട്. സമ്പർക്കം മൂലം ഏകാന്തവാസത്തിനു പോയവരുണ്ട്. പരിശോധനാഫലം നെഗറ്റീവായി വിശ്രമത്തിന് നിൽക്കാതെ അവർ ജോലിയിൽ സജീവമായി.

## ഭീതിയുടെ കാലം കടന്ന്

ചൈനയിലെ വുഹാനിൽ കണ്ടെത്തി പിന്നീട് ലോകം എങ്ങും പടർന്ന കോവിഡ് 19 ലോകജനതയെയാകെ ഭീതിയിലാഴ്ത്തിയിട്ട് ഇതു രണ്ടാംവർഷം. ചൈനയിൽ നിന്നെത്തിയ തൃശൂർ, ആലപ്പുഴ സ്വദേശികളിൽ രോഗം കണ്ടതോടെയാണ് കേരളവും ഭീതിയിലായത്. റാന്നിയിലെ ഐത്തലയിൽ ഇറ്റലിയിൽ നിന്നെത്തിയ അഞ്ചംഗ കുടുംബത്തിന് കോവിഡ് പോസിറ്റീവ് സ്ഥിരീകരിച്ചത് സർക്കാരിനെയും പൊതു സമൂഹത്തെയും മുൾമുനയിലാക്കി. പിന്നീട് കോവിഡുമായി ബന്ധപ്പെട്ട വാർത്തകളുടെ വിസ്ഫോടനമായിരുന്നു. രോഗത്തെപ്പറ്റി, പ്രതിരോധന മരുന്നിനെപ്പറ്റി, വാക്സിൻ കണ്ടെത്താനുള്ള പരിശ്രമങ്ങളെപ്പറ്റി, രോഗം ബാധിച്ചവരെപ്പറ്റി, അവരുടെ സഞ്ചാരപഥത്തെപ്പറ്റി, പ്രതിരോധപ്രവർത്തനങ്ങളെപ്പറ്റി, സർക്കാർ നടപടികളെപ്പറ്റി, രോഗം ഭേദമായവരെപ്പറ്റി, അവരുടെ അനുഭവങ്ങളെപ്പറ്റി, വാക്സിനേഷനെപ്പറ്റി തികഞ്ഞ ഉത്തരവാദിത്ത ബോധത്തോടെ മാധ്യമങ്ങൾ വാർത്ത നൽകിക്കൊണ്ടിരുന്നു. രോഗത്തെപ്പറ്റി, പ്രതിരോധത്തെപ്പറ്റി മാത്രമായിരുന്നു ആദ്യവാർത്തകൾ എങ്കിൽ കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയും തൊഴിൽ നഷ്ടവും ഓഹരിവിപണിയും വിനോദ,വ്യവസായ, ടൂറിസം രംഗത്തെ പ്രതിസന്ധികളും ഗൗരവമായ വാർത്തകളായി.

## ദുരന്തമുഖത്തെ പോരാളികൾ

മാധ്യമ പ്രവർത്തനം അപകടം പതിയിരിക്കുന്ന

സാഹസിക മേഖലയാണെന്ന് ഒരിക്കൽ കൂടി വിളിച്ചറിയിക്കുന്നതായിരുന്നു കോവിഡ് കാലം. പി.പി.ഇ കിറ്റുകൊണ്ട് ശരീരം മൂടി മാസ്ക് കൊണ്ടു വായും മൂക്കും മൂടി സാനിറ്റൈസർ തോരാതെ പുരട്ടി, ആരോഗ്യ പ്രവർത്തകരോടൊപ്പം മാധ്യമ പ്രവർത്തകരും യുദ്ധമുന്നണിയിൽ നിലയുറപ്പിച്ചു. അപ്പോഴും കൃത്യമായി ശമ്പളം കിട്ടാതെ മൂന്നു നേരം ആഹാരം കഴിക്കാൻ ബുദ്ധിമുട്ടുന്നവരെ കണ്ടു. മാധ്യമ പ്രവർത്തകർ കൂടുതൽ ഉത്തരവാദിത്ത ബോധം കാണിച്ച കാലം കൂടിയായിരുന്നു കോവിഡ് കാലം. വാർത്തകളിൽ അതിശയോക്തി കലരാതിരിക്കാൻ, വസ്തുനിഷ്ഠമാകാൻ എല്ലാവരും ശ്രദ്ധിച്ചു. റാന്നി ഐത്തലയിലെ വൃദ്ധദമ്പതികളുടെ രോഗം ഭേദമായി സാധാരണ ജീവിതത്തിലേക്ക് വന്നത് ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ടത് മാധ്യമ വാർത്തകളിലൂടെയായിരുന്നു.

കോവിഡ് ഒന്നാം ഘട്ടത്തിൽ രോഗപ്രതിരോധത്തിൽ സംസ്ഥാന സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ലോകം പ്രകീർത്തിച്ചപ്പോൾ രോഗപ്രതിരോധത്തിന്റെ പോരാളികളായ കേരളത്തിലെ മാധ്യമ പ്രവർത്തനകരെ മറന്നു പോയോ എന്നൊരു സന്ദേഹം ബാക്കിയുണ്ട്. മാധ്യമ പ്രവർത്തകരെ കോവിഡ് പോരാളികളായി അംഗീകരിക്കുന്നതിൽ തുടക്കത്തിൽ സർക്കാർ വിമുഖത കാട്ടിയെങ്കിൽ, പിന്നീട് അത് അംഗീകരിപ്പിക്കാൻ കേരള പത്രപ്രവർത്തക യൂണിയന് ശക്തമായി ഇടപെടേണ്ടി വന്നു. തിരഞ്ഞെടുപ്പ് കമ്മിഷന്റെ ഇടപെടൽ കൊണ്ടാണ് മാധ്യമ പ്രവർത്തകർക്ക് നിയമസഭ തിരഞ്ഞെടുപ്പിന് മുൻപ് വാക്സിനും തപാൽ വോട്ടും ലഭ്യമാക്കുന്നതിനു കഴിഞ്ഞത്. മാധ്യമ പ്രവർത്തനത്തിന്റെ പരമ്പരാഗത ശൈലികൾ മാറി മറിഞ്ഞ കാലം കൂടിയായിരുന്നു കോവിഡ് കാലം.

ബ്യൂറോയും
ഡെസ്കും ആയിരുന്നു
മാധ്യമ പ്രവർത്തകന്റെ രണ്ടു
തൊഴിലിടങ്ങൾ. ഇത് മാറി പൊ
തു സമൂഹവും വീടും തൊഴിൽ ഇട
ങ്ങളായി. ഫോണും ലാപ്ടോപ്പും നല്ല
ബന്ധങ്ങളും വെല്ലുവിളി ഏറ്റെടുക്കാ
ൻ മനസും ഉണ്ടെങ്കിൽ നല്ല റിപ്പോർട്ട
റാകാമെന്ന് ഈ കാലം തെളിയിച്ചു.
ബ്യുറോകൾ പലതും അടഞ്ഞു
കിടന്ന കാലം കൂടി
ആയിരുന്നു ഇത്.

## ബ്യൂറോയും ഡെസ്കും വീട്ടിൽത്തന്നെ

ബ്യൂറോയും ഡെസ്കും ആയിരുന്നു മാധ്യമ പ്രവർത്തകന്റെ രണ്ടു തൊഴിലിടങ്ങൾ. ഇത് മാറി പൊതു സമൂഹവും വീടും തൊഴിൽ ഇടങ്ങളായി. ഫോണും ലാപ്ടോപ്പും നല്ല ബന്ധങ്ങളും വെല്ലുവിളി ഏറ്റെടുക്കാൻ മനസും ഉണ്ടെങ്കിൽ നല്ല റിപ്പോർട്ടറാകാമെന്നു ഈ കാലം തെളിയിച്ചു. ബ്യൂറോകൾ പലതും അടഞ്ഞു കിടന്ന കാലം കൂടി ആയിരുന്നു ഇത്. കൂടുതൽ ആളുകൾ ഉള്ള ബ്യൂറോകൾ ഒന്നോ രണ്ടോ പേര് മാത്രമായി പ്രവർത്തിച്ചു. ന്യൂസ് റൂം സങ്കല്പം തന്നെ മാറി. ഒരു കാലത്ത് ഒരു ഡെസ്കിനു ചുറ്റുമിരുന്ന് എഡിറ്റോറിയൽ ജോലികൾ ചെയ്തിരുന്ന ശൈലി വളരെ നേരത്തെ മാറിയിരുന്നു. പിന്നീട് അതു ഒരു ഹാളിൽ തന്നെ ക്യുബിക്കിൾ രീതിയിലേക്ക് മാറി. കോവിഡ് കാലമായപ്പോഴേക്കും മിക്ക പത്രങ്ങളുടെയും പകുതി എഡിറ്റർമാരുടെ തൊഴിൽ സ്ഥലം വീടുകളിലേക്ക് മാറി. ഒരു ലാപ്ടോപ്പുമായി വീട്ടിൽ ഇരുന്നു പേജിനേഷൻ നിർവഹിക്കാവുന്ന സ്ഥിതിയിലായി. ഒരു ഹാളിൽ തന്നെ പ്രവർത്തിച്ചിരുന്ന ന്യൂസ് റൂം സാമൂഹിക അകലം പാലിക്കാൻ രണ്ടും മൂന്നും ഹാളുകളിലേക്ക് മാറ്റി. മാധ്യമരംഗത്ത് ഡിജിറ്റൽ സാദ്ധ്യതകൾ ഏറ്റവുമധികം ഉപയോഗിച്ച കാലം കൂടിയാണ് കൊറോണാ കാലം. വാർത്തകളുമായി ബ്യൂറോകളിലേക്ക് ആളുകൾ നേരിട്ട് എത്തുന്നത് ഒഴിവായി. മെയിലിലൂടെയും വാട്സ് ആപ്പിലൂടെയും വാർത്തകൾ അയച്ചു. കൂട്ടായ ചർച്ചകളും ആശയ സംവാദങ്ങളും ആസൂത്രണവുമാണ് ഓരോ ദിവസവും പത്രങ്ങളെ അല്ലെങ്കിൽ ചാനലുകളെ മികവുറ്റതാക്കി നിലനിർത്തിയത്.

## മികവു കുറയാതെ, ശൈലി മാറി

പതിവായ ബ്യൂറോ മീറ്റിംഗുകളും എഡിറ്റോറിയൽ മീറ്റിംഗുകളും വാർത്തകൾക്ക് മികവേകി. ഈ ചർച്ചകളും മീറ്റിംഗുകളും ഓൺ ലൈനിലേക്ക് മാറി എന്നതാണ് മാറിയ കാലഘട്ടത്തിന്റെ സവിശേഷത. ഈ മാറ്റം മാധ്യമങ്ങളുടെ നിലവാരത്തിൽ കാര്യമായ ശോഷണം ഒന്നും ഉണ്ടാക്കിയില്ലെന്ന് മാത്രമല്ല,മികവ് കൂട്ടിയതേ ഉള്ളൂ. കോവിഡ് കാലത്താണ് കേരളത്തിൽ രണ്ടു തിരഞ്ഞെടുപ്പുകൾ നടന്നത്. 2020 ഡിസംബറിൽ തദ്ദേശ തിരഞ്ഞെടുപ്പും 2021 ഏപ്രിലിൽ നിയമസഭാ തിരഞ്ഞെടുപ്പും. കോവിഡ് പ്രോട്ടോക്കോൾ പൂർണ്ണമായി പാലിച്ചു കൊണ്ട് ആവേശം ഒട്ടും ചോരാതെ മാധ്യമങ്ങൾ തിരഞ്ഞെടുപ്പ് വാർത്തകൾ റിപ്പോർട്ട് ചെയ്തു. മാധ്യമങ്ങൾ





സ്വീകരിച്ച പുതുമയാർന്ന റിപ്പോർട്ടിംഗ് ശൈലി രണ്ടു തിരഞ്ഞെടുപ്പിലും വോട്ടിംഗ് ശതമാനം താഴാതെ നിലനിർത്തി. അതിന്റെ ക്രെഡിറ്റ് പൂർണ്ണമായി മാധ്യമങ്ങൾക്ക് അവകാശപ്പെടാം. തിരഞ്ഞെടുപ്പ് റിപ്പോർട്ടിംഗിൽ മാധ്യമങ്ങൾ കാട്ടിയ മികവും പുതുമയാർന്ന ശൈലിയും മാധ്യമങ്ങളുടെ സ്വാധീനം ജനമനസുകളിൽ ഊട്ടിയുറപ്പിക്കുന്നതായി. കോവിഡ് പ്രോട്ടോക്കോൾ പാലിക്കാൻ, ആൾക്കൂട്ടങ്ങൾ സൃഷ്ടിക്കുന്ന സ്ഥാനാർഥിയോടൊപ്പം, പൊതു ചർച്ചകൾ പോലുള്ളവ ഒഴിവാക്കി ബദൽ റിപ്പോർട്ടിംഗ് ശൈലി മാധ്യമങ്ങൾ സ്വീകരിച്ചു.

## വായനക്കാരുടെ അടുത്തേക്ക്


മാധ്യമങ്ങളുടെ ഉള്ളടക്കത്തിൽ വന്ന മാറ്റങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. ലോക്ക് ഡൗണിൽ കുടുങ്ങി വീടിനു പുറത്തിറങ്ങാൻ കഴിയാത്തവർക്ക് കൂടുതൽ ഉപകാരപ്പെടും വിധം ഉള്ളടക്കത്തിൽ മാറ്റം വന്നു. ഡോക്ടറുടെ അടുത്തേക്ക് പോകാൻ ബുദ്ധിമുട്ടിയ വായനക്കാരന്റെ അടുത്തേക്ക് മാധ്യമങ്ങളിലൂടെ ഡോക്ടർ അരികിലെത്തി.

സർക്കാർ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും മാധ്യമങ്ങളിലൂടെ ജനങ്ങളുടെ സഹായത്തിനെത്തി. കോവിഡ് കാലത്ത് ജനങ്ങൾ അറിയേണ്ടതെല്ലാം വായനക്കാർക്ക് നൽകാൻ മാധ്യമങ്ങൾ കാട്ടിയ ശ്രദ്ധ അഭിനന്ദിക്കേണ്ടത് തന്നെ. പത്രസമ്മേളങ്ങൾ ഒരു ഘട്ടത്തിൽ നിലച്ചു പോയ കാലം കൂടിയാണ് കോവിഡ് കാലം. കോവിഡ് മാനദണ്ഡങ്ങൾ ശ്രദ്ധിച്ചു സാമൂഹിക അകലം പാലിച്ചു പത്രസമ്മേളങ്ങൾ നടത്തി ജനങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കാനും വേദി ഒരുക്കി. പത്രസമ്മേളനങ്ങൾ കുറഞ്ഞു പോയത് പ്രസ് ക്ലബ് പ്രവർത്തങ്ങളെയും സാരമായി ബാധിച്ചു. ശമ്പളവും ഇലക്ട്രിസിറ്റി ബില്ലും അടക്കാൻ പാടുപെട്ട പ്രസ് ക്ലബ്ബുകളും ഉണ്ടായിരുന്നു.

## പ്രതിസന്ധികളുടെ കാലം

കോവിഡ് കാലം മാധ്യമമേഖലയിൽ സൃഷ്ടിച്ച പ്രതിസന്ധി ഒട്ടും ചെറുതല്ല. പരസ്യ വരുമാനത്തിൽ ഉണ്ടായ കുറവ്, സർക്കുലേഷനിൽ ഉണ്ടായ ഇടിവ് തുടങ്ങിയവ മാധ്യമങ്ങളെ വല്ലാതെ ബാധിച്ചു. ഡിസ്പ്ളേ പരസ്യങ്ങൾ തീരെ ഇല്ലാതായി. ക്ലാസ്സിഫൈഡ് പരസ്യങ്ങൾ, വിവാഹ പരസ്യങ്ങൾ എന്നിവയുടെ എണ്ണത്തിലും റേറ്റിലും കുറവുണ്ടായി. പരസ്യങ്ങൾ കുറഞ്ഞതോടെ പത്രങ്ങളുടെ പേജുകളും കുറഞ്ഞു. മാധ്യമ പ്രതിസന്ധി രൂക്ഷമായി ബാധിച്ചത് അതിന്റെ പ്രവർത്തകരെയാണ്. ആറു മാസമായി ശമ്പളം കിട്ടാതെ ജോലി ചെയ്യുന്ന മാധ്യമ പ്രവർത്തകർ ഉണ്ട്. കുടുംബമാകെ പട്ടിണിയിലായ മാധ്യമ പ്രവർത്തകർക്ക് ചെറിയ ആശ്വാസം പോലും നൽകാൻ ചില മാനേജ്മെന്റുകൾ തയ്യാറായിട്ടില്ല. പത്രപ്രവർത്തക യൂണിയനുകൾ പ്രദേശിക തലത്തിൽ നടത്തിയ ഇടപെടലുകൾ മാത്രമാണ് അല്പമെങ്കിലും അവർക്ക് ആശ്വാസമായത്. ●



# വീട്ടിലകപ്പെട്ടവരുടെ കാഴ്ചാജാലകം



റോമി മാത്യു
സീനിയർ
കോ ഓർഡിനേറ്റിങ് എഡിറ്റർ
മനോരമ ന്യൂസ്

മാസ്ക്, സാനിറ്റൈസർ, മരുന്ന്, ആശുപത്രി - ഇതെല്ലാമാണ് കോവിഡ് കാലത്തെ ദൃശ്യമാധ്യമങ്ങൾ. ലോകം ലോക്കിലായ കാലത്തെ അവശ്യവസ്തു - റേഷൻ കിറ്റ് പോലെ.

പുറംലോകത്തെ കാഴ്ച പലർക്കും ടെലിവിഷനെന്ന ചെറുപെട്ടിയിൽ ഒതുങ്ങി. വീടിനു പുറത്തിറങ്ങാൻ കഴിയാത്തവരുടെ കാഴ്ചാജാലകം. ലോകത്തിനൊപ്പം ടിവിയിലെ കാഴ്ചകളും ഉള്ളടക്കവും മാറി, അവതരണരീതികളും. പത്രങ്ങൾ പോലും വീട്ടുപടിക്കൽ എത്താൻ വഴിമുട്ടി നിന്ന കാലത്ത് വാർത്തകളിലേക്കുള്ള വഴി വിശാലമാക്കിയത് ടിവികളാണ്, ഒപ്പം മൊബൈലുകളും.

## മാറിയ പ്രൈംടൈം

ഏറ്റവും കൂടുതൽ കാഴ്ചക്കാർ ടിവി കാണാനെത്തുന്ന, ടിവി ചാനലുകൾ പ്രൈംടൈം എന്നു വിശേഷിപ്പിക്കുന്ന സമയത്തിൽ മാറ്റം വന്നു. സീരിയലുകളും റിയലിറ്റി ഷോകളും ലോക്ഡൗൺ നിയന്ത്രണത്തിൽ തിരിച്ചും മറിച്ചുമുള്ള പുനഃസംപ്രേഷണത്തിൽ ഒതുങ്ങിയപ്പോൾ വാർത്താചാനൽ നമ്പരുകൾ വിരലുകൾ തേടിപ്പിടിച്ചു. വൈകുന്നേരം ആറുമണിക്ക് സീരിയൽ പോലെ മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം വീടുകൾ തോറും മുഴങ്ങി - നരേന്ദ്രമോദിയും പിണറായിയും മെഗാതാരങ്ങളായി.

## സ്വയം മറന്ന്

തിരുവനന്തപുരത്തു മരിച്ച ഭാര്യയെ കാണാൻ കഴിയാതെ കോട്ടയത്തെ ഭർത്താവ്, ഒരേയൊരു മകൻ / മകൾ എത്തി അന്ത്യകർമങ്ങൾപോലും ചെയ്യാൻ കഴിയാത്ത അനുഭവങ്ങൾ, ആഴ്ചകളായിട്ടും അടുത്ത ജില്ലയിലെ മാതാപിതാക്കളെപോലും സന്ദർശിക്കാതെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ, വിമാനത്താവളങ്ങളിൽ കുടുങ്ങി നരകയാതന അനുഭവിച്ചവർ, ചെക്പോസ്റ്റുകളിൽ തടയപ്പെട്ടവർ - എല്ലാവർക്കുമൊപ്പം അവരുടെ പ്രശ്നങ്ങൾ അറിയാൻ, സ്വന്തം പ്രശ്നങ്ങൾ മാറ്റിവച്ച് എത്തിയത് മാധ്യമങ്ങളാണ്.


## കിറ്റ് ജേണലിസം

പുറത്തേക്ക് തുറന്നിട്ട ജനാലകൾ മാത്രമായിരുന്നില്ല ടെലിവിഷൻ. വ്യാജവാർത്തകൾ പരക്കുന്ന സമൂഹമാധ്യമങ്ങളിൽ നിന്നുള്ള സാനിറ്റൈസറായി, അറിവുകളിലൂടെ ജീവനും ആരോഗ്യവും രക്ഷിക്കുന്ന മുഖാവരണമായി, ലോക്ഡൗണിൽ ഒറ്റപ്പെട്ടവർക്കും അകലെയായവർക്കും ആശ്വാസമരുന്നായി, മനസിന് പിൻബലമേകുന്ന 'ഇമ്യൂൺ ബൂസ്റ്ററായി'. പോരാത്തതിന് ടെലിവിഷൻ സ്റ്റുഡിയോകൾ ഡോക്ടർമാരുടെ കൺസൽറ്റിങ് മുറികളുമായി മാറി. സഹായം ആവശ്യമുള്ളവർക്ക് എത്തിക്കാൻ വഴിയൊരുക്കുന്ന 'കിറ്റ്' ജേണലിസവും ഇക്കാലത്ത് ശക്തിപ്രാപിച്ചു.

## തളരാതെ, വീഴാതെ

എങ്കിലും എല്ലാം നല്ലകാലമായിരുന്നില്ല - പ്രത്യേകിച്ച് ടെലിവിഷൻ വാർത്താമുറികളിൽ. കൂട്ടമായി ഇരുന്ന് ജോലി ചെയ്യേണ്ട കൂട്ടരാണ് ടിവി മാധ്യമപ്രവർത്തകർ. മാത്രമല്ല റിപ്പോർട്ടർമാർക്കും കാമറമാന്മാർക്കും നേരിട്ട് ഒരു സ്ഥലത്തുപോകാതെ ദൃശ്യ, വിവരണശേഖരണവും സാധ്യവുമല്ല. ആളെണ്ണം കുറച്ചും പരസ്പരബന്ധമില്ലാത്ത മൂന്നും നാലും സംഘങ്ങളാക്കിയും സ്റ്റുഡിയോകളും ബ്യൂറോകളും പ്രവർത്തിപ്പിച്ചു.

ഈ ചെറുകൂട്ടായ്മകൾക്ക് കട്ടപ്പണിയായിരുന്നു. നാലുപേരുടെ പണി ഒരാൾ ചെയ്യണം. ബ്യൂറോകളിലെ റിപ്പോർട്ടർമാരും കാമറമാന്മാരും നേരിട്ട് പോയുള്ള വാർത്താശേഖരണം കുറച്ചു. മൊബൈലിനെ കൂടുതൽ ആശ്രയിച്ചു. ഇതിനിടെ സ്വർണക്കടത്തായി, ഇലക്ഷനായി- നേർസാന്നിധ്യം അത്യാവശ്യമായി. പലരും കോവിഡിൽ വീണു. സ്റ്റുഡിയോകൾ കോവിഡിന്റെ പിടിയിലാഴ്ന്ന ചാനലു



കൾ ആങ്കർമാരെ മാസ്ക് ധരിപ്പിച്ച് അതും ഒരു പ്രതിരോധസന്ദേശമാക്കി നാലുകാലിൽ നിന്നു.

> വാർത്താചാനലുകളുടെ കാലം തീരുന്നുവെന്നും ഇനി സാമൂഹിക മാധ്യമങ്ങളുടെ കാലമാണെന്നും വിശ്വസിച്ചവരും പറഞ്ഞുപ്രചരിപ്പിച്ചവരും ചാനലുകളുടെ ചാലിൽ വന്നു. കോടിക്കണക്കിന് രൂപ പരസ്യമൂല്യമുള്ള കോവിഡ്കാല സന്ദേശങ്ങളാണ് ചാനലുകൾ നൽകുന്നതെന്ന് മുഖ്യമന്ത്രിയും ആരോഗ്യ മന്ത്രിയും പറഞ്ഞു.

## വീണുപോയവർ

ജനം ദുരിതത്തിലായിരുന്നു, ഒപ്പം മാധ്യമപ്രവർത്തകരും. പ്രതിസന്ധിയുടെ കാലത്ത് പലർക്കും ജോലി പോയി. ജോലിയുള്ളവരിൽ പലർക്കും കോവിഡ് വന്നു. മാതൃഭൂമി ന്യൂസിലെ വിപിൻചന്ദ്, തൃശൂർ ടിസിവിയിലെ ജിയോ സണ്ണി എന്നിവർ കോവിഡ് വന്നു മരിച്ചു. ഓരോ ചാനലിലും കോവിഡ് വന്നുപോയവർ ഇപ്പോഴും ആരോഗ്യപ്രശ്നങ്ങളുമായി ജീവിക്കുന്നു. അവശ്യസേവനവിഭാഗത്തിൽപെടുന്നതിന്റെയും നിരന്തര പൊതുജനസമ്പർക്കത്തിന്റെയും ഫലം.

## കതിരും പതിരും


ജനം കൂടുതൽ ടെലിവിഷനിലേക്കു മാത്രമല്ല, മൊബൈലിലേക്കും തിരിഞ്ഞ കാലമാണിത്. വാർത്താമാധ്യങ്ങളുടെ ഔദ്യോഗിക സൈറ്റുകൾക്ക് യൂസർമാർ കൂടി. ഒപ്പം യുട്യൂബർമാരുടെ എണ്ണവും. കേക്കുണ്ടാക്കൽ മുതൽ ബോട്ടിൽ ആർട് വരെ. പണ്ട് പൊതുഇടങ്ങളിൽ മാലിന്യം തള്ളിയവർ പകരം ഫെയ്സ്ബുക്കിനെയും മറ്റും അഴുക്കുചാലാക്കി മാറ്റി. ബോറടിച്ച് വീട്ടിലിരിക്കുന്നവരിൽ കുറെപ്പേരുടെ ദുഷ്ടമനസ്സ് കൊറോണയ്ക്കൊപ്പം തന്നെ ഭീഷണിയായി. വ്യാജവാർത്ത, സൈബർ ബുള്ളിയിങ് മുതൽ സൈബർ ക്വട്ടേഷൻ വരെ. ഇവരുടെ വിക്രിയകൾ വെളിച്ചത്ത് കൊണ്ടുവരിക മാധ്യമങ്ങളുടെ ജോലിയായി. പോരാതെ ഇവരുടെ അതിക്രമങ്ങൾക്ക് മാധ്യമങ്ങൾ ഇരകളുമായി.

## വിശ്വാസ്യത കാത്ത്

ഒരു തിരിച്ചടി കിട്ടുമ്പോഴാണ് മനുഷ്യർ സ്വയമൊന്ന് വിലയിരുത്തുന്നത്. കോവിഡ് കാലം ടെലിവിഷൻ ചാനലുകൾക്കും തിരിച്ചടിയുടെയും വിലയിരുത്തലിന്റെയും കാലമായിരുന്നു. ആക്രമണോൽസുകത യുഎസ്പിയാക്കി മാറ്റിയവർ ആ മാസ്ക് അഴിച്ചുവച്ച് ചിരിച്ചു, കരുണാമയന്മാരായി. അറിവും സഹായവുമാണ് ജനങ്ങൾക്കു വേണ്ടതെന്ന് തിരിച്ചറിഞ്ഞു. അത് ആവശ്യം നിറച്ചുള്ള കിറ്റുകൾ വിതരണം ചെയ്തു. അതേപോലെ പ്രേക്ഷകരും മാറിച്ചിന്തിച്ചു. വാർത്താചാനലുകളുടെ കാലം തീരുന്നുവെന്നും ഇനി സാമൂഹികമാധ്യമങ്ങളുടെ കാലമാണെന്നും വിശ്വസിച്ചവരും പറഞ്ഞുപ്രചരിപ്പിച്ചവരും ചാനലുകളുടെ ചാലിൽ വന്നു. കോടിക്കണക്കിന് രൂപ പരസ്യമൂല്യമുള്ള കോവിഡ്കാല സന്ദേശങ്ങളാണ് ചാനലുകൾ നൽകുന്നതെന്ന് മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും പറഞ്ഞു. ചാനലുകളുടെ വിശ്വാസ്യത തകർക്കാൻ ക്വട്ടേഷൻ എടുത്തവരിൽ യഥാർഥ ക്വട്ടേഷൻകാരുമുണ്ടെന്ന് ജനം തിരിച്ചറിഞ്ഞു. ഒരു അറിവ് ശരിയോ എന്നറിയാൻ ചാനലുകളും പത്രങ്ങളും ഇവയുടെ ഔദ്യോഗിക വെബ്സൈറ്റുകളും പരതി.

ചാനലുകളുടെ ശ്രദ്ധയിൽപെടാത പോയ ചില വാർത്തകൾ ചാനലിൽ വരുത്താൻ ചിലർ നടത്തിയ (ഇപ്പോഴും നടത്തുന്ന) പോരാട്ടമുണ്ടല്ലോ, അതായിരുന്നു ചാനലുകളുടെ വിശ്വാസ്യതയ്ക്ക് ഇക്കാലത്ത് ലഭിച്ച ഏറ്റവും വലിയ ആദരം. ●

COVER STORY




# മഷി വറ്റി മാധ്യമ ജീവിതം



കെ.പി. റജി

ലോകമെങ്ങും ജീവിതം കീഴ്മേൽ മറിക്കുകയും സ്വയം ചുരുങ്ങിക്കൂടാൻ ജനതയെ നിർബന്ധിതരാക്കുകയും ചെയ്ത കോവിഡിന്റെ വ്യാപനം മറ്റേതു രംഗത്തേക്കാളും വെല്ലുവിളിയും പ്രതിസന്ധിയുമാണ് മാധ്യമ വ്യവസായ മേഖലയിൽ സൃഷ്ടിച്ചത്. വലിപ്പച്ചെറുപ്പമില്ലാതെ നൂറു കണക്കിനു സ്ഥാപനങ്ങളിൽ ആയിരങ്ങൾ തൊഴിൽ നഷ്ടപ്പെട്ടു നിസ്സഹായരായി പകച്ചുനിൽക്കുന്നതാണു മാധ്യമലോകത്തെ നേർക്കാഴ്ച. മഹാമാരിയുടെ ആസുരതാണ്ഡവത്തിലും മതിയായ സുരക്ഷാ ക്രമീകരണങ്ങളോ ആരോഗ്യരക്ഷാ സംവിധാനങ്ങളോ ഇല്ലാതെ തൊഴിലെടുക്കാൻ നിർബന്ധിതരായ ആയിരങ്ങൾ പണിയെടുത്ത കൂലിക്കായി മാസങ്ങൾ കാത്തുകെട്ടിക്കിടക്കേണ്ട ഗതികേടിലാണ്.

പോയവർഷങ്ങളിൽ മാധ്യമപ്രവർത്തകർ ഒഴുക്കിയ വിയർപ്പിൽ ശതകോടികളുടെ സാമ്പത്തിക ലാഭമായും ഇതര മേഖലകളിലെ നിക്ഷേപങ്ങൾക്കുള്ള സ്വാധീനശേഷിയായും അധികാര കേന്ദ്രങ്ങളിലേക്കുള്ള ഇടവഴിയായും പന്തലിച്ചവർ പോലും കോവിഡിന്റെ തുടക്കത്തിലേ ശമ്പളം വെട്ടിക്കുറയ്ക്കലും കൂട്ട പിരിച്ചുവിടലുമടക്കം തൊഴിലാളികളുടെ അന്നത്തിൽ മണ്ണിട്ടുകൊണ്ടാണു പിടിച്ചുകയറാൻ രക്ഷാമാർഗം തേടിയത്. തലപ്പത്തെ ചക്കളത്തിപ്പോരിന്റെ അനന്തരഫലമായ പ്രതിസന്ധിയുടെ പാപഭാരം പോലും തൊഴിലാളികളുടെ മേൽ വച്ചുകെട്ടാനായിരുന്നു പലരുടെയും ശ്രമം.

രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലെ മാതൃക പിൻപറ്റി വ്യാപകമായ സാലറി കട്ടിനാണു കേരളത്തിലും തുടക്കത്തിലേ ശ്രമമുണ്ടായത്. കോടതി വ്യവഹാരങ്ങളും സമ്മർദങ്ങളുമായി ഇതിനെതിരെ ശക്തമായ പ്രതിരോധം തീർക്കാനും ദ്രോഹ നടപടികളുടെ വ്യാപനത്തെ വലിയൊരളവോളം ഫലപ്രദമായി നേരിടാനും പ്രതികൂല സാഹചര്യത്തിലും കേരള പത്രപ്രവർത്തക യൂണിയനു കഴിഞ്ഞു എന്നത് കേരളത്തിലെ മാധ്യമപ്രവർത്തകരുടെ വിജയമായയാണു കാണേണ്ടത്. രാജ്യത്തെ വിവിധ മാധ്യമ സ്ഥാപനങ്ങളിൽ ഒരുവിധ ചട്ടവും പാലിക്കാതെ നടന്ന കൂട്ട പിരിച്ചുവിടലുകൾക്കും ശമ്പളം വെട്ടിക്കുറയ്ക്കലിനുമെതിരെ വിവിധ മാധ്യമ സംഘടനകളുടെ നേതൃത്വത്തിൽ ഉയർത്തിയ പ്രതിരോധം വലുതായൊന്നും ഏശാതെ പോയ ഒരു സാഹചര്യത്തിൽ ഇത് എടുത്തുപറയേണ്ട നേട്ടം തന്നെയാണ്. വ്യവസ്ഥാപിതവും സുസംഘടിതവുമായ ട്രേഡ് യൂണിയനുകളുടെ അഭാവം മാനേജ്മെന്റുകളുടെ അടിച്ചമർത്തൽ നടപടിക്കു ശക്തിപകരുന്നതായി വിവിധ ഭാഷകളിലെ മുതിർന്ന മാധ്യമ പ്രവർത്തകർ പോലും തുറന്നു സമ്മതിക്കുന്നുമുണ്ട്.

മരണമാരിയുടെ മഹാതാണ്ഡവത്തിൽ കേരളത്തിലും പ്രിയ സഹപ്രവർത്തകർക്കു ജീവൻ നഷ്ടമായി. ഒട്ടേറെ പേർ രോഗഗ്രസ്തരായി. നിരവധി പേർ മരണത്തെ മുഖാമുഖം കണ്ട ശേഷം വീണ്ടും ജീവിതത്തിലേക്കു തിരിച്ചുനടന്നു. വിടവാങ്ങിയ എല്ലാ പ്രിയപ്പെട്ടവർക്കും കണ്ണീർ പ്രണാമം...

## 500 കടന്ന് മരണക്കണക്ക്

കോവിഡ് വ്യാപനത്തിന്റെ തീവ്രതയിൽ പകച്ചുനിന്ന ജനതയെ ദുരിതക്കെടുതിയിൽനിന്നു കരകയറ്റാൻ അശ്രാന്തം യത്നിച്ചവരായിരുന്നു മാധ്യമപ്രവർത്തകർ. പക്ഷേ, അവരുടെ ജീവിതപ്രതിസന്ധിയിൽ ആശ്വാസമാകാൻ അധികമാരുമുണ്ടായില്ല എന്നതാണു ഖേദകരം. ജനാധിപത്യ മൂല്യങ്ങളിൽ എന്നും മേനി നടിക്കുകയും ഉയർന്ന മാധ്യമ സംസ്കാരത്തിന്റെ വാഴ്ത്തുപാട്ടുകൾ പാടുകയും ചെയ്യുന്ന കേരളത്തിൽ പോലും മാധ്യമ പ്രവർത്തകർക്ക് കോവിഡ് മുന്നണി പോരാളികളെന്ന പരിഗണന നൽകാൻ ഭരണകൂടം വലിയൊരളവോളം മടിച്ചുനിൽക്കുകയായിരുന്നു. കെയുഡബ്ല്യുജെയുടെ വിവിധ ഇടപെടലുകളെ തുടർന്നു



കേരളത്തിൽ മിക്ക മാധ്യമപ്രവർത്തകർക്കും വാക്സിൻ ലഭ്യമായി എന്നത് ഈ വെല്ലുവിളികൾക്കെല്ലാമിടയിലും ആശ്വാസം പകരുന്നു.

ലഭ്യമായ കണക്കുകൾ പ്രകാരം ഇതിനകം അഞ്ഞൂറിലേറെ മാധ്യമ പ്രവർത്തകർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കോവിഡിന് ഇരയായി ജീവൻ വെടിഞ്ഞിട്ടുണ്ട്. ഫീൽഡിൽനിന്നു റിപ്പോർട്ട് ചെയ്യാൻ നിർബന്ധിതരായ മാധ്യമ പ്രവർത്തകരിൽ ഭൂരിപക്ഷത്തിനും രോഗബാധയേൽക്കേണ്ടിവന്നത് തൊഴിലിന്റെ ഭാഗമായുള്ള യാത്രകളിലൂടെയും മറ്റുമാണ് എന്നതാണ് ഏറെ ഗൗരവതരം. രാജ്യത്തെ മിക്ക സംസ്ഥാനങ്ങളിലും ഗ്രാമീണ മേഖലകളിൽ റിപ്പോർട്ട് ചെയ്യുന്ന മാധ്യമ പ്രവർത്തകർക്ക് മെച്ചപ്പെട്ട ആരോഗ്യ പരിചരണമോ പ്രതിരോധ കുത്തിവെപ്പുകളോ ഇന്നും അന്യമാണെന്ന് പ്രമുഖ മാധ്യമ പ്രവർത്തകൻ പി. സായ്നാഥിനെ ഉദ്ധരിച്ചു റോയിട്ടേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനം പറയുന്നു. ആശുപത്രികളും പരിശോധനാ കേന്ദ്രങ്ങളും കോവിഡ് പരിചരണ കേന്ദ്രങ്ങളുമെല്ലാം സന്ദർശിച്ചു യഥാതഥമായ റിപ്പോർട്ടുകൾ അധികാരികളിലെത്തിച്ചുകൊണ്ടിരിക്കെ രോഗബാധയേറ്റ പല മാധ്യമ പ്രവർത്തകർക്കും വൻ തുക കടം വാങ്ങിയിട്ടും ആശുപത്രി ബിൽ അടയ്ക്കാൻ ബുദ്ധിമുട്ടേണ്ടിവന്ന അനുഭവങ്ങൾ സായ്നാഥിന്റെ പീപ്പിൾസ് ആർക്കൈവ് ഓഫ് റൂറൽ ഇന്ത്യ വിവരിക്കുന്നു. ഉത്തരേന്ത്യയിൽ വെന്റിലേറ്റർ സൗകര്യം കിട്ടാത്തതു മുലം ഓക്സിജൻ കിട്ടാതെ മരിക്കേണ്ടിവന്ന മാധ്യമ പ്രവർത്തകരും നിരവധിയാണ്. ചില സംസ്ഥാന സർക്കാരുകൾ വാക്സിനേഷൻ മുൻഗണനയും സാമൂഹിക സുരക്ഷാ പദ്ധതികളും പ്രഖ്യാപിച്ചെങ്കിലും നല്ലൊരു വിഭാഗം മാധ്യമ പ്രവർത്തകരും അതിന്റെ പരിധിക്കു വെളിയിലായതിനാൽ ഫലപ്രദമാവുന്നില്ല എന്നാണു വിവിധയിടങ്ങളിൽനിന്നുള്ള റിപ്പോർട്ടുകളിൽ വ്യക്തമാവുന്നത്.

## അരക്ഷിതരായി കളത്തിൽ

ഇന്റർനാഷനൽ സെന്റർ ഫോർ ജേണലിസ്റ്റ്സും കൊളംബിയ സർവകലാശാലയിലെ റ്റോ സെന്റർ ഫോർ ഡിജിറ്റൽ ജേണലിസവും ചേർന്ന് 125 രാജ്യങ്ങളിലെ മാധ്യമപ്രവർത്തകരെ ഉൾപ്പെടുത്തി നടത്തിയ 'മഹാമാരിയും മാധ്യമപ്രവർത്തനവും' എന്ന സർവേയിൽ ഞെട്ടിപ്പിക്കുന്ന കണ്ടെത്തലുകളാണുണ്ടായത്. നിഷ്കർഷിക്കപ്പെടുന്ന സുരക്ഷാ സംവിധാനങ്ങളിൽ ഒന്നു പോലും ലഭ്യമാക്കാൻ തങ്ങളുടെ സ്ഥാപനം തയാറായിട്ടില്ല എന്നാണ് 30 ശതമാനം പേരും സർവേയിൽ വെളിപ്പെടുത്തിയത്. കോവിഡ് ഒന്നാം തരംഗം ശക്തമായ സമയത്തായിരുന്നു സർവേ. മാസ്ക് ലഭ്യമായിരുന്നില്ല എന്ന് 45 ശതമാനം പേരും സാനിറ്റൈസർ ഇല്ലായിരുന്നെന്നു 49 ശതമാനവും വെളിപ്പെടുത്തി. സുരക്ഷിത അകലം പാലിച്ച് അഭിമുഖങ്ങൾ നടത്താനും റിപ്പോർട്ടിങ് നടത്താനും കഴിയുന്ന ബൂം മൈക്രോഫോണോ ടെലിസ്കോപിക് ലെൻസോ 85 ശതമാനം പേർക്കും കിട്ടിയിരുന്നില്ല. കോവിഡ് റിപ്പോർട്ടിങ് സൃഷ്ടിച്ച മാനസികവും വൈകാരികവുമായ ആഘാതം 70 ശതമാനം പേരും എടുത്തുപറഞ്ഞു. മഹാമാരിയുടെ ഫലമായ മോശം പ്രതികരണം നേരിടേണ്ടിവന്നവരായിരുന്നു 82 ശതമാനം പേരും. ഓൺലൈൻ അധിക്ഷേപവും പീഡനവും ഭീഷണികളും ആക്രമണങ്ങളും മുമ്പത്തേക്കാൾ വഷളായതായായിരുന്നു 20 ശതമാനം പേരുടെയും അനുഭവം. ഇവയുടെയെല്ലാം അധികരിച്ച പ്രഭാവമാണു നമ്മുടെ രാജ്യത്തും കേരളത്തിലും മാധ്യമപ്രവർത്തകർ അനുഭവിച്ചുകൊണ്ടിരിക്കുന്ന

# വീഴ്ച മറയ്ക്കാൻ റെയ്ഡിന്റെ ഭീഷണി

മഹാമാരിക്കാലത്ത് ഭരണകൂടം മാധ്യമങ്ങൾക്കു നേരെ ഉയർത്തിയ ഏറ്റവും കടുത്ത വെല്ലുവിളിയും ഭീഷണിയുമാണ് പ്രമുഖ ഹിന്ദി മാധ്യമ ഗ്രൂപ്പായ ദൈനിക് ഭാസ്കറിന്റെ ഓഫിസുകളിൽ ആദായനികുതി വകുപ്പ് നടത്തിയ റെയ്ഡ്. നികുതി വെട്ടിപ്പിനു ശ്രമിച്ചു എന്ന ന്യായം പറഞ്ഞാണു മാധ്യമ ഗ്രൂപ്പിനുനേരെ റെയ്ഡിന്റെ ഉമ്മാക്കി കാട്ടി വിരട്ടാൻ ശ്രമിച്ചതെങ്കിലും മഹാമാരി കൈകാര്യം ചെയ്യുന്നതിൽ കേന്ദ്ര സർക്കാറിന്റെയും ഉത്തർപ്രദേശ് സർക്കാറിന്റെയും പാളിച്ചകൾ തുടർച്ചയായി തുറന്നുകാട്ടിയതു മാത്രമാണു പ്രകോപനമെന്നതു പകൽപോലെ വ്യക്തം. ഭരണകൂടത്തിന്റെ വീഴ്ചകൾ ജനസമക്ഷം അവതരിപ്പിച്ചതോടെ തങ്ങൾക്കു സർക്കാർ പരസ്യങ്ങൾ നിഷേധിച്ചു തുടങ്ങിയതായി ദൈനിക് ഭാസ്കർ എഡിറ്റർ ഓം ഗൗർ അടുത്തിടെ ഒരു വെബിനാറിൽ വെളിപ്പെടുത്തിയിരുന്നു.

ദൈനിക് ഭാസ്കറിന്റെയും സഹസ്ഥാപനമായ ഭാരത് സമാചാർ ചാനലിന്റെയും ഓഫിസുകളിൽ ഒരേസമയമാണു റെയ്ഡ് നടന്നത്. തലസ്ഥാനമായ ദൽഹിക്കു പുറമെ ഗുജറാത്ത്, മധ്യപ്രദേശ്, മഹാരാഷ്ട്ര, രാജസ്ഥാൻ സംസ്ഥാനങ്ങളിലെ ദൈനിക് ഭാസ്കർ ഓഫിസുകളിലും പരിശോധന നടന്നു. നിരവധി ജീവനക്കാരുടെ വസതികളിലും റെയ്ഡ് നടത്തിയ ആദായ നികുതി ഉദ്യോഗസ്ഥർ ഓഫിസിൽ ഹാജരുണ്ടായിരുന്ന ജീവനക്കാരുടെ ഫോണുകൾ പിടിച്ചെടുക്കുകയും ചെയ്തു.

കോവിഡ് രണ്ടാം വ്യാപനത്തിന്റെ തീവ്രവേളയിൽ ഗംഗയിൽ ഒഴുകിനടക്കുന്ന മൃതദേഹങ്ങളെക്കുറിച്ചുള്ള പത്രത്തിന്റെ റിപ്പോർട്ടുകൾ രാജ്യത്തെ നടുക്കിയിരുന്നു. നരേന്ദ്ര മോഡി സർക്കാർ കോവിഡ് പ്രതിസന്ധി കൈകാര്യം ചെയ്യുന്ന രീതിയെ നിശിതമായി വിമർശിച്ച പത്രം അധികാരികൾ കോവിഡ് മരണങ്ങൾ മറച്ചുവെക്കുന്നതായും കുറ്റപ്പെടുത്തിയിരുന്നു. യോഗി ആദിത്യനാഥ് സർക്കാറിന്റെ കോവിഡ് പ്രതിരോധ നടപടികൾക്കു നേരെ ചോദ്യമുയർത്തിയ അപൂർവം ചാനലുകളിലൊന്നായിരുന്നു ഭാരത് സമാചാർ.

ഭരണകൂടത്തിന്റെ അടക്കം വീഴ്ചകൾ തുറന്നു കാണിക്കുകയും തിരുത്തൽ ശക്തിയാവുകയും ചെയ്യേണ്ട തീർത്തും ന്യായമായ മാധ്യമധർമം പാലിക്കുക മാത്രമാണു ദൈനിക് ഭാസ്കർ ചെയ്തത്. പാളിച്ചകൾ തിരുത്തുന്നതിനു പകരം അന്വേഷണ ഏജൻസികളെ ഉപയോഗിച്ചു വിരട്ടി വരുതിയിലാക്കാനാണ് കേന്ദ്ര ഭരണകൂടം ശ്രമിച്ചത്. ജനാധിപത്യ മുല്യങ്ങൾക്കു നിരക്കാത്ത ഈ നടപടി രാജ്യം സ്വേച്ഛാധിപത്യത്തിലേക്കുള്ള പാതയിലാണ് എന്ന ആശങ്ക ശരിവെക്കുന്നതാണ്.

തെന്ന് ഇനി അധികമായി വിവരിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല.

## ചവിട്ടി മെതിക്കാൻ കേസുകൾ

ജീവനും തൊഴിലിനും ഭീഷണി ഉയർത്തി പടരുന്ന മഹാമാരിക്കാലം സമാധാന ജീവിതത്തിനും കൊടിയ വെല്ലുവിളികളുയർത്തുന്നതാണ് രാജ്യത്തെ മാധ്യമപ്രവർത്തകരുടെ അനുഭവം. കോവിഡ് ദുരിതങ്ങളും ഭരണകൂടങ്ങൾ അതു കൈകാര്യം ചെയ്തതിലെ പോരായ്മകളുടെ വെളിച്ചത്തുകൊണ്ടുവരാൻ ശ്രമിച്ചതിന് രാജ്യവ്യാപകമായി മാധ്യമപ്രവർത്തകർക്കെതിരെ നൂറിലേറെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് ഏകദേശ കണക്ക്. രാജ്യദ്രോഹവും പകർച്ചവ്യാധി നിയന്ത്രണ നിയമ ലംഘനവും അടക്കം കടുത്ത വകുപ്പുകൾ ചാർത്തിയാണു പല കേസുകളും ചുമത്തിയിരിക്കുന്നത്. അരക്ഷിതമായ ചുറ്റുപാടുകളിൽ ജീവൻ പണയം വെച്ചു പണിയെടുക്കുന്നതിനിടെ ചുമത്തപ്പെട്ട കേസുകളാണിവ. പലരും കായികമായ ആക്രമണത്തിനും സ്വത്തുവകകളുടെ നശീകരണത്തിനും തൊഴിൽനഷ്ട ഭീഷണിക്കും ഇരയായതായി ദൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന റൈറ്റ്സ് ആൻഡ് റിസ്ക് അനാലിസിസ് ഗ്രൂപ്പ് കണ്ടെത്തി.

കേരളത്തിലടക്കം പാൻഡമിക് ആക്ടിന്റെ പരിധിയിൽ പെടുത്തി മാധ്യമപ്രവർത്തകരെ കേസിൽ കുടുക്കുന്നു എന്നു വരുമ്പോഴാണ് ചൊൽപ്പടിക്കു നിൽക്കാത്തവരെ വരുതിക്കു കൊണ്ടുവരാൻ മഹാവ്യാധിയെയും ഭരണകൂടങ്ങൾ എങ്ങനെയെല്ലാം ഉപയോഗപ്പെടുത്തുന്നു എന്നു വ്യക്തമാകുന്നത്. കലാപാഹ്വാനം, കലാപശ്രമം തുടങ്ങിയ വകുപ്പുകളാണു പലതിലും ചാർത്തിക്കൊടുക്കുന്നത്. ഉത്തർപ്രദേശ്, ജമ്മു കശ്മീർ, ഹിമാചൽ പ്രദേശ്, തമിഴ്നാട്, പശ്ചിമ ബംഗാൾ, ഒഡീഷ, മഹാരാഷ്ട്ര, പഞ്ചാബ്, ദൽഹി, മധ്യപ്രദേശ്, ആൻഡമാൻ, അസം, അരുണാചൽ പ്രദേശ്, ബീഹാർ, ചത്തീസ്ഗഡ്, ഗുജറാത്ത്, കർണാടക, നാഗാലാന്റ്, തെലുങ്കാന അടക്കമുള്ള സംസ്ഥാനങ്ങൾ മാധ്യമ പ്രവർത്തകരെ ഇങ്ങനെ പാൻഡമിക് കേസുകളിൽ കുടുക്കിയിട്ടുണ്ട്. അധികാരികളുടെ കെടുകാര്യസ്ഥതയും അഴിമതിയും കൃത്യവിലോപവും അന്തർസംസ്ഥാന തൊഴിലാളികളുടെ പട്ടിണിയും ആരോഗ്യ കേന്ദ്രങ്ങളിലെ പോരായ്മയുമൊക്കെ പുറത്തുകൊണ്ടുവന്നതിന്റെ പേരിലാണ് ഈ കേസുകൾ ഒക്കെയുമെന്ന് ആർആർഎജി ഡയറക്ടർ സുഹാസ് ചക്മ ചൂണ്ടിക്കാട്ടുന്നു.

## നിയമത്തിന്റെ വടികൾ കേരളത്തിലും

പാൻഡമിക് ആക്ടിന്റെ പേരിൽ കേരളത്തിലും രണ്ടു മാധ്യമ പ്രവർത്തകർക്കു നേരെ പൊലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളാണ് രണ്ടു സംഭവങ്ങളിലും മാധ്യമ പ്രവർത്തകരെ പ്രതിയാക്കാൻ മുന്നിട്ടിറങ്ങിയത്. മാധ്യമം ഫോട്ടോ ജേണലിസ്റ്റ് ബൈജു കൊടുവള്ളിക്കെതിരെ മുക്കം നഗരസഭയും എഎൻഐ വാർത്താ ഏജൻസി ലേഖകൻ എൻ.പി സക്കീറിനെതിരെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തുമാണു കലാപാഹ്വാനം അടക്കം ഗുരുതര വകുപ്പുകൾ ചാർത്തി പൊലീസിൽ പരാതി നൽകിയത്. രണ്ടും കോഴിക്കോട് ജില്ലയിൽ. രാത്രി ഡ്യൂട്ടി കഴിഞ്ഞു പോകുകയായിരുന്ന മാധ്യമപ്രവർത്തകനെ സദാചാര ഗുണ്ടകൾ വളഞ്ഞുവെച്ച് ആക്രമിക്കാൻ ശ്രമിച്ചതിനു കൂട്ടുനിന്ന പഞ്ചായത്ത് മെമ്പർ ഒടുവിൽ ലേഖകനെതിരെ പ




ഞ്ചായത്ത് ഭരണസമിതിയെക്കൊണ്ടു പ്രമേയം പാസാക്കിച്ചതും കോഴിക്കോട് ജില്ലയിൽ തന്നെ. പൊലീസ് എഫ്ഐആർ ഇട്ട ആദ്യ രണ്ടു സംഭവങ്ങളിലും രാഷ്ട്രീയ നേതൃത്വത്തിന്റെ ഇടപെടലിൽ തദ്ദേശ സ്ഥാപന അധികാരികളുമായി കെയുഡബ്ല്യുജെ നടത്തിയ വിവിധ ചർച്ചകൾക്കൊടുവിൽ കേസ് പ്രസ് ചെയ്യില്ല എന്ന ധാരണയിലെത്തിയിട്ടുണ്ടെന്നതാണ് ആശ്വാസം.

## ലോക്ഡൗൺ എന്നാൽ കൂട്ട പിരിച്ചുവിടലോ?

കോവിഡ് മഹാമാരി തൊഴിൽ സുരക്ഷയെ മാരകമായി കടന്നാക്രമിക്കുകയും ലോക്ഡൗൺ ലേഓഫിന്റെ പര്യായമായി മാറുകയും ചെയ്തതാണ് മാധ്യമമേഖലയുടെ അനുഭവം. പഴയനിലയിലേക്ക് ഇനിയൊരു തിരിച്ചുവരവ് പല സ്ഥാപനങ്ങൾക്കും അസാധ്യമാക്കിയ സാമ്പത്തിക പ്രതിസന്ധി നൂറുകണക്കിനു മാധ്യമ പ്രവർത്തകരെയാണ് ഇരുണ്ടു വെളുക്കുന്ന സമയത്തിന്റെ മാത്രം ഇടവേളയിൽ തൊഴിലില്ലായ്മയുടെ നിസ്സഹായതയിലേക്കു തള്ളിയിട്ടത്. വലിപ്പച്ചെറുപ്പമില്ലാതെ, ഭാഷാന്തരങ്ങളില്ലാതെ കൂട്ട പിരിച്ചുവിടലിന്റെയും അടച്ചുപൂട്ടലിന്റെയും ശമ്പളം വെട്ടിക്കുറയ്ക്കലിന്റെയും വിവരങ്ങളാണ് രാജ്യമെങ്ങും മാധ്യമപ്രവർത്തകരുടെ നെഞ്ചിൽ ഇടിത്തീയായി വന്നു വീണുകൊണ്ടിരിക്കുന്നത്.

## തൊഴിൽ നഷ്ടപ്പെട്ട് ആയിരങ്ങൾ

രാജ്യവ്യാപകമായി മാധ്യമപ്രവർത്തകരുടെ കൂട്ട പിരിച്ചുവിടലിനും പല സ്ഥാപനങ്ങളുടെയും അടച്ചുപൂട്ടലിനുമാണ് കോവിഡ് മറയായത്. വൻകിട മാധ്യമ ഗ്രൂപ്പുകൾ തന്നെയാണ് ഇക്കാര്യത്തിലും മുന്നിൽനിന്നത്. ഇന്ത്യ ടുഡെ ഗ്രൂപ്പ് പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ് ടാബ്ലോയിഡ് ദിനപത്രമായ മെയിൽ ടുഡെ അച്ചടി നിർത്തിവെക്കുന്നതായി ആഗസ്റ്റ് ഏഴിനാണു ചീഫ് എഡിറ്റർ അരുൺ പൂരി ജീവനക്കാർക്കുള്ള ഇ മെയിൽ സന്ദേശത്തിലൂടെ പ്രഖ്യാപിച്ചത്. ആഗസ്റ്റ് എട്ടു മുതൽ അച്ചടി നിർത്തുന്നതായി എച്ച്ആർ വിഭാഗത്തിൽനിന്ന് അതിനു രണ്ടു ദിവസം മുമ്പേ ജീവനക്കാർക്ക് ഫോൺ സന്ദേശങ്ങൾ വന്നു തുടങ്ങിയിരുന്നു. 40 ജേണലിസ്റ്റുകൾക്കാണ് ഒരു സുപ്രഭാതത്തിൽ ഒറ്റയടിക്കു പണിയില്ലാതായത്. ഗുജറാത്തി ഇക്കണോമിക്സ് ടൈംസും കഴിഞ്ഞ വർഷം ജൂലൈ 31ന് അടച്ചുപൂട്ടി. ബിസിനസ് സ്റ്റാൻഡേർഡ് മുപ്പതോളം ജേണലിസ്റ്റുകളെയും ഏതാനും ഡിസൈനർമാരെയും കൂട്ടത്തോടെ പിരിച്ചുവിട്ടത് അതിനു തൊട്ടുമുമ്പായിരുന്നു. പാറ്റ്നയിൽനിന്നും റാഞ്ചിയിൽനിന്നും പ്രസിദ്ധീകരിച്ചു വന്ന ഹിന്ദി പതിപ്പുകൾ അടച്ചുപൂട്ടിയതിനു

തൊട്ടുപിന്നാലെയായിരുന്നു ഈ പിരിച്ചുവിടൽ. വിവിധ വിഭാഗങ്ങളിലായി 60 ലേറെ ജേണലിസ്റ്റുകൾക്ക് ബിസിനസ് സ്റ്റാൻഡേർഡിൽ പണി പോയി.

ഒറ്റയടിക്കു വൻ കുട്ട പിരിച്ചുവിടൽ നടത്തുന്നതിനു പകരം ഇടവേളകളിൽ മൂന്നും നാലും പേരോടു രാജിവെച്ചു പോകാൻ ആവശ്യപ്പെടുന്ന രീതിയാണ് എക്സ്പ്രസ് ഗ്രൂപ്പ് പിന്തുടർന്നത്. ഔട്ട്ലുക്ക് പബ്ലിഷിങ് ഗ്രൂപ്പിലും ഈ മാതൃകയായിരുന്നുവെന്ന് medium.com നു വേണ്ടി മലയാളി മാധ്യമ പ്രവർത്തകൻ സിറിൾ സാം നടത്തിയ പഠനത്തിൽ പറയുന്നു. ഔട്ട്ലുക്ക് മണി പത്രാധിപർ അരിന്ദാം മുഖർജി, ഔട്ട്ലുക്ക് ഹിന്ദി എഡിറ്റർ ഹർവീർ സിങ് എന്നിവരടക്കം നാൽപതോളം പേർക്കാണ് ഇങ്ങനെ പണിയില്ലാതായത്. 2020 ഫെബ്രുവരിയിലെ ശമ്പളം ജൂണിൽ മാത്രം വിതരണം ചെയ്ത സ്ഥാപനം ശമ്പളത്തിൽ വലിയതോതിലുള്ള വെട്ടിക്കുറവും വരുത്തുകയുണ്ടായി. കമ്പനി ബ്രേക്ക് ഈവനിൽ ആകുന്നതുവരെ ശമ്പളം വെട്ടിക്കുറയ്ക്കൽ പ്രഖ്യാപിച്ച മുംബൈയിലെ മിഡ് ഡെ പത്രം പ്രസ്

ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടുകയും ചെയ്തു. ദൽഹി ആജ്തക് ഭൂരിപക്ഷം ജേണലിസ്റ്റുകളോടും രാജിവെച്ചുപോകാൻ ആവശ്യപ്പെട്ടു പ്രവർത്തനം നിർത്തിവെച്ചു. അമൃതബസാർ പത്രിക ഗ്രൂപ്പ് പ്രസിദ്ധീകരണമായ ഫോർച്യൂൺ ഇന്ത്യ എഡിറ്റോറിയൽ ജീവനക്കാരോട് മൂന്നു മാസത്തെ നിർബന്ധിത ശമ്പളമില്ലാ അവധിയിൽ പോകാൻ ആവശ്യപ്പെട്ടതു 2020 ഏപ്രിൽ 28നാണ്. മാസങ്ങൾക്കു ശേഷം ആർ.പി സഞ്ജീവ് ഗോയങ്ക ഗ്രൂപ്പ് ഫോർച്യൂൺ ഇന്ത്യയെ ഏറ്റെടുക്കുകയും ചെയ്തു. ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്കിലി അടക്കം ഒട്ടേറെ പ്രസിദ്ധീകരണങ്ങൾ ശമ്പളത്തിൽ വൻ വെട്ടിക്കുറവ് വരുത്തി. ഫ്രീലാൻസ് എഴുത്തുകാരുടെ വേതനത്തിലടക്കം കുറവ് വരുത്തിയാണ് ഓപ്പൺ മാഗസിൻ ചെലവ് ചുരുക്കൽ നടപ്പാക്കിയത്. പ്രമുഖ ഹിന്ദി ക്രിക്കറ്റ് മാഗസിൻ ആയിരുന്ന ക്രിക്കറ്റ് സമ്രാട്ട് 2020 ജൂൺ 23ന് അടച്ചുപൂട്ടി.

നേരത്തേതന്നെ പ്രതിസന്ധി നേരിട്ടുകൊണ്ടിരുന്ന ഹിന്ദു മുംബൈ എഡിഷൻ കഴിഞ്ഞ വർഷം ജൂണിൽ പ്രവർത്തനം അവസാനിപ്പിച്ചു. ഏറെ പ്രതീക്ഷയോടെ കൊട്ടിഘോഷിച്ചു തുടങ്ങിയ മുംബൈ എഡിഷന്റെ ടച്ചുപൂട്ടൽ ആയിരുന്നു ഹിന്ദുവിലെ ജേണലിസ്റ്റുകൾക്കേറ്റ ഏറ്റവും കനത്ത തിരിച്ചടി. നോട്ടീസ് പോലുമില്ലാതെയായിരുന്നു പിരിച്ചുവിടൽ. സ്ഥാപനത്തിനുള്ളിലെ കുടുംബപ്പോരിന്റെയും കെടുകാര്യസ്ഥതയുടെയും ഫലമാണു മുംബൈ പതിപ്പ് വഴിയുണ്ടായ കനത്ത നഷ്ടത്തിനും ആത്യന്തികമായ അടച്ചുപൂട്ടലിനും കാരണമായതെങ്കിലും അതും കോവിഡിന്റെ ചുമലിലാണു കയറിയത്. പൊടുന്നനെയുള്ള പിരിച്ചുവിടലിലൂടെ ഗ്രാറ്റുവിറ്റി ഇനത്തിൽ കമ്പനിക്ക് വൻ ലാഭമാണുണ്ടായതെന്നാണു ന്യൂസ് ലോണ്ട്റി റിപ്പോർട്ട് ചെയ്യുന്നത്. ഗ്രാറ്റുവിറ്റി അർഹതയ്ക്ക് കുറഞ്ഞതു നാലു വർഷവും 240 ദിവസവും സർവീസ് ഉണ്ടായിരിക്കണമെന്ന നിബന്ധനയാണ് മറ്റു പല സ്ഥാപനങ്ങളിലെയും മികച്ച ജോലി ഉപേക്ഷിച്ചു ഹിന്ദുവിൽ ചേക്കേറിയ ജേണലിസ്റ്റുകൾക്കു വിനയായത്. ഏതാനും ദിവസങ്ങളുടെ മാത്രം കുറവിലാണ് ഒട്ടു മിക്കവർക്കും ഗ്രാറ്റുവിറ്റി നഷ്ടമായത്. ഒറ്റ ദിവസത്തിന്റെ വ്യത്യാസത്തിലാണ് ഒരാൾക്ക് ഗ്രാറ്റുവിറ്റിയില്ലാതെ സ്ഥാപനം വിട്ടുപോകേണ്ടിവന്നത്. നൂറോളം ജേണലിസ്റ്റുകൾക്ക് ഇതിനകം പണി പോയ ഹിന്ദുവിൽ ഇനിയും ഏറെ പേരെ പിരിച്ചുവിടാൻ നീക്കം നടക്കുന്നതായാണ് ഒടുവിലത്തെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.




## കിട്ടാനില്ല ശമ്പളം

ഹിന്ദുസ്ഥാൻ ടൈംസ് അടക്കം രാജ്യത്തെ പല മുൻനിര പത്രങ്ങളും പിരിച്ചുവിടലിൽത്തന്നെയാണു രക്ഷാമാർഗം കണ്ടെത്തിയത്. ടെലിഗ്രാഫ് ഝാർഖണ്ഡ്, വടക്കു കിഴക്കൻ പതിപ്പുകൾ പൂട്ടി. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ ഇക്കാലയളവിൽ നിലച്ചുപോയ മാധ്യമ സ്ഥാപനങ്ങൾ ഒട്ടനവധിയാണ്. സ്വാഭാവികമായും നൂറു കണക്കിനു മാധ്യമ പ്രവർത്തകർക്കും മാധ്യമ ജീവനക്കാർക്കും തൊഴിലും നഷ്ടമായി. പണി ഉള്ളവർക്കാകെട്ട മാസങ്ങളുടെ ശമ്പള കുടിശ്ശികയും. മിന്റിന്റെ ബംഗളൂരു, മുംബൈ, ഹൈദരാബാദ് ബ്യൂറോകൾ ഒക്കെ പൂട്ടി. രാജ്യത്തെ ഏറ്റവും വലിയ മാധ്യമ ഗ്രൂപ്പുകളിലൊന്നായ രാജസ്ഥാൻ പത്രികയിലും വ്യാപകമായ കൂട്ട പിരിച്ചുവിടലുകളുണ്ടായി. ജീവനക്കാരെ മുൻകൂട്ടി അറിയിക്കുക പോലും ചെയ്യാതെ ശമ്പളം വെട്ടിക്കുറച്ച പത്രിക ഗ്രൂപ്പിൽ നാലിലൊന്നോളം പേരുടെ തൊഴിലിനെ ചെലവ് ചുരുക്കൽ ബാധിച്ചതായാണു റിപ്പോർട്ട്. തമിഴിലെ വികടൻ ഗ്രൂപ്പ് ഇരുനൂറോളം പേരെയാണു പിരിച്ചുവിട്ടത്. കാരവൻ, ന്യൂ ഇന്ത്യൻ എക്സ്പ്രസ്, ട്രിബ്യൂൺ, ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു, എൻഡിടിവി, ദൈനിക് ഭാസ്കർ,

അമർ ഉജാല, ഇന്ത്യ എഹെഡ് ന്യൂസ്, ബിസിനസ് സ്റ്റാൻഡാർഡ് തുടങ്ങി ശമ്പളം വെട്ടിക്കുറയ്ക്കാത്ത സ്ഥാപനങ്ങൾ അത്യപൂർവം.

ടൈംസ് ഓഫ് ഇന്ത്യ,ഇക്കണോമിക്സ് ടൈംസ്, മിറർ, നവഭാരത് ടൈംസ്, മഹാരാഷ്ട്ര ടൈംസ്, വിജയ് കർണാടക തുടങ്ങിയവയുടെ പ്രസാധകരായ ബെന്നറ്റ് കോൾമാൻ കമ്പനി സാലറി കട്ടിനു പുറമെ ഇൻക്രിമെന്റുകൾ നീട്ടിവെക്കുകയും ശമ്പള ഘടന പുനഃക്രമീകരിക്കുകയും ചെയ്താണു ചെലവുചുരുക്കൽ നടപടി സ്വീകരിച്ചത്. ദൈനിക് ജാഗരണിന്റെ ഉപ പ്രസിദ്ധീകരണമായ നയി ദു



നിയ, സ്റ്റാർ ഓഫ് മൈസൂർ എന്നിവ അച്ചടി നിർത്തിവെച്ചു.

## ദുരിതമാം ജീവിതം

ലോകമെങ്ങും മാധ്യമ വ്യവസായത്തെ അടിമുടി പിടിച്ചുകുലുക്കിയ കോവിഡ് മഹാമാരി കേരളത്തിലും മാധ്യമ മേഖലയെ സൂനാമിയൊഴിഞ്ഞ തീരം പോലെ തരിപ്പണമാക്കിയിരിക്കുകയാണ്. ആദ്യ ലോക്ഡൗൺ പ്രഖ്യാപനം വരുന്നതിനു മുന്നേ കിതച്ചുതുടങ്ങിയ മലയാള മാധ്യമരംഗം വൈകാതെ കുഴഞ്ഞുവീഴുന്ന അവസ്ഥയിലായി. സ്വഭാവികമായും മാധ്യമ പ്രവർത്തകർ തന്നെയായിരുന്നു ഈ തകർച്ചയുടെ ഏറ്റവും വലിയ ഇരകൾ. രോഗാതുരമായ കാലത്ത് പൊടുന്നനെ തൊഴിലില്ലായ്മയിലേക്കു വലിച്ചെറിയപ്പെടുകയും എല്ലുമുറിയെ പണിയെടുത്തിട്ടും ഒരു നേരത്തെ അന്നത്തിനു വക കിട്ടാതെ നരകയാതനയിലേക്കു തള്ളപ്പെടുകയും ചെയ്തതു നൂറു കണക്കിനു മാധ്യമ പ്രവർത്തകർ. പണ്ടേ ദുർബല, ഇപ്പോൾ ഗർഭിണിയും എന്ന പഴഞ്ചൊല്ല് പോലെ മുൻകാലങ്ങളിലെ സ്വയംകൃതാനർഥമടക്കം ബാധ്യതകൾ കോവിഡിന്റെ പേരിൽ തൊഴിലാളികൾക്കു മേൽ കെട്ടിവെക്കാനായിരുന്നു പല മാധ്യമസ്ഥാപനങ്ങളുടെയും ശ്രമം. ഒട്ടുമിക്ക സ്ഥാപനങ്ങളും ഏകപക്ഷീയമായ സാലറി കട്ടുകൾ നടപ്പാക്കി. ശേഷിക്കുന്ന ശമ്പള വിതരണം പല ഗഡുക്കളാക്കി. സാലറി കട്ട് നടപ്പാക്കിയ ശേഷവും മാസങ്ങളുടെ കുടിശ്ശികയുമായി മുന്നോട്ടുപോകുന്ന സ്ഥാപനങ്ങളും നിരവധി. മലയാള മനോരമയിലും ദേശാഭിമാനിയിലും മാത്രമാണ് മാനേജ്മെന്റുകൾ തൊഴിലാളികളുടെ പോക്കറ്റിൽ കൈയിടാൻ ശ്രമിക്കാതിരുന്നത്. ഏഷ്യാനെറ്റ് 10 മുതൽ 25 ശതമാനം വരെ സാലറി കട്ടും ചില ആനുകൂല്യങ്ങളിൽ വെട്ടിക്കുറവും പ്രഖ്യാപിച്ചെങ്കിലും വളരെ പെട്ടെന്നുതന്നെ പുനഃസ്ഥാപിച്ചു. ഏഷ്യാനെറ്റ് മാനേജ്മെന്റിലെ വിവിധ ഉന്നതരുമായി നടത്തിയ ചർച്ചകളിലൂടെയും നിവേദനങ്ങളിലൂടെയും അതിനു വഴി തുറക്കാൻ കഴിഞ്ഞത് കെയുഡബ്ല്യുജെക്കും അഭിമാന നേട്ടമായി. റിലയൻസ് ഗ്രൂപ്പിന്റെ ഭാഗമായ ടി.വി 18 ചാനൽ ശൃംഖലയിൽപെട്ട ന്യൂസ് 18 കേരള സാലറി കട്ട് ആറു മാസം കൊണ്ടു പിൻവലിച്ചും മാറ്റിവെച്ച ശമ്പളത്തുക മുഴുവൻ ഒറ്റ ഗഡുവായി ജീവനക്കാർക്കു കൈമാറിയും ആശ്വാസം പകർന്നു. മാതൃഭൂമിയും ആദ്യ ലോക്ഡൗൺ വേളയിൽ പ്രഖ്യാപിച്ച സാലറി ഡഫർമെന്റ് പിൻവലിച്ചു പഴയനില പുനഃസ്ഥാപിച്ചു കഴിഞ്ഞു.

**സ്ഥാപനങ്ങൾ ഒന്നിനു പുറകെ ഒന്നായി ശമ്പളം വെട്ടിക്കുറയ്ക്കുകയും ടൈംസ് ഓഫ് ഇന്ത്യയും ഡെക്കാൻ ക്രോണിക്കിളും അടക്കം ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടുകയും പലയിടത്തും ശമ്പള വിതരണം മാസങ്ങൾ കുടിശ്ശികയാവുകയും ചെയ്ത സാഹചര്യത്തിലാണ് നിയമപോരാട്ടത്തിന്റെ വഴിയിലൂടെ തൊഴിലാളി ചൂഷണം ചെറുക്കാൻ കേരള പത്രപ്രവർത്തക യൂണിയൻ തീരുമാനം എടുത്തത്.**

## നടപടികൾ കോടതിയിൽ

സ്ഥാപനങ്ങൾ ഒന്നിനു പുറകെ ഒന്നായി ശമ്പളം വെട്ടിക്കുറയ്ക്കുകയും ടൈംസ് ഓഫ് ഇന്ത്യയും ഡെക്കാൻ ക്രോണിക്കിളും അടക്കം ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടുകയും പലയിടത്തും ശമ്പള വിതരണം മാസങ്ങൾ കുടിശ്ശികയാവുകയും ചെയ്ത സാഹചര്യത്തിലാണ് നിയമപോരാട്ടത്തിന്റെ വഴിയിലൂടെ തൊഴിലാളി ചൂഷണം ചെറുക്കാൻ കേരള പത്രപ്രവർത്തക യൂണിയൻ തീരുമാനം എടുത്തത്. ദർശന ടി.വിയിൽ 55ഓളം പേരെ കൂട്ടത്തോടെ പിരിച്ചുവിട്ടതും ഏതാനും പേരെ ഒരുവിധ ആനുകൂല്യവും നൽകാതെ പീഡിപ്പിക്കുന്നതും കോടതി വ്യവഹാരത്തിന്റെ പ്രധാന പ്രേരണകളിലൊന്നായി. ടൈംസ് ഓഫ് ഇന്ത്യ, ഡെക്കാൻ ക്രോണിക്കിൾ, മാധ്യമം, മംഗളം, ദീപിക, തത്സമയം,വീക്ഷണം, ജയ്ഹിന്ദ്, ദർശന ടി.വി അടക്കം 13 മാധ്യമ സ്ഥാപനങ്ങളിലെ തൊഴിൽ പ്രശ്നങ്ങൾ ഉന്നയിച്ച് മുതിർന്ന അഭിഭാഷകൻ തമ്പാൻ തോമസ് മുഖേന ഹൈക്കോടതിയിൽ ഹരജി നൽകി. വിഷയത്തിന്റെ മെറിറ്റ് ഉൾക്കൊണ്ട കോടതി മാനേജ്മെന്റുകളെ വിളിച്ചുകൂട്ടി ചർച്ച നടത്താനും രണ്ടു മാസത്തിനുള്ളിൽ പ്രശ്നം പരിഹരിക്കാനും തൊഴിൽ വകുപ്പിനു നിർദേശം നൽകിക്കൊണ്ടു കേസ് തീർപ്പാക്കുകയായിരുന്നു. ഒത്തുതീർപ്പ് ധാരണ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താമെന്നു തൊഴിൽ വകുപ്പ് നൽകിയ ഉറപ്പ് രേഖപ്പെടുത്തിക്കൊണ്ടായിരുന്നു കോടതിയുടെ തീർപ്പ്.

## സുദീർഘ ചർച്ചകൾ

ഹൈക്കോടതി നിർദേശ പ്രകാരം വിവിധ മാനേജ്മെന്റുകളെ രണ്ടു വട്ടം കൂട്ടായും പിന്നീട് വെവ്വേറെയും ഓൺലൈനിൽ വിളിച്ചു ലേബർ കമ്മിഷണറേറ്റ് വിഷയത്തിൽ ഫലപ്രദമായ സുദീർഘ ഇ





ടപെടലുകൾക്കാണു ശ്രമിച്ചത്. 30 മുതൽ 40 ശതമാനം വരെ സാലറി കട്ട് പ്രഖ്യാപിച്ച മാധ്യമം ശരാശരി 15 ശതമാനം ശമ്പളം പിന്നീട് മടക്കി നൽകാമെന്ന വ്യവസ്ഥയിൽ ഡഫർ ചെയ്യാൻ യൂണിയനുമായി ധാരണയായതായി ആദ്യ ചർച്ചയിൽതന്നെ ഡിഎൽഒ ഹെഡ്ക്വാർട്ടേഴ്സിനു റിപ്പോർട്ട് ചെയ്തു. യൂണിയന്റെ നിരന്തര ശ്രമഫലമായാണ് ഇതു സാധ്യമായത്. ദീപികയും ശമ്പള വിതരണ കാര്യത്തിൽ ധാരണയായതായി പിന്നീട് അറിയിച്ചു. വീണ്ടും നടന്ന ചർച്ചകൾക്കൊടുവിലാണ് മംഗളം, തത്സമയം, ചന്ദ്രിക പത്രങ്ങളിൽ ധാരണയ്ക്ക് വഴി തുറന്നത്. ജയ്ഹിന്ദ് ടിവിയിലും വീക്ഷണത്തിലും ഔപചാരികമായി കരാറൊന്നും ഉണ്ടായില്ലെങ്കിലും കുടിശ്ശിക ഒരു മാസത്തിലധികം നീളാതെ ശമ്പളം ലഭ്യമാവുന്നുണ്ടെന്നാണ് അവിടെനിന്നുള്ള സഹപ്രവർത്തകർ നൽകുന്ന വിവരം. പിഎഫ് വിഹിതത്തിന്റെയും ശമ്പള കുടിശ്ശികയുടെയും കാര്യത്തിൽ ഡെക്കാൻ ക്രോണിക്കിളുമായുള്ള തർക്കം തുടരുകയാണ്. ദർശന ടിവിയിലും പിരിച്ചുവിടപ്പെട്ട ഏതാനും പേർക്ക് ഇനിയും ഒരുവിധ സഹായവും ലഭ്യമായിട്ടില്ല.

## കരാർ പാലിക്കാതെ മംഗളം, തത്സമയം, ദീപിക

കോവിഡ് വ്യാപനത്തിനു മുൻപേ തന്നെ ശമ്പളക്കാര്യത്തിൽ ഉഴപ്പിക്കളിച്ചിരുന്ന മംഗളം, തത്സമയം പത്രങ്ങൾ 2021 ഏപ്രിലോടെ കുടിശ്ശികയുടെ അടക്കം കാര്യത്തിൽ ഉറപ്പ് നൽകിയാണ് ലേബർ കമ്മിഷണറേറ്റിന്റെ മധ്യസ്ഥതയിൽ കരാർ ഒപ്പിട്ടതെങ്കിലും സമയപരിധി പിന്നിട്ടു മാസങ്ങൾ കഴിഞ്ഞിട്ടും കുടിശ്ശിക കൂടുന്നതല്ലാതെ നടപടിയൊന്നും ഉണ്ടായിട്ടില്ല. ദീപികയിലും കരാർ പ്രകാരം കാര്യങ്ങൾ നടന്നിട്ടില്ല.

ശമ്പളക്കുടിശ്ശിക 2021 ജൂൺ 30നകം പൂർണമായും കൊടുത്തുതീർക്കുമെന്നായിരുന്നു തത്സമയം മാനേജ്മെന്റ് ജീവനക്കാരുമായി ഉണ്ടാക്കിയ ധാരണ. ഏപ്രിലിൽ കുടിശ്ശികയുടെ ആദ്യഗഡുവും ജൂൺ 30നകം അവസാന ഗഡുവും തീർക്കാമെന്നായിരുന്നു കരാർ. എന്നാൽ, വാക്ക് പാലിക്കാൻ ഇതുവരെ തയാറാകാത്ത മാനേജ്മെന്റ് ജീവനക്കാർക്ക് ഇതു സംബന്ധിച്ച ഒരുവിധ അറിയിപ്പും നൽകാനും തയാറായിട്ടില്ല. ഇവിടെ 18 മുതൽ 23 മാസത്തിലേറെയാണ് ശമ്പളം കുടിശ്ശിക. ശമ്പളത്തിൽനിന്നു പിഎഫ് വിഹിതമായി പിടിച്ചത് ഇതുവരെ ഇപിഎഫ് ഫണ്ടിലേക്ക് അടച്ചിട്ടുമില്ല. അതുകൊണ്ടുതന്നെ നേരത്തെ മറ്റു സ്ഥാപനങ്ങളിൽ പിഎഫ് ഉണ്ടായിരുന്നവർക്ക് അന്ന് അക്കൗണ്ടിലുള്ള പിഎഫ് തുക പോലും പിൻവലിക്കാനാവാത്ത സ്ഥിതിയാണ്. അതതു മാസത്തെ ശമ്പളം കൃത്യമായി നൽകണമെന്നും ലേബർ കമ്മീഷനറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ നിർദേശമുണ്ടായിരുന്നു. ശമ്പളക്കുടിശ്ശികയായ ലക്ഷങ്ങൾ നഷ്ടമാവുമോ എന്നു ഭയന്ന് ജീവനക്കാർ ദുരിതം സഹിച്ചും തുടരുന്നത് മുതലെടുക്കുന്ന രീതിയിലാണ് മാനേജ്മെന്റ് നീക്കം. പലരിൽനിന്നും കടം വാങ്ങിയും പലിശക്ക് വായ്പയെടുത്തും ജീവിതം മുന്നോട്ടുനീക്കുന്ന തത്സമയം സഹപ്രവർത്തകർ അതിഗുരുതരമായ ചോദ്യചിഹ്നമാണു കേരളത്തിന്റെ പൊതു മനഃസാക്ഷിക്കു മുന്നിൽ ഉയർത്തുന്നത്.

കഴിഞ്ഞ ഏപ്രിൽ 30നകം നടപ്പാക്കേണ്ടിയിരുന്ന ഒത്തുതീർപ്പ് വ്യവസ്ഥകൾ കാറ്റിൽ പറത്തിയാണ് മംഗളം മാനേജ്മെന്റും മുന്നോട്ടുപോകുന്നത്. ശമ്പള കുടിശ്ശിക സമയപരിധിയിൽ തീർക്കാൻ നിർവാഹമില്ലെന്നും കരാറിലെ മറ്റു വ്യവസ്ഥകൾ നടപ്പാക്കിയിട്ടുണ്ടെന്നും കാണിച്ച് ചീഫ് എഡിറ്റർ ഏപ്രിൽ 27ന് യൂണിയനു നൽകിയ കത്ത് മാത്രമാണു മാനേജ്മെന്റ് ഭാഗത്തുനിന്ന് ഉണ്ടായ നടപടി. എന്നാൽ, ടിഎ കുടിശ്ശിക തീർത്തു, ഓവർടൈം അലവൻസും നൈറ്റ് ബാറ്റയും നൽകിവരുന്നു തുടങ്ങിയ ചീഫ് എഡിറ്ററുടെ അവകാശവാദങ്ങൾ ശരിയല്ലെന്നു ജീവനക്കാർ തീർത്തുപറയുന്നു.

ടിഎ കുടിശിക 2021 ജനുവരി 15നു മുമ്പ് തീർക്കുമെന്നായിരുന്നു കരാർ വ്യവസ്ഥ. എന്നാൽ, കണ്ണൂർ ബ്യൂറോയിൽ 2019, 2020 വർഷങ്ങളിലെയും 2021 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെയും ഉൾപ്പെടെ 28 മാസത്തെ ടിഎ കുടിശിക ബാക്കിയാണ്. മലപ്പുറം, വയനാട് ബ്യൂറോകളിൽ 16 മാസത്തെയും കോഴിക്കോട് ബ്യൂറോയിൽ 15 മാസത്തെയും ടിഎ കുടിശികയാണ്. കൊച്ചി ബ്യൂറോയിൽ 2019 ആഗസ്റ്റ് മുതലും തൃശൂർ, പാലക്കാട് ബ്യൂറോകളിൽ 2020 ഏപ്രിൽ മുതലും ടിഎ കുടിശികയുള്ളതായി അവർ ചൂണ്ടിക്കാട്ടുന്നു. ശമ്പളവും മാസങ്ങളായി കുടിശ്ശികയാണ്.

## പോരാടുക തന്നെ വഴി

ഹൈക്കോടതി ഇടപെടുകയും കോടതി നിർദേശ പ്രകാരം ലേബർ കമ്മിഷണർ സുദീർഘമായ ചർച്ചകൾ നടത്തി ഒത്തുതീർപ്പിലെത്തിക്കുകയും ചെയ്തിട്ടും ധാരണ പാലിക്കാൻ മാനേജ്മെന്റുകൾ തയാറാവുന്നില്ല എന്നതാണ് യാഥാർഥ്യം. ഈ സ്ഥാപനങ്ങൾ കോവിഡിന്റെ വരവിനു മുമ്പേ പിന്തുടർന്നിരുന്നതും ഈ നില തന്നെയായിരുന്നു എന്ന യാഥാർഥ്യം കണക്കിലെടുത്താൽ ജനജീവിതം സാധാരണ നിലയിലായാലും മാധ്യമ പ്രവർത്തകരുടെ ജീവിതം ദുരിതക്കയത്തിൽ തന്നെ ആണ്ടു കിടക്കുമെന്ന ആശങ്ക നിലനിൽക്കുന്നു. വീണ്ടും കോടതിയിൽ നിയമപോരാട്ടത്തിന്റെ വഴി തുറക്കുകയും പ്രക്ഷോഭങ്ങളുടെ തീക്കാറ്റായി ആഞ്ഞടിക്കുകയും മാത്രമാണ് യൂണിയനു മുന്നിലുള്ള വഴി. ●



COVER STORY

**സംസ്ഥാന അതിർത്തികളാണ് ആദ്യം പുകഞ്ഞത്. നൂറുകണക്കിന് പേർ അതിർത്തികളിൽ അഭയാർത്ഥികളെപ്പോലെ കാത്തുനിന്നു. അവർ പെട്ടെന്ന് നമുക്ക് അന്യരായി. പ്രവാസികളൊക്കെ പെട്ടെന്ന് രോഗം കൊണ്ടുവരുന്ന വില്ലന്മാരായി.**

# കടന്നുപോകട്ടെ ഈ കെട്ട കാലം



ഷാജഹാൻ കാളിയത്ത്
റെസിഡന്റ് എഡിറ്റർ
ഏഷ്യാനെറ്റ് ന്യൂസ്

"കൊവിഡ് കാലത്തെ മാധ്യമപ്രവർത്തനം വർക്ക് ഫ്രം ഹോം മോഡിലായിരുന്നോ?"

ടെലിവിഷൻ വാർത്തയെന്താണെന്നറിയുന്നവർ പോലും "നിങ്ങക്ക് സുഖമായില്ലേ ? വീട്ടിലിരുന്നാൽ പോരേ"യെന്ന് ചോദിച്ചുകൊണ്ടിരിക്കുകയായിരുന്നു 2021 ഏപ്രിൽ മുതൽ.

ഫീൽഡിൽ പോകാതെ ടെലിവിഷൻ റിപ്പോർട്ടർക്കെന്ത് വാർത്തയെന്ന മറുചോദ്യം ആരോടും ചോദിച്ചില്ല. പകരം ഓരോ ദിവസവും സഹപ്രവർത്തകരുടെ ക്വാറന്റൈൻ ആകുലതകളിലായിരുന്നു.

നമ്മുടെ സംസ്ഥാന അതിർത്തികളാണ് ആദ്യം പുകഞ്ഞത്. നൂറുകണക്കിന് പേർ അതിർത്തികളിൽ അഭയാർത്ഥികളെപ്പോലെ കാത്തുനിന്നു. അവർ പെട്ടെന്ന് നമുക്ക് അന്യരായി. പ്രവാസികളൊക്കെ പെട്ടെന്ന് രോഗം കൊണ്ടുവരുന്ന വില്ലന്മാരായി സർക്കാരിനും കുറെ കുഴലൂത്തുകാർക്കും. കേരളത്തിലെ ടെലിവിഷൻ മാധ്യമപ്രവർത്തകർ കൊവിഡ് കാലത്തിന്റെ നേർചിത്രം ആദ്യം പകർത്തിയത് അതിർത്തികളിൽ നിന്നായിരുന്നു. തലപ്പാടിയിലെ ആയുസ്സും കൈയിൽ പിടിച്ച് വരുന്ന ആംബുലൻസുകൾ പലതും നിലവിളി ശബ്ദം മാത്രമായി. വാളയാറിലും മുത്തങ്ങയിലും കിലോമിറ്ററുകളോളം നീളത്തിൽ ക്യൂ. അതിൽ കൈക്കുഞ്ഞുങ്ങൾ മുതൽ വൃദ്ധർ വരെ. പലരും പാസ്സില്ലാതെയെത്തിയവർ. നമുക്ക് പെട്ടെന്ന് അന്യരായി അവർ.

കൃത്യമായും കേരളം പെട്ടെന്നൊരു സ്വതന്ത്ര രാജ്യമായത് പോലെ.

അന്നേരം മാധ്യമപ്രവർത്തകർ അവിടെയെത്തിയത് കൊണ്ടാണത് ഒരു പൊതുപ്രശ്നമായി മാറിയത്.

അതിർത്തിക്കപ്പുറത്ത് നിന്നെത്തുന്ന ശത്രുക്കളെന്ന പോലെ അവരോട് രേഖകൾ ചോദിച്ചു നാം. പ്രതിഷേധിക്കാനെത്തിയ പ്രതിപക്ഷം കൊവിഡ് പ്രോട്ടോക്കോൾ ലംഘനത്തിൽ പെട്ടു. ക്വാറന്റൈൻ ഒരു രാഷ്ട്രീയായുധമായി. അതിൽ എന്റെ സഹപ്രവർത്തകർ ഉൾപ്പടെ പെട്ടു. പലരെയും ക്വാറന്റൈനിലാക്കി.

വിമാനത്താവളങ്ങളിലെത്തിയവരെ രഹസ്യപോലിസെന്ന പോലെ മാധ്യമങ്ങളും ഫോളോ ചെയ്യാൻ നിർബന്ധിതരായി. പുറത്ത് നിന്നെത്തി വീടുകളിൽ ക്വാറന്റൈനിൽ കഴിഞ്ഞവർ പുറത്തേക്കിട്ട ടിഷ്യൂപേപ്പറും ഭക്ഷണം പൊതിഞ്ഞ കടലാസുകളും വരെ കൊവിഡ് പരത്തുന്നുവെന്ന് പറഞ്ഞ് ഓഫീസുകളിലേക്ക് നിരന്തരം കോളുകളെത്തി. പലരും ഭയത്താൽ ഒരു മാനസികമായ പൊട്ടിത്തെറിയുടെ വക്കിലായിരുന്നു. ആയിടെ ഗൾഫിൽ നിന്നെത്തിയ സുഹൃത്തിന്റെ ഭാര്യയും കുട്ടികളും ഭീഷണിയാണെന്ന് അയൽവാസികൾ പരാതിപ്പെട്ടു. രണ്ട് കൂട്ടരും മെഡിക്കൽ വിദ്യാഭ്യാസം നേടിയവരായിരുന്നു. കഷ്ടം!


പല പ്രദേശങ്ങളും കലാപപ്രദേശങ്ങളെന്ന പോലെ വിജനമായി. വടകരയിൽ ഒരു നഴ്സ് കയറിയിറങ്ങിയ 40 കടകൾ പൂട്ടിയിട്ടത് ഒരു മാസത്തോളം. ആ സമ്പർക്കത്തിൽ ഒരാൾ പോലും പോസിറ്റീവായില്ല. പോലിസിംഗ് മാരകമായിരുന്നു. മാധ്യമപ്രവർത്തകരും ആരോഗ്യപ്രവർത്തകരും

സഞ്ചാരത്തിന് പ്രിവിലേജുള്ളവരായെന്ന് ജനം അസൂയപ്പെട്ടു.

പിന്നെ പല ബ്യൂറോകളിലേക്കും കൊവിഡ് കടന്നുവന്നു. മൈക്കിനപ്പുറവും ഇപ്പുറവും നിന്ന പലരും കൊവിഡ് ബാധിതരായി. മലപ്പുറത്തടക്കം പലയിടങ്ങളിലും മാധ്യമപ്രവർത്തകർ സമ്പർക്ക സാധ്യതയുടെ സംശയനിഴലിലായി.

അവരെ കണ്ടവരും കാണാത്തവരും ക്വാറന്റൈനിലായി.

ലക്ഷണങ്ങളില്ലാത്തവരെ പരിശോധന ഒറ്റു കൊടുത്തു. നിപ്പ കാലത്ത് ഇത്തരമൊരു അവസ്ഥയിലൂടെ കോഴിക്കോട്ടെ ചില മാധ്യമപ്രവർത്തകർ കടന്നു പോയിരുന്നു. സ്ക്രീനിൽ പലരും ജീവിതത്തിലാദ്യമായി മാസ്കുകളിട്ട് പ്രേക്ഷകന് മുഖം കൊടുക്കാതെ നിന്നു. സ്വന്തം കൈയിലിരിക്കുന്ന മൈക്ക് പോലും ഒരു സാംക്രമികജീവിയാണോയെന്ന് ടെലിവിഷൻ റിപ്പോർട്ടർ പേടിക്കാൻ തുടങ്ങി. പലരും വീട്ടിലേക്ക് പോകാൻ മടിച്ചു. കുഞ്ഞുങ്ങളിൽ നിന്നും അകന്നു.




അതിനിടയിലാണ് കരിപ്പൂരിൽ വിമാന അപകടമുണ്ടായത്. നാട്ടുകാരായ നല്ല ശമരിയക്കാർക്ക് പ്രോട്ടോക്കോൾ ആകുലതയില്ലായിരുന്നു. അത്

കൊണ്ട് മാത്രം 150ഓളം പേർക്ക് തക്കസമയത്ത് രക്ഷപ്പെടാനായി. ആ രാത്രി പുലരും വരെ കോഴിക്കോട്ടെ ആശുപത്രികളിലും കാഷ്വാലിറ്റികളിലും മരണത്തെ മുഖാമുഖം കണ്ട് രക്ഷപ്പെട്ട  പലരോടും സംസാരിച്ചു. ഒറ്റത്തുണി മാസ്ക് മാത്രമാണപ്പോൾ മുഖത്തുണ്ടായിരുന്നത്. പ്രവാസികളോടന്നാണാദ്യമായി മലയാളി അനുഭാവത്തോടെ പെരുമാറിയത്. അതു വരെ അവർ നമുക്ക് മരണവ്യാപാരികളായിരുന്നു. നമ്മുടെ ക്വാറന്റയിൻ കേന്ദ്രങ്ങളിലെ ഗിനിപ്പന്നികളായിരുന്നു. അവരിലാണ് നമ്മളാദ്യം എല്ലാ കൊവിഡ് പ്രോട്ടോക്കോളുകളും പരീക്ഷിച്ചത്. കോഴിക്കോട്ടെ ബീച്ചാശുപത്രിയിൽ നിന്നടക്കം പലരും വിളിച്ചു. പൊതു ശുചിമുറികൾ കൊവിഡ് പരത്തുമെന്നായിരുന്നു പലരുടെയും ആശങ്ക. ഒപ്പം പലരും മരണഭയത്താലും വിങ്ങിപ്പൊട്ടി. ലാബുകളുടെ മുന്നിൽ ക്യൂ നിന്ന പലരും പരസ്പരം സംശയിച്ചു.

ഒരു ലജ്ജയുമില്ലാതെ പലരുടെയും റൂട്ട് മാപ്പ് തേടിപ്പോയി അന്ന്  ആരോഗ്യപ്രവർത്തകരും പോലിസും ഒപ്പം മാധ്യമപ്രവർത്തകരും. അന്നേരത്തെ ന്യായങ്ങളാണ് എപ്പോഴും നമ്മുടെയൊക്കെ ന്യായങ്ങൾ. എങ്കിലും അത് തെറ്റായിരുന്നുവെന്നാണിപ്പോൾ തോന്നുന്നത്.

ഒരു രാത്രി.  ചുമയും നേരിയ പനിയും തുടങ്ങി ഭാര്യയ്ക്ക്.  കൊവിഡല്ലേയെന്ന് സംശയം പ്രകടിപ്പിച്ചപ്പോൾ  ഭാര്യ പറഞ്ഞു,

മഴ കൊണ്ടിരുന്നു. അതാകും. കുട്ടികളെ മുകൾ നിലയിലേക്ക് മാറ്റി.  3 ദിവസം കഴിഞ്ഞപ്പോൾ എനിക്കും കൺപീളയും നേരിയ ചുമയും തൊണ്ടവേദനയുമുണ്ടായി. നമുക്കൊന്ന് ടെസ്റ്റ് ചെയ്താലോയെന്നായി. പോസിറ്റീവായത് അവൾ. ആന്റിജന്റെ കൃത്യതയില്ലായ്മയിൽ നിന്ന ഞാൻ രക്ഷപ്പെട്ടതാകാം. പക്ഷെ അവളെ അത് ശരിക്കും ബുദ്ധിമുട്ടിച്ചു. ഓക്സി മീറ്ററിൽ പലപ്പോഴും ലെവൽ 94 ന് താഴേക്ക് പോയി.



സഹപാഠിയായ  ഡോ . ബിജുനേഷ് തന്ന ധൈര്യമായിരുന്നു പ്രധാനം . അതിനകം ടെലിവിഷനിൽ കൊവിഡ് രോഗീസംരക്ഷകർ ചമഞ്ഞ ചില ഡോക്ടർമാരെങ്കിലും അത്യാവശ്യത്തിന് വിളിച്ചപ്പോൾ കൈയൊഴിഞ്ഞു. ആശുപത്രികളിലെ അനുഭവക്കുറിപ്പുകൾ അങ്ങോട്ട് പോകുന്നതിൽ നിന്ന് മനസ്സിനെ പിടിച്ച് വലിച്ചു. പന്ത്രണ്ടാം പക്കം നെഗറ്റിവായി.

ഓരോ മനുഷ്യനും ഓരോ ദ്വീപുകളാവുന്നു ഇക്കാലത്ത്. പരസ്പരം സംശയിക്കാൻ നമുക്കൊരു പുതിയ കാരണമായി. വൈറസ്.

എന്റെ പ്രിയപ്പെട്ട അധ്യാപകൻ ഗോപാലൻ മാഷുടെ ജീവിതം ഇക്കാലത്താണ് മുറിഞ്ഞ് പോയത്. മാഷ് ദാമ്പത്യം തുടങ്ങിയത് തന്നെ ഏതാണ്ട് റിട്ടയർമെന്റ് പ്രായത്തിൽ. കാലിൽ ഒരു വ്രണത്തിന്  ഭാര്യക്ക്  ചികിൽസ തേടിപ്പോയതാണ് . വ്രണമുണങ്ങിയില്ല. പരിശോധനയിൽ രക്താർബുദം .

വിദഗ്ധ ചികിൽസ  അമൃത ആശുപത്രിയിൽ വിളിച്ചുറപ്പ് വരുത്തി. കൂട്ടിരുപ്പുകാരുടെ ആന്റിജൻ പരിശോധനയിൽ ഗോപാലൻ മാഷ് പോസിറ്റിവായി. മാഷിനെ ക്വാറന്റയിൻ കേന്ദ്രത്തിലേക്ക് മാറ്റി. ഭാര്യ ഐസിയുവിലും. ഇടയ്ക്ക് മാഷ് വിളിച്ചു. ഭാര്യയ്ക്ക്  സീരിയസാണെന്ന് കൊവിഡ് വാർഡിലെ ഡോക്ടർ പറയുന്നു. ഒന്നന്വേഷിക്കാമോ?

ഗുരുതരമാണെന്ന് സുഹൃത്ത് ഡോ. വിവേക്  പറഞ്ഞപ്പോൾ മാഷെ തിരിച്ച് വിളിക്കാൻ മടിച്ചു. അടുത്ത ദിവസം രാത്രി മാഷ് വിളിച്ചു പറഞ്ഞു. അവൾ പോയി.

മാഷപ്പോഴും കൊവിഡ് വാർഡിൽ. ആരോ മൃതദേഹം കൊണ്ട്പോയി. പാലക്കാട്ട് സംസ്കരിച്ചു. മാഷ് കൊവിഡ് നെഗറ്റിവാകാൻ ദിവസങ്ങളെടുത്തു. മാഷെപ്പോഴും  ഭാര്യയെക്കുറിച്ച് മാത്രം സംസാരിച്ചു. അവരുടെ ജീവനകന്ന മുഖത്തിന്റെ ഓർമ്മ നൽകാതെ മാഷിനും ഭാര്യയ്ക്കുമിടയിൽ കൊവിഡ് മതിൽ കെട്ടി നിന്നു. മാഷിന്റെ അവരെക്കുറിച്ചുള്ള അവസാനത്തെ ഓർമ്മ അവരുടെ ചിരിക്കുന്ന മുഖത്തിന്റെ ഓർമ്മയാകട്ടെ.

രണ്ടാം തരംഗത്തിൽ  പല അടുത്ത സുഹൃത്തുക്കളുടെയും രക്ഷിതാക്കൾക്ക് വേണ്ടി പല തവണ ആശുപത്രിക്കാരോട് വെന്റിലേറ്ററിനായി കെഞ്ചി. ഒടുക്കം ചിലർ ആംബുലൻസ് വെന്റിലേറ്റർ ഊരി ഘടിപ്പിച്ചു. ആത്മവിശ്വാസത്തിന്റെ കൊടുമുടിയായിരുന്ന വിനോദ് മിത്രനെന്ന സുഹൃത്തും കൊവിഡ് വന്നു മരിച്ചു. ദീവസങ്ങളോളം ആ വാർത്ത വിശ്വസിക്കാൻ മടിച്ചു.

മാതൃഭൂമിയിലെ വിപിൻചന്ദിന്റെ മരണവും അങ്ങിനെയൊന്നാണ്

മരണം പലരെയും കൊണ്ട്പോയി. ഉദാസീനമായി അതിനെ നോക്കിക്കാണാൻ പഠിച്ചു വരുന്നു.

ദിവസവും ദുരിതവാർത്തകളും ആകുലതകളും നിരാശയും മാത്രമാണ് കണ്ടതും കേട്ടതും. ആത്മവിശ്വാസത്തിന് മേൽ പലപ്പോഴും ചാരനിറം പടർന്നു. ഈ കെട്ട കാലവും കടന്നു പോകണം. അതിജീവിക്കാതെ തോറ്റ് പോയവരെക്കുറിച്ച്  നമുക്കോർക്കാം. മനുഷ്യനെന്ന ജീവി തോറ്റവരുടെ ചരിത്രം കൂടി  പേറുന്നവനാണ്...

●

COVER STORY



അരവിന്ദ് വേണുഗോപാൽ
ഫൊട്ടോഗ്രഫർ
മലയാള മനോരമ

**കോവിഡ് കാലത്തെ ‘അകലം കൂട്ടിയ കാലം’ എന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. ഇത് സാമൂഹിക അകലത്തിന്റെ കാലമായി മാറിയിരിക്കുകയാണല്ലോ. അകലക്കൂടുതലിനെ അടുപ്പക്കൂടുതലായും കാണാം. അടുപ്പമുള്ളവർക്ക് ആപത്തുണ്ടാകാതിരിക്കാൻ അകലം അവിഭാജ്യ ഘടകമായിരിക്കുന്നു. ഫൊട്ടോഗ്രഫിയെ ‘അറസ്റ്റിങ് ദ് മൊമന്റ്’ എന്നു പറയാറുണ്ട്. ഇപ്പോൾ അകലമാണ് താരം. പിന്നെ സൂം ലെൻസും. അകലങ്ങളിൽ നിന്നുകൊണ്ട് അവിസ്മരണീയ നിമിഷങ്ങൾ ഒപ്പിയെടുക്കുന്നതിലേക്ക് കോവിഡ് കാലം ഫൊട്ടോഗ്രാഫർമാരെ മാറ്റിയിരിക്കുന്നു.**

# സാമൂഹിക അകലവും സൂം ലെൻസും

## വെല്ലുവിളിയുടെ കാലം

മാധ്യമപ്രവർത്തകരെ സംബന്ധിച്ച് സംഭവം നടക്കുന്ന സ്ഥലങ്ങളിൽ നേരിട്ടെത്തി ചിത്രങ്ങൾ പകർത്തുക, വാർത്ത റിപ്പോർട്ട് ചെയ്യുക എന്നത് കോവിഡ് കാലത്തെ വലിയ വെല്ലുവിളിയാണ്. ചുറ്റും കൂടുന്നവരിൽ നിന്ന് സാമൂഹിക അകലം പാലിച്ചും സ്വയം സുരക്ഷയും മറ്റുള്ളവരുടെ രക്ഷയും മുന്നിൽകണ്ടും വേണം പ്രവർത്തിക്കാൻ. ഒപ്പം കോവിഡ് പ്രോട്ടോക്കോളും. ആശുപത്രികളിൽ കയറിയിറങ്ങി ചിത്രങ്ങൾ പകർത്തുമ്പോഴും കോവിഡ് ബാധിതരെ ചികിത്സിക്കുന്ന കേന്ദ്രങ്ങളിലും ക്വാറന്റീൻ സെന്ററുകളിലും ചെല്ലുമ്പോഴും ജീവിതത്തിന്റെ വിവിധ അവസ്ഥകളാണ് കാണുന്നത്. ആളുകൾ നാലു ചുവരുകൾക്കുള്ളിലേക്ക് ഒതുക്കപ്പെട്ടപ്പോൾ, നിശ്ചലമായ ലോകത്തിന്റെ ചലനമില്ലാത്ത ചിത്രങ്ങൾ ആളുകൾക്കു മുന്നിലേക്ക് എത്തിക്കുകയാണ് ഈ കാലഘട്ടത്തിൽ ഓരോ ഫൊട്ടോഗ്രാഫറും ചെയ്തത്.

## ജാഗ്രതയുടെ തുടക്കം

ഇറ്റലിയിൽ നിന്ന് റാന്നിയിലെത്തിയ കുടുംബത്തിലുള്ളവർ കോവിഡ് പോസിറ്റീവായപ്പോൾ തന്നെ പത്തനംതിട്ട ജില്ലയിൽ കോവിഡിനെതിരെ അതീവ ജാഗ്രതയും കരുതലും സ്വീകരിച്ചിരുന്നു. ഇറ്റലിയിൽ നിന്നെത്തിയവരുടെ പ്രായമായ മാതാപിതാക്കളെ നെഗറ്റീവായ ശേഷം ആശുപത്രിയിൽ നിന്ന് വീട്ടിലേക്ക് മാറ്റുന്നതിന്റെ ചിത്രം പകർത്തുന്നതിനായി വിവിധ മാധ്യമങ്ങളിലെ ഫൊട്ടോഗ്രാഫർമാർ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എത്തിയിരുന്നു. ആശുപത്രി അധികൃതർ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ചെയ്തിരുന്നു. മാധ്യമപ്രവർത്തകർക്ക് നിശ്ചിത അകലത്തിനപ്പുറത്തേക്ക് പ്രവേശനമുണ്ടായിരുന്നില്ല. എങ്കിലും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു ചിത്രങ്ങൾ പകർത്തുകയും ഒപ്പം സ്വന്തം സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് മാധ്യമപ്രവർത്തകരുടെ ഉത്തരവാദിത്തമായിരുന്നു. ചിത്രങ്ങൾ പകർത്തുന്നതിന് മുൻകാലങ്ങളിൽ ലഭിച്ചിരുന്ന സ്വാതന്ത്ര്യം വിലക്കപ്പെട്ടുവരുന്നതിന്റെ തുടക്കമായിരുന്നു ഇത്.

## കരുതലോടെ ജോലി

ഇറ്റലിയിൽ നിന്നെത്തിയവരുടെ മാതാപിതാക്കൾ മഹാമാരിയെ അതിജീവിച്ച് തിരിച്ചെത്തിയ



ത് കേരളക്കരയ്ക്കു മുഴുവൻ ആശ്വാസത്തിന്റെ നിമിഷമായിരുന്നു. ഇവരുടെ ചിത്രം പകർത്തുന്നതിനുവേണ്ടി റാന്നിയിലെ വീട്ടിൽ ചെല്ലുകയുണ്ടായി. അതീവ ജാഗ്രതയിലും കരുതലിലുമാണ് പോയത്. റിവേഴ്സ് ക്വാറന്റീനിലായിരുന്നു അവർ. രോഗവ്യാപനത്തിന്റെ ഭീകരതയോ ഇത് എങ്ങനെ വ്യാപിക്കുമെന്നോ ആർക്കും ധാരണയില്ല. പ്രായമായ പിതാവും മാതാവും രോഗത്തിന്റേതായ വെല്ലുവിളികളെ നേരിടുന്നുണ്ടായിരുന്നു. എന്തു ചിത്രമാണ് പകർത്തേണ്ടത്, അവരുടെ മാനസികാവസ്ഥ എന്തായിരിക്കും എന്ന കാര്യങ്ങളിൽ വ്യക്തതയില്ലാതെയാണ് അവിടേക്ക് പോയത്. എങ്കിലും ശാരീരികമായ ബുദ്ധിമുട്ടിനിടയിലും അവർ ക്യാമറയ്ക്കു മുന്നിൽ വന്നു. വീടിനുള്ളിലേക്ക് കയറാതെ ഒരു മതിലിനപ്പുറം നിന്നു ചിത്രങ്ങൾ പകർത്തി. തിരിച്ചിറങ്ങുമ്പോൾ മനസ്സിൽ ചെറിയ ഭയം ഉണ്ടായിരുന്നു. അസുഖം ബാധിക്കുമോയെന്ന ഭയം. പക്ഷെ ഇത് ജോലിയുടെ ഭാഗമാണ്. ആയിരം വാക്കുകൾക്ക് പറയാനാകാത്തത് ഒരു ചിത്രത്തിനു പറയാൻ കഴിയുമെന്നാണല്ലോ.

## കോവിഡ് കാലത്തെ വെള്ളപ്പൊക്കം

2020 ഓഗസ്റ്റിൽ പത്തനംതിട്ടയിലെ വിവിധയിടങ്ങളിൽ നദികൾ കരകവിഞ്ഞത് ആശങ്കകൾക്ക് വഴിവച്ചു. മഴക്കെടുതിയുടെയും വെള്ളപ്പൊക്കത്തിന്റെയും ചിത്രങ്ങൾ പകർത്തുന്നതിനുവേണ്ടി ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് പുറപ്പെട്ടു. ആറന്മുളയിൽ കൊല്ലത്തുനിന്നും രക്ഷാപ്രവർത്തനത്തിനുവേണ്ടി മത്സ്യബന്ധന ബോട്ടുകൾ എത്തിയിരുന്നു. അവിടെ ആൾക്കൂട്ടത്തിന്റെ ഇടയിലൂടെയാണ് ചിത്രങ്ങൾ പകർത്തിയത്. തിരിച്ചുപോകാനൊരുങ്ങുമ്പോഴാണ് അറിഞ്ഞത് ഈ ഭാഗം കണ്ടെയ്ൻമെന്റ് സോൺ ആയിരുന്നുവെന്ന്. ആ മൂന്ന് ദിവസങ്ങളിൽ വിവിധ മേഖലകളിലെ കണ്ടെയ്ൻമെന്റ് സോണുകളിലൂടെയാണ് യാത്രചെയ്തത്. മഴ പെയ്ത

ചിത്രങ്ങൾ:
**അരവിന്ദ് വേണുഗോപാൽ**

## ആശങ്കയുടെ നിഴൽവീണ ഒറ്റമുറികൾ

ചിലർ ജനാലക്കമ്പികളിൽ കൈചേർത്തു പിടിച്ച് വിദൂരതയിലേക്ക് നോക്കിനിൽക്കുന്നു...മറ്റുചിലർ ഉറക്കം വരുന്നില്ലെങ്കിലും ഉറങ്ങുന്നു എന്ന വിധത്തിൽ കിടക്കുന്നു... കുറച്ചുപേർ കോവിഡ് ടെസ്റ്റ് റിസൾട്ട് വരുന്നതും കാത്തിരിക്കുന്നു...ടെസ്റ്റിനെത്തിയ കൊച്ചുകുട്ടികൾ ഭയന്നു കരയുന്നു.. അവർക്കിടയിലൂടെ പിപിഇ കിറ്റ് ധരിച്ച് നഴ്സുമാരും ആരോഗ്യപ്രവർത്തകരും.

കോവിഡ് പോസിറ്റീവായി ചികിത്സയിൽ കഴിഞ്ഞ ദിനങ്ങളിൽ കോവിഡ് സെന്ററിൽ കണ്ട മുഖങ്ങളിൽ പലതിലും ആശങ്കയും ഭീതിയുമായിരുന്നു നിഴലിച്ചിരുന്നത്. രോഗത്തെപ്പറ്റിയുള്ള ഭയവും ഉറ്റവരെപ്പറ്റിയുള്ള ആശങ്കകളും ഓരോരുത്തരുടെയും മുഖത്തുണ്ട്. ഇതുവരെ വിശ്രമമില്ലാതെ ജീവിച്ചവർ രോഗത്തിൽപെട്ട് ഒരുമുറിക്കുള്ളിൽ ഒതുങ്ങിക്കൂടുന്നതിന്റെ അസ്വസ്ഥത അവരുടെ പെരുമാറ്റത്തിലും ചിന്തകളിലും ഉണ്ടായിരുന്നു. ഇവരെ പരിചരിക്കുന്ന ആരോഗ്യപ്രവർത്തകരും ഇവർക്കൊപ്പം താങ്ങും തണലുമായി നിന്നു. സുരക്ഷയും പരിചരണവും ഒരുക്കുന്നതിനായി ജീവൻപോലും പണയപ്പെടുത്തി ഇവർ സേവനംചെയ്യുന്നതിന്റെ ദൃശ്യങ്ങൾ ഇപ്പോഴും മനസ്സിലുണ്ട്. ഇതിൽ പലതും കോവിഡ് ബാധിതനായി കിടന്ന പത്ത് ദിനങ്ങളിൽ ക്യാമറയിൽ പകർത്തുകയും ചെയ്തിരുന്നു.



രോഗവ്യാപനത്തിന്റെ ഭീകരതയോ ഇത് എങ്ങനെ വ്യാപിക്കുമെന്നോ ആർക്കും ധാരണയില്ല. പ്രായമായ പിതാവും മാതാവും രോഗത്തിന്റേതായ വെല്ലുവിളികളെ നേരിടുന്നുണ്ടായിരുന്നു. എന്തു ചിത്രമാണ് പകർത്തേണ്ടത്, അവരുടെ മാനസികാവസ്ഥ എന്തായിരിക്കും എന്ന കാര്യങ്ങളിൽ വ്യക്തതയില്ലാതെയാണ് അവിടേക്ക് പോയത്. എങ്കിലും ശാരീരികമായ ബുദ്ധിമുട്ടിനിടയിലും അവർ ക്യാമറയ്ക്കു മുന്നിൽ വന്നു

പ്പോൾ കയറിനിന്ന വീടുകളിൽപോലും ക്വാറന്റീനിൽ കഴിയുന്നവർ ഉണ്ടായിരുന്നു.

## തിരഞ്ഞെടുപ്പെന്ന വെല്ലുവിളി

വിവിധ രാഷ്ട്രീയ പാർട്ടികളുടെ ധർണ, പൊലീസ് ലാത്തി ചാർജ് എന്നിവ പകർത്തുന്നതിനായി ആൾക്കൂട്ടത്തിനിടയിലേക്ക് കയറിച്ചെല്ലേണ്ടി വന്നിട്ടുണ്ട്. ഒപ്പം തദ്ദേശ തിരഞ്ഞെടുപ്പും നിയമസഭാ തിരഞ്ഞെടുപ്പും കവർ ചെയ്തു. അന്ന് തിരഞ്ഞെടുപ്പിന്റെ ചൂടിലായിരുന്നു ജില്ല. പ്രചാരണ പരിപാടികൾ തകൃതിയായി നടക്കുന്ന സമയം. മിക്കയിടങ്ങളിലും കോവിഡ് പ്രോട്ടോക്കോളുകൾ കാറ്റിൽ പറത്തിയായിരുന്നു അണികളുടെ പ്രചാരണം. സ്ഥാനാർഥികൾ വോട്ടഭ്യർഥിച്ച് മണ്ഡലത്തിലെ വിവിധ മേഖലകളിൽ സന്ദർശനം നടത്തുന്നു. ജില്ലയിലെ എല്ലാ മേഖലകളിലും കടന്നുചെന്ന നാളുകൾ. ആഴ്ചകൾ നീണ്ടുനിന്ന പ്രചാരണ പരിപാടി കോവിഡ് സമയത്ത് കവർ ചെയ്യുകയെന്നത് വലിയ വെല്ലുവിളി ഉയർത്തുന്നതായിരുന്നു.

## നഷ്ടപ്പെട്ട യാത്രകൾ

മഹാമാരിക്കു മുൻപ് വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ത ചിത്രങ്ങൾ പകർത്തുന്നതിനായി ധാരാളം യാത്ര ചെയ്തിരുന്നു. ഇന്ന് ഏറ്റവുമധികം മിസ് ചെയ്യുന്നതും ഈ യാത്രകളാണ്. യാത്രയ്ക്കിടയിൽ റോഡരികിലെ തട്ടുകടകളിൽ നിന്നായിരുന്നു ഭക്ഷണം. ഇന്ന് ഇവയൊക്കെയും സാമൂഹിക അകലത്തിലും കോവിഡ് പ്രോട്ടോക്കോളിലും പെട്ട് കൈമോശം വന്നുപോയിരിക്കുന്നു. സഞ്ചരിക്കുന്ന വഴികളിൽ കണ്ടുമുട്ടുന്ന വ്യക്തികളും അവിചാരിതമായി കണ്ണിലുടക്കുന്ന ഫ്രെയിമുകളും ഒട്ടേറെ കഥകൾ പറയുന്ന കുന്നുകളും കാടുകളും ഒരു വിളിക്കപ്പുറം ക്യാമറക്കണ്ണുകളെയും കാത്തിരിക്കുകയാണ്... ●




### കോവിഡ് കാലത്ത് നിയമസഭാതിരഞ്ഞെടുപ്പ് റിപ്പോർട്ട് ചെയ്യാൻ ബംഗാളിലെത്തിയ അനുഭവം

# അകലം പാലിക്കാത്ത ബംഗാൾ അടുത്തുകണ്ടപ്പോൾ



**സാക്കിർ ഹുസൈൻ**
സ്പെഷൽ കറസ്പോണ്ടന്റ്
മലയാള മനോരമ

**കേരളത്തിൽനിന്നു കിട്ടിയ ആർടിപിസിആർ പരിശോധനാ ഫലം നോക്കിയത് നെടുമ്പാശേരി എയർപോർട്ടിൽ മാത്രം. കൊൽക്കത്തയിൽ ഇറങ്ങിയപ്പോൾ അവിടെയാർക്കും സർട്ടിഫിക്കറ്റൊന്നും വേണ്ട. മാസ്ക് ധരിച്ച മുഖങ്ങൾ മാത്രം കണ്ട കേരളത്തിലെപ്പോലെയല്ല പുറത്തെത്തിയപ്പോഴുള്ള കാഴ്ച. മാസ്കുള്ളവർ കുറവ്. മാസ്കില്ലാത്തവരെ ആരും തടഞ്ഞു നിർത്തുന്നില്ല, പിഴയിടുന്നില്ല. താക്കീതു പോലും കാണാനില്ല. കോവിഡ് എത്താത്ത നാട്ടിലാണോ വന്നതെന്നു തോന്നി.**

ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പ് റിപ്പോർട്ട് ചെയ്യാൻ ചെന്നിറങ്ങി ആദ്യ കാഴ്ചകൾ തന്നെ അങ്ങനെ അദ്ഭുതപ്പെടുത്തുന്നതായി. പിന്നെ ഏതാനും ആഴ്ചകൾ മിക്ക പകലും വലിയ ആൾക്കൂട്ടങ്ങൾക്കു നടുവിലായിരുന്നു. മാസ്ക് വച്ചവർ കുറവായ റാലികൾ, സമ്മേളനങ്ങൾ... കേരളത്തിൽ ശീലിച്ച മുൻകരുതലുകൾ വിടാതിരുന്നതായിരുന്നു ധൈര്യം.

രണ്ടാഴ്ച പശ്ചിമ ബംഗാളിൽ യാത്ര ചെയ്തു തിരഞ്ഞെടുപ്പ് വാർത്തകളെഴുതണം. കോവിഡ് കാലമാണ്, എല്ലാ കരുതലുമെടുക്കണമെന്ന് നിർദേശമുണ്ടായിരുന്നു. ഫോട്ടോഗ്രാഫർ ജോസ്കുട്ടി പനയ്ക്കലാണ് കൂടെ വരുന്നത്. കരുതലിൽ ജോസ്കുട്ടി കഴിഞ്ഞേയുള്ളൂ ഞാൻ.

ദിവസവും യാത്രയുണ്ടാവും. പല ടാക്സികൾ വിളിക്കുന്നതിൽ കുറച്ച് അപകടമുണ്ട്. ശരിയായി അണുമുക്തമാക്കിയിട്ടുണ്ടാവില്ല. ഇവിടെനിന്നു പുറപ്പെടുന്നതിനു മുൻപേ ജോസ്കുട്ടി അതിനു പരിഹാരം നിർദേശിച്ചു: പ്രമുഖ ഓൺലൈൻ റെന്റ് എ കാർ സ്ഥാനങ്ങളിൽ നിന്ന് കാർ വാടകയ്ക്ക് എടുക്കാം.


പക്ഷേ, സ്വയം ഓടിക്കേണ്ടിവരും. ദിവസം നൂറുകണക്കിനു കിലോമീറ്റർ വണ്ടിയോടിക്കുക, ഒപ്പം റിപ്പോർട്ടിങ്ങും. ഒട്ടും എളുപ്പമല്ലല്ലോ. പക്ഷേ, ജോസ്കുട്ടി പിന്നോട്ടില്ല. ബംഗാൾ ഹൈവേകളിൽ, പായുന്ന ട്രക്കുകൾക്കിടിയിലൂടെ വണ്ടിയോടിക്കുന്നത് സങ്കൽപിച്ചു നോക്കി. ഒട്ടും രസം തോന്നിയില്ല. പക്ഷേ, കോവിഡിന്റെ കാര്യമോർത്താൽ ടാക്സി യാത്രയെക്കാൾ സുരക്ഷിതം എന്നോർത്ത് സമാധാനിച്ചു.

മാർച്ച് ഒന്നിനാണ് കൊൽക്കത്തയിൽ എത്തിയത്. ആ സമയത്ത് ബംഗാളിൽ കോവിഡ് കേസുകൾ താരതമ്യേന കുറവാണെന്ന് അറിഞ്ഞപ്പോൾ അദ്ഭുതം തോന്നി. കേരളത്തിലെയത്ര 'അടിയന്തരാവസ്ഥ' ഇല്ലാഞ്ഞിട്ടും? പിന്നെ മനസ്സിലായി. കേസുകൾ കണക്കിൽ ഇല്ലെന്നേയുള്ളൂ. പരിശോധന കുറവാണെന്നതു തന്നെ കാരണം. കൊൽക്കത്തയിലും മറ്റു പ്രധാന നഗരങ്ങളിലുമാണ് പോസിറ്റിവ് കേസുകൾ കൂടുതൽ. ഗ്രാമങ്ങളിൽ പലയിടത്തും പരിശോധനാ ലാബുകൾ തന്നെയില്ല.

കൊൽക്കത്തയിലെ ഹോട്ടലുകളിൽ പോലും കാര്യമായ മുൻകരുതലുകൾ ഉണ്ടായിരുന്നില്ല. ചിലയിടത്തൊക്കെ വാതിലിൽ സാനിറ്റൈസർ വച്ചിരുന്നു. ചൂടളക്കൽ പലയിടത്തുമില്ല. ഹോട്ടലുകളിലെക്കാൾ എത്രയോ കൂടുതൽ ആളുകൾ എത്തുന്ന തിരഞ്ഞെടുപ്പ് പരിപാടികളിലെ കാര്യം അതിലുമെത്രയോ വിചിത്രമാണെന്നു പിന്നെ കണ്ടു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ തിരഞ്ഞെടുപ്പ് റാലികളിൽ ആദ്യത്തേത് കൊൽക്കത്ത ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിലാണെന്നറിഞ്ഞ് തലേന്ന് അവിടെയൊന്നു പോയി നോക്കി. ഒരുക്കങ്ങൾക്കു തന്നെ പന്തൽ പണിക്കാരും നേതാക്കളും പ്രവർത്തകരും പോലീസുമൊക്കെയായി വലിയ കൂട്ടം. അവിടെയും നേതാക്കൾ ഉൾപ്പെടെ മാസ്കില്ലാത്തവർ ഏറെ. റാലിയിൽ 5 ലക്ഷംപേർ എത്തുമെന്നാണ് നേതാക്കൾ പറഞ്ഞിരുന്നത്. അവരിൽ എത്രപേർക്കുണ്ടാവും മാസ്ക്? എങ്ങനെ നിയന്ത്രിക്കും? പിറ്റേന്ന് അതു വലിയ കാഴ്ചയായിരിക്കുമല്ലോ എന്നു തോന്നി.

പക്ഷേ, റാലി ദിവസം മാസ്കില്ലാത്തവരെ തടയാനോ മാസ്ക് നൽകാനോ ഒരേർപ്പാടുമില്ല. ആ






ജോസ്കുട്ടി പനയ്ക്കലും സാക്കിർ ഹുസൈനും കൊൽക്കത്തയിലെ നേതാജി സുഭാഷ് ചന്ദ്രബോസ് വിമാനത്താവളത്തിൽ

ളുകൾ രാവിലെ മുതൽ ഗ്രൗണ്ടിലേക്ക് ഒഴുകുന്നു. പൊരിവെയിലിൽ, ഈ ആൾക്കൂട്ടത്തിനിടയിലാണ് ഞങ്ങൾ. റിസ്കാണല്ലോ എന്ന ഭയമൊക്കെ പോയി. ഭയംകൊണ്ട് ഒരു പ്രയോജനവുമില്ല. ആളുകൾ ബാരിക്കേഡുകൾ തകർത്ത് മാധ്യമങ്ങളുടെ വളപ്പും കയ്യേറുന്നു, ക്യാമറ പിടിച്ചവരുടെ പോലും തോളിൽ പിടിച്ചു കയറി കാഴ്ച ഉറപ്പാക്കുന്നു. അഞ്ചര മണിക്കൂർ അവിടെ ചെലവിടേണ്ടിവന്നു. എന്ത് കോവിഡ്, എന്ത് റിസ്ക്! സാമൂഹിക അകലം, സാനിറ്റൈസർ, രണ്ടുപേർ തമ്മിൽ രണ്ടു മീറ്റർ തീണ്ടാപ്പാട് തുടങ്ങിയ ശാസനകളോർത്തു ചിരിച്ചു പോയി.

മമത ബാനർജിയുടെ റാലികളുടെ കഥയും ഇതു തന്നെ. മുഖ്യമന്ത്രിയുടെ കാൽനടയാത്ര തുടങ്ങുന്ന കവലയിലേക്ക് ആളുകൾ വാഹനങ്ങളിലും പദയാത്രയായും നേരത്തെ എത്തിത്തുടങ്ങും. മിക്കവരും ട്രക്കുകളിലാണ് വരവ്.

സാമൂഹിക (അകല) പാഠങ്ങളെപ്പറ്റി പിന്നെന്തിന് ഓർക്കണം. ആളുകൾ വന്നു റോഡെല്ലാം നിറഞ്ഞു കഴിയുമ്പോൾ മമത വരും. സുരക്ഷാ വാഹനങ്ങളുടെ വലയമുണ്ടാവും. പുറത്തിറങ്ങിയാൽ സുരക്ഷാ ഉദ്യോഗസ്ഥർ കൈകോർത്ത് ആളുകളെ അകറ്റി നിർത്തും. പക്ഷേ റാലി തുടങ്ങിയാൽ പിന്നെ മുന്നിൽ നീങ്ങുന്ന ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന അകലമേയുള്ളൂ. പിന്നിൽ ആളുകൾ വന്നുചേർന്നുകൊണ്ടിരിക്കും. മാസ്കുള്ളവർ കുറവ് - സ്വാഭാവികം.

മമതയോടു ചേർന്നു നടക്കാൻ കുറേ നേതാക്കളും അന്നന്നു പാർട്ടിയിൽ ചേർന്നു സ്ഥാനാർഥികളായ സിനിമാ താരങ്ങളുമുണ്ടാവും. വഴിയോരങ്ങളിൽ അഭിവാദ്യം അർപ്പിക്കാനുമുണ്ട് വലിയ കൂട്ടങ്ങൾ. അകലവും മാസ്കുമില്ലാതെ അവരും ഞെരുങ്ങി നിൽക്കുന്നു.

തിരഞ്ഞെടുപ്പ് റാലികൾ തുടങ്ങിയതോടെ ബംഗാളിൽ കോവിഡ് കേസുകളുടെ എണ്ണം ഇരമ്പിക്കയറിയെന്ന ആരോഗ്യ വിദഗ്ധരുടെ വിശകലനം ദിവസവും പത്രങ്ങളിൽ കണ്ടു. പക്ഷേ, ഒരിടത്തും നിയന്ത്രണങ്ങൾ കടുത്തില്ല. പോസിറ്റിവ് കേസുകളുടെ എണ്ണം പല മടങ്ങായി പെരുകിക്കൊണ്ടിരുന്നു. തിരഞ്ഞെടുപ്പിന്റെ പേരിലുള്ള ആൾക്കൂട്ടങ്ങൾ തന്നെയാണ് അതിന്റെ പ്രധാന കാരണമെന്ന് എല്ലാ വിദഗ്ധരും ആവർത്തിച്ചെങ്കിലും ഒരു പാർട്ടിയും റാലികളും സമ്മേളനങ്ങളും ഒഴിവാക്കിയില്ല.

ഫെബ്രുവരി അവസാനമാണ് തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത്. അതുവരെയില്ലാത്ത വിധം 8 ഘട്ടമായി വോട്ടെടുപ്പ്. പ്രചാരണത്തിന് ഇത്രയേറെ സമയം കിട്ടിയത് ബംഗാളിലെ കോവിഡ് കേസുകളുടെ എണ്ണം പെരുകാൻ വലിയ കാരണമായെന്നാണ് ആരോഗ്യ വിദഗ്ധർ പറഞ്ഞത്. തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോഴേക്കും പോസിറ്റിവ് കേസുകൾ 48 മടങ്ങ് വർധിച്ചെന്നും വാർത്ത വന്നു.

തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച ഫെബ്രുവരി 26ന് ബംഗാളിൽ ആകെ 3343 ആയിരുന്നു പോസിറ്റിവ് കേസുകൾ. മേയ് പകുതിയിൽ 1.32 ലക്ഷം! പ്രധാന നേതാക്കൾ കൂടുതലായി ചുറ്റിയടിച്ച ഹൂഗ്ലി, പൂർവ ബർധമാൻ, പശ്ചിമ മേദിനിപ്പുർ, പൂർവ മേദിനിപ്പുർ, നദിയ, ഡാർജിലിങ്, മൂർഷിദാബാദ് ജില്ലകളിൽ പെരുക്കം 100 മടങ്ങ് വരെ. വൈറസിലെ ബംഗാൾ വകഭേദം കൂടുതൽ വ്യാപിച്ചതും തിരഞ്ഞെടുപ്പു കാലത്താണ്.

മൂന്നാമതും മുഖ്യമന്ത്രിയായ ഉടൻ മമത ബാനർജി മാധ്യമ പ്രവർത്തകരെ കോവിഡ് പോരാളികളായി പ്രഖ്യാപിച്ചിരുന്നു. തിരഞ്ഞെടുപ്പ് റിപ്പോർട്ട് ചെയ്യാനിറങ്ങിയ പ്രമുഖ മാധ്യമ പ്രവർത്തകർ ഉൾപ്പെടെ പലരും അതിനകം കോവിഡിനു കീഴടങ്ങിയതു കണ്ടതാവാം മുഖ്യമന്ത്രിയുടെ നടപടിക്കു കാരണം.

പര്യടനത്തിന്റെ അവസാന ഘട്ടത്തിൽ വടക്കൻ ബംഗാളിലേക്കു പോയത് ബിഹാർ, ഝാർഖണ്ഡ് വഴിയാണ്.

ബിഹാറിലെ ഒരു ചെറുപട്ടണത്തിൽ മുറിയെടുക്കുമ്പോൾ, കേരളത്തിൽനിന്നാണെന്ന് അറിഞ്ഞ് റിസപ്ഷനിസ്റ്റിന്റെ ചോദ്യം: കേരളത്തിൽ നിറയെ കോവിഡാണല്ലേ?! കൂടുതൽ പരിശോധനയും സാമൂഹിക അകലവും എവിടെയും കാണുന്ന സാനിറ്റൈസറും മാസ്ക് ധരിച്ച മുഖങ്ങളും മാത്രമാണ് അവർക്ക് കോവിഡിന്റെ അളവുകോൽ!

●

COVID
SPECIAL ISSUE





അതിജീവനം

# മരണം ഒരു കുഴൽക്കിണറാണെന്ന് കോവിഡ് പറഞ്ഞു




**കെ.എ. സൈഫുദ്ദീൻ**

സീനിയർ സബ് എഡിറ്റർ
മാധ്യമം


ഗതിയറ്റ് മരിച്ചവരുടെ ചിതയിൽ നിന്നുയരുന്ന കറുത്ത പുകയാൽ മരവിച്ചുപോയ മഹാനഗരങ്ങളിലെ ആശുപത്രികളിൽ പ്രാണവായു തേടി പിടഞ്ഞുവീഴുന്ന മനുഷ്യരുടെ വാർത്തകൾ മുന്നിൽ നിറയുമ്പോഴൊക്കെ എത്രയോ ഭാഗ്യവാന്മാരാണ് നമ്മളെന്ന് തോന്നിയിട്ടുണ്ട്. അത്രയും ഭീകരമായിരുന്നുവല്ലോ തെരുവുകളിലും നദികളിലും ശവങ്ങൾ നിറഞ്ഞുകവിഞ്ഞ കോവിഡിന്റെ രണ്ടാംവരവ്. കാഴ്ചകൾക്കിടയിൽ മരണത്തിന്റെ ഗുഹാമുഖം സന്ദർശിച്ചു മടങ്ങിവന്ന സ്വാനുഭവമൊക്കെ എത്രയോ നിസ്സാരം. എന്നിട്ടും കോവിഡിനെ നിസ്സാരമാക്കി തെരുവുകളിൽ തള്ളിക്കയറുന്ന മനുഷ്യരെ കാണുമ്പോൾ ഭയം തോന്നുന്നു. ഉടനെയൊന്നും ഇത് വിട്ടുപോകാൻ നമ്മൾ തന്നെ സമ്മതിക്കില്ലെന്ന് ഈ ആൾബഹളങ്ങൾ പറയുന്നു.

ഇന്ത്യയിൽ ആദ്യമായി കോവിഡ് സ്ഥിരീകരിച്ച പെൺകുട്ടിയെ വീണ്ടും കോവിഡ് പിടികൂടിയെന്ന വാർത്തകൂടി വന്നപ്പോൾ കോവിഡുമായി നടത്തിയ കള്ളനും പോലീസും കളിയുടെ ആദ്യനാളുകൾ വീണ്ടും ഓർമവന്നു. ചൈനയിലെ വുഹാനിൽ നിന്നാണല്ലോ കോവിഡ് അശ്വമേധം തുടങ്ങിയത്. അതേ വുഹാനിൽ പഠിക്കാൻ പോയ തൃശൂർ സ്വദേശിനിക്കാണ് ഇന്ത്യയിൽ തന്നെ ആദ്യമായി കോവിഡ്-19 സ്ഥിരീകരിച്ചത്. ഏതാണ്ട് ആ സമയത്തു തന്നെയാണ് അടിയന്തര ട്രാൻസ്ഫറായി ഞാനും തൃശൂർ എത്തുന്നത്. വടക്കാഞ്ചേരിക്കടുത്ത് വനമേഖലയിൽ രണ്ട് ഫോറസ്റ്റ് ഗാർഡുമാർ കാട്ടുതീയണയ്ക്കുന്നതിനിടയിൽ മരണപ്പെട്ടതും അതേസമയത്താണ്. അവരുടെ മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം ചെയ്ത തൃശൂർ മുളങ്കുന്നത്തുകാവിലെ മെഡിക്കൽ കോളജിൽ ഫോട്ടോഗ്രാഫർ ജോൺസേട്ടനൊപ്പം (ജോൺസൺ വി. ചിറയത്ത്) പോയപ്പോൾ മെഡിക്കൽ കോളജ് കാമ്പസിലെ ഒരു സെക്ഷൻ ചൂണ്ടിക്കാട്ടി ജോൺസേട്ടൻ തമാശ പറഞ്ഞു: 'അതുവഴിയൊന്നും പോകണ്ട കേട്ടാ... അവിടെയാ ആ കൊറോണ വന്ന കുട്ടിയെ അഡ്മിറ്റ് ചെയ്തേക്കണത്..' ഒരൊറ്റ രോഗിയെപ്പോലും വലിയ തലക്കെട്ടിൽ കണ്ടിരുന്ന കാലം..!

അന്നു മുതൽ ശരിക്കും കോവിഡും നമ്മളും തമ്മിൽ ഒരു കള്ളനും പോലീസും കളിയായിരുന്നു.

എപ്പോൾ വേണമെങ്കിലും പിടിവീണേക്കാമെന്ന ഭീഷണിയിൽ സാനിട്ടൈസറും പോക്കറ്റിലിട്ടായിരുന്നു നടപ്പ്. കൈകഴുകലും മാസ്ക്കുമൊക്കെയായി ട്രെയിനിലും ബസിലുമെല്ലാം തുടർന്ന യാത്ര... ഏതാണ്ട് എട്ടു മാസത്തോളം പിടിച്ചുനിന്നു എന്നതുതന്നെ ആശ്വാസം..

അതിനു മുമ്പ് ഒരു പ്രൈമറി കോണ്ടാക്ട് കാരണം ഒരാഴ്ച സെൽഫ് ക്വാറന്റൈയിനിൽ പോകേണ്ടിവന്നു. പലവട്ടം ആർടിപിസിആർ ടെസ്റ്റ് നടത്തിയതുമാണ്. പിന്നീട് വർക്ക് അറ്റ് ഹോമിലായിരുന്നു. അപ്പോഴും സഹപ്രവർത്തക കൂടിയായ ഭാര്യ ഓഫീസിൽ പോകുന്നുണ്ട്... അവിടെ ചിലർക്കൊക്കെ രോഗം സ്ഥിരീകരിക്കുകയും ഐസൊലേഷനിൽ പോകുകയും ചെയ്യുന്നുണ്ടായിരുന്നു. പെട്ടെന്നാണ് അവൾക്ക് ചുമ ശക്തമായത്. കഴിഞ്ഞ രണ്ടു വർഷങ്ങളിലും ഇതേ സമയത്ത് ശക്തമായ ചുമയുണ്ടായിരുന്നു. ഈ സമയങ്ങളിൽ പതിവായി എനിക്കും ചുമ വരാറുള്ളതാണ്.. പാരമ്പര്യമായി കൈമാറിക്കിട്ടിയതാണത്. അതിന്റെ ആവർത്തനമാണെന്നേ ആദ്യം കരുതിയുള്ളു. എന്തായാലും കാത്തുനിൽക്കാതെ പിറ്റേന്നുതന്നെ ആർടിപിസിആർ ടെസ്റ്റ് നടത്തി. അടുത്ത ദിവസം രണ്ടുപേരും നെഗറ്റീവായതായി റിപ്പോർട്ടും കിട്ടി.

ആ ധൈര്യത്തിലാണ് മൂന്നു ദിവസം കഴിഞ്ഞ് എറണാകുളത്ത് സഹോദരിയുടെ വീട്ടിൽ പോയത്. മക്കളും കൂടെയുണ്ടായിരുന്നു. മടങ്ങിവരുന്നവഴി ഡ്രൈവ് ചെയ്ത് പെരുമ്പിലാവ് എത്തിയപ്പോൾ നല്ല പനിയും കുളിരും അനുഭവപ്പെട്ടു. അതിനു ശേഷം എങ്ങനെ വീടുവരെ കാറോടിച്ചെത്തി എന്നത് എത്ര ഓർത്തിട്ടും പിടികിട്ടുന്നില്ല. പിറ്റേന്ന് ഒരു പ്രശ്നവും തോന്നിയില്ല. പക്ഷേ, അടുത്ത ദിവസമായപ്പോൾ ഭാര്യയ്ക്ക് ചുമയും ശരീരവേദനയും ശക്ത



> "ജീവിതത്തിലേക്കുള്ള തിരിച്ചുവരവിൽ എനിക്ക് ഏറ്റവും കടപ്പാടുള്ളത് എന്റെ ജീവിതപങ്കാളിയും മാധ്യമപ്രവർത്തകയുമായ വി.പി. റജീനയോടാണ്. അവരുടെ അപാരമായ മനസ്സാന്നിധ്യമാണ് ഒരുപക്ഷേ, അറ്റുപോയ ജീവൻ തിരികെ കൂട്ടിപ്പിടിച്ചത്

മായി. പിറ്റേന്നുതന്നെ വീണ്ടും ടെസ്റ്റിനു പോയി. ഇക്കുറി ആന്റിജൻ ടെസ്റ്റായിരുന്നു.

ഉച്ചയ്ക്കു തന്നെ റിസൽട്ട് കിട്ടി. ഒടുവിൽ അവൻ പിടികൂടിയിരിക്കുന്നു..രണ്ടുപേരും കോവിഡ് പോസിറ്റീവ്...!

വീട്ടിൽ തന്നെ ഐസൊലേഷനിൽ കഴിയാനായിരുന്നു ഞങ്ങൾ തീരുമാനിച്ചത്. ആരോഗ്യവകുപ്പ് അധികൃതർ നിർദേശിച്ചതനുസരിച്ച് പൾസ് ഓക്സി മീറ്ററും തെർമൽ മീറ്ററും വാങ്ങി കൃത്യമായി റിപ്പോർട്ട് ദിവസവും അയച്ചുകൊടുത്തുകൊണ്ടിരുന്നു. ആദ്യത്തെ ഏതാനും ദിവസങ്ങൾ ഒരു പ്രത്യേകതകളുമില്ലാതെ കടന്നുപോയി. മണവും രുചിയുമൊക്കെ അപ്രത്യക്ഷമായി. പിന്നീട് ചുമ ശക്തമാകാൻ തുടങ്ങി. ഒരു ദിവസം വൈകുന്നേരം ചുമ കലശലായി. ശ്വാസം മുട്ടുന്നതുപോലെ...

പൾസ് ഓക്സി മീറ്റർ എടുത്തു ലെവൽ നോക്കിയപ്പോൾ നോർമൽ. ഓക്സിജൻ ലെവൽ 97. പൾസ് 82. പക്ഷേ, ചുമ നിൽക്കുന്ന യാതൊരു ലക്ഷണവുമില്ല. ഡോക്ടർ കുറിച്ചുതന്ന കഫ് സിറപ്പ് കഴിച്ചുനോക്കി. ഒരു രക്ഷയുമില്ല. പെട്ടെന്ന് ശ്വാസം കഴിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടു തുടങ്ങി. കട്ടിലിലേക്ക് വീണ എന്റെ കൈവിരലിൽ പൾസ് ഓക്സി മീറ്റർ ഘടിപ്പിച്ചു മോൾ ചെക്ക് ചെയ്തു നോക്കി. ഓക്സിജൻ ലെവൽ വല്ലാതെ താഴുന്നു. 97 ൽ നിന്ന് 78ലേക്ക് എത്തിയിരിക്കുന്നു. പൾസ് 120 കടന്നു.

ആരെയും സഹായത്തിനു വിളിക്കാൻ പോലും കഴിയാത്ത അവസ്ഥയിൽ എന്തു ചെയ്യണമെന്നറിയാതെ ഭാര്യ എന്തൊക്കെയോ പറയുന്നു. ഫോണിൽ ആരെയോ വിളിക്കാൻ ശ്രമിക്കുന്നു... എന്റെ നെഞ്ചിടിപ്പിന്റെ പെരുമ്പറയൊച്ചയല്ലാതെ മറ്റൊന്നും എനിക്കു കേൾക്കാൻ വയ്യ! അത്രയും ഉച്ചസ്ഥായിയിൽ ഹൃദയം മിടിക്കുമെന്ന് ഞാനപ്പോൾ അറിഞ്ഞു.

കണ്ണിൽ ഇരുട്ടു കയറുന്നു... ശരീരമാകെ വിയർത്തൊഴുകുന്നു.. പച്ച ജീവനോടെ ഹൃദയം ആരോ വലിച്ചുപറിക്കുന്നതുപോലെ വേദനിക്കുന്നു. നെഞ്ചിൽ ഇടതുവശത്ത് ഇസ്തിരിപ്പെട്ടി ചൂടാക്കി വെച്ചതുപോലെ പൊള്ളുന്നു. എന്തൊക്കെയോ എനിക്ക് പറയണമെന്നുണ്ട്. മോളും പെങ്ങളുടെ മകളും ഒച്ചവെച്ച് ആളെക്കൂട്ടാൻ ശ്രമിക്കുന്നുണ്ട്.

ഏഴു വയസ്സുകാരൻ മകൻ അടുത്തുവന്ന് അന്തം വിട്ടു നിൽക്കുകയാണ്. എന്നും എന്നെ കെട്ടിപ്പിടി



ച്ചു കിടന്നാലേ അവനുറങ്ങൂ എന്നത് വലിയൊരു നുണയാണ്.. അവനെ കെട്ടിപ്പിടിച്ചു കിടന്നാലേ എനിക്കുറങ്ങാനാവൂ എന്നതാണ് സത്യം.

'എല്ലാം അവസാനിക്കുകയാണ്.. അബി പോവുകയാണെടാ...' (അബി എന്നാണ് എന്നെ മക്കൾ വിളിക്കുന്നത്) അവനോട് അത്രയെങ്കിലും പറയണമെന്നുണ്ടായിരുന്നു. പക്ഷേ, ശബ്ദം പുറത്തേക്ക് വരുന്നില്ല. ചുണ്ടുകൾ വിറയ്ക്കുന്നു. കണ്ണുകൾ തുറന്നു പിടിക്കാൻ കഴിയാത്തവണ്ണം പിന്നിലേക്ക് മറിയുന്നു. ശ്വാസം കിട്ടാതെ പിടയുന്നപോലെ. അവനു നേരേ ഞാൻ കൈ നീട്ടി... അതങ്ങനെ നീട്ടിപ്പിടിക്കാൻ പോലും കഴിയാത്തവണ്ണം ദുർബലമായിരുന്നു അപ്പോൾ...

കുറച്ചുനേരത്തേക്ക് എന്തുസംഭവിച്ചുവെന്നറിയില്ല. വീണ്ടും ഭാര്യയുടെ ശബ്ദം. അവൾ നെഞ്ചിൽ ആഞ്ഞിടിക്കുന്നുണ്ട്. ചെകിട്ടത്ത് തട്ടുന്നുണ്ട്. 'പോകല്ലേ... പോകല്ലേ...' എന്നവൾ നിലവിളിക്കുന്നുണ്ട്.

ഇരുട്ടുമാത്രം നിറഞ്ഞ ഒരു കുഴൽക്കിണറിലേക്ക് ആണ്ടുപോകുന്നതുപോലെ... മനുഷ്യാത്മാക്കൾ ഭൂമിയോട് വിടപറയുന്നത് ഇങ്ങനെയാവണം. ഈ ഭൂമിയിൽ എനിക്ക് നിശ്ചയിക്കപ്പെട്ട സമയം ഇതാ കഴിയുന്നു....

പെട്ടെന്ന്, വളരെ പെട്ടെന്ന് എന്തിലോ പിടിത്തം കിട്ടിയപോലെ... ഒന്നു ദീർഘനിശ്വാസം വിടാനായി. ഉള്ളിലേക്ക് ഒരു കാറ്റ് കയറിവരുന്ന പോലെ. ആഞ്ഞൊരു ശ്വാസമെടുക്കൽ... ശരിക്കും അതായിരുന്നു ജീവശ്വാസം!

നെഞ്ച് അപ്പോഴും വേദനിച്ച് കടയുന്നു.

ഒന്ന്.. രണ്ട്... മൂന്ന്... ചെറുതെങ്കിലും പെട്ടെന്ന് കുറച്ചു ശ്വാസം ഉള്ളിലേക്കെടുക്കാനായി.

ഒന്നു രണ്ട് കവിൾ ചൂടുവെള്ളം അവൾ കുടിപ്പിച്ചു. ഇടുങ്ങിയ നെഞ്ചിനുള്ളിൽ ഇത്തിരി സ്ഥലം കിട്ടിയപോലെ... അകമ്പടിയായി ഏതാനും ചുമ.

മോൾ വീണ്ടും പൾസ് ഓക്സി മീറ്റർ എടുത്തുവിരലിൽ ഘടിപ്പിച്ചു.. 82... 84... 87... ശ്വാസഗതി മെച്ചപ്പെടുന്നു.. 90 ഉം കടന്ന് മുകളിലേക്ക് ഉയരുന്നു. നെഞ്ചിടിപ്പു മാത്രം ഉച്ചത്തിൽ തന്നെ തുടരുന്നു.

അതിനിടയിൽ അവൾ മാമയുടെ മോനെ വിളിച്ചുവരുത്തിയിരുന്നു. പുറത്തു കിടക്കുന്ന കാറിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകാമെന്ന് അവർ പറയുന്നു. വീട്ടിനുള്ളിലേക്ക് അവൻ കയറരുതെന്ന് ആവുന്നത്ര ശബ്ദമെടുത്ത് ഞാൻ വിലക്കുന്നുണ്ടായിരുന്നു.

ശ്വാസംമുട്ടലുണ്ടായാൽ ഉപയോഗിക്കാനായി സുഹൃത്തായ ഡോക്ടർ നിർദേശിച്ച ഇൻഹേലറിന്റെ പ്രിസ്ക്രിപ്ഷൻ ഭാര്യ അവന്റെ വാട്ട്സാപ്പിലേക്ക് അയച്ചുകൊടുത്തു. പെട്ടെന്നുതന്നെ അവൻ അതുമായി എത്തി. രണ്ടുമൂന്ന് ഇൻഹേൽ ചെയ്തപ്പോൾ നേരിയ ആശ്വാസമായി.

എങ്ങനെയും ആശുപത്രിയിലേക്ക് പോകാമെന്ന് തീരുമാനിച്ചപ്പോഴേക്കും ഞാനൊരു മയക്കത്തിലായി കഴിഞ്ഞിരുന്നു. കുറച്ചുകഴിഞ്ഞ് ഉണരുമ്പോഴും ചുമയുണ്ടായിരുന്നുവെങ്കിലും തിരികെ ജീവിതത്തിലേക്ക് കയറിയെന്നു തോന്നി. ചാരിയിരിക്കാവുന്ന നിലയിലായി.

ശരിക്കും ഞാൻ കടന്നുപോവുകയാണെന്നും എന്റെ അവസാന നിമിഷങ്ങളും ഒടുവിലത്തെ കാഴ്ചകളുമാണ് അതെന്നും ഞാൻ ഉറപ്പിച്ചിരുന്നു. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു. മരണത്തിനും ജീവിതത്തിനുമിടിയിൽ പിടിവിട്ടുപോകാവുന്ന ആ നിമിഷം മുന്നിൽ കണ്ടു. ദൈവം തീരുമാനിച്ച ആ സമയം എത്തിയിട്ടില്ലായിരിക്കണം...!

കോവിഡ് നിസ്സാരക്കാരനല്ലെന്നും കരുതൽ വേണമെന്നും ഓർമിപ്പിച്ച് എന്റെ അനുഭവം ഫേസ്ബുക്കിൽ പങ്കുവെച്ചപ്പോൾ ഉണ്ടായത് അതിശയിപ്പിക്കുന്ന പ്രതികരണമായിരുന്നു. പലരും അതു വായിച്ച് നടുങ്ങിയതായി പറഞ്ഞു. അപ്പോഴും ജീവൻ തിരികെ കിട്ടിയെന്ന ആശ്വാസമുണ്ട്. എത്രയോ സുഹൃത്തുക്കൾ, ബന്ധുക്കൾ, നമ്മൾ ഏതൊക്കെയോ പേരിൽ ഒത്തിരി ഇഷ്ടപ്പെടുന്നവർ... അങ്ങനെ എത്രയെത്ര പേരാണ് ഈ കോവിഡ് കാലത്ത് വിട്ടുപോയവർ. അങ്ങനെ നഷ്ടം വരാത്ത ആരുമില്ല. എന്നിട്ടും തനിക്ക് മാത്രം വരില്ലെന്ന അഹങ്കാരത്തിലോ ആത്മവിശ്വാസത്തിലോ ആവണം മനുഷ്യരിങ്ങനെ വിലക്കുകൾ മറികടന്ന് തടിച്ചുകൂടുന്നത്.

കോവിഡ് അത്ര നിസ്സാരക്കാരനല്ല. പ്രത്യേകിച്ച് ശ്വാസംമുട്ടലിന്റെ പ്രശ്നമുള്ളവർക്ക്. പലർക്കും നേരിയ ലക്ഷണങ്ങളോടെ കടന്നുപോയേക്കാം. എന്നുവെച്ച് എല്ലാവരിലും അങ്ങനെയാകണമെന്നില്ല.

കോവിഡ് കാരണമുണ്ടായ ഒരു ഗുണം നാട്ടുകാരൊക്കെ വൈദ്യന്മാരായി എന്നതാണ്. അത് കലക്കി കുടിക്കൂ... ആവി പിടിക്കൂ... ഇഞ്ചി, കുരുമുളക്, മഞ്ഞൾ, വെളുത്തുള്ളി, കരിഞ്ചീരകം ഇതൊക്കെ തിളപ്പിച്ചു കുടിക്കൂ.. എന്നൊക്കെ ആരു വിളിച്ചാലും ഉപദേശിക്കാറുണ്ട്.. അവർ അത് ചെയ്തു നോക്കിയിട്ടാണോ ഉപദേശിക്കുന്നത് എന്നൊന്നും അറിയില്ല. മരുന്ന് കണ്ടുപിടിച്ചിട്ടില്ലാത്ത രോഗമാണ്. അതുകൊണ്ട് ആരു പറയുന്നതും മരുന്നാകാം. കുഴപ്പമില്ലാത്ത ഏർപ്പാടായതിനാൽ അതൊക്കെ ചെയ്യാവുന്നതാണ്. കോവിഡിനെതിരെ ഇതുവരെ കണ്ടുപിടിച്ച ഏറ്റവും വലിയ വാക്സിൻ 'മാസ്ക്' ആണെന്ന് സുഹൃത്തായ ഡോക്ടർ അടിക്കടി പറയാറുണ്ട്. എന്നിട്ടും പലർക്കും മടിയാണ് അത് ധരിക്കാൻ. ധരിക്കുന്നവർ പോലും അത് കൃത്യമായല്ല അണിയുന്നത്. വഴിപാടുപോലെ. സാമൂഹിക അകലവും ശുചിത്വവും ജാഗ്രതയും മാത്രമാണ് മരുന്ന്.

ജീവിതത്തിലേക്കുള്ള തിരിച്ചുവരവിൽ എനിക്ക് ഏറ്റവും കടപ്പാടുള്ളത് എന്റെ ജീവിതപങ്കാളിയും മാധ്യമപ്രവർത്തകയുമായ വി.പി. റജീനയോടാണ്. അവരുടെ അപാരമായ മനസ്സാന്നിധ്യമാണ് ഒരുപക്ഷേ, അറ്റുപോയ ജീവൻ തിരികെ കൂട്ടിപ്പിടിച്ചത്.

●

അതിജീവനം



ലിസി ഗ്രേഷ്യസ്, ഗ്രേഷ്യസ് (കെന്നിയുടെ മാതാപിതാക്കൾ)



കെന്നി ഗ്രേഷ്യസ്
സീനിയർ ക്യാമറാമാൻ
ജയ്ഹിന്ദ് ടിവി
ഡൽഹി

# പ്രിയപ്പെട്ടവരെ കോവിഡ് കവർന്നു, മരണത്തെ മുഖാമുഖം കണ്ടു

**ഞാൻ** കെന്നി ഗ്രേഷ്യസ്. മയൂർ വിഹാർ ഫേസ് - 1 ലാണ് ഞങ്ങളുടെ താമസം. പപ്പയും മമ്മിയും ഭാര്യയും 6 വയസ്സുള്ള മകനുമടങ്ങുന്നതായിരുന്നു എന്റെ കുടുംബം. ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിലെ കോവിഡ് രണ്ടാം വരവിൽ എന്റെ പപ്പയേയും മമ്മിയേയും എനിക്ക് നഷ്ടപ്പെട്ടു. അവരുടെ ഒരേയൊരു മകനാണ് ഞാൻ.

പപ്പയ്ക്കായിരുന്നു കോവിഡിന്റെ ആദ്യലക്ഷണങ്ങൾ കണ്ടുതുടങ്ങിയത്. ആദ്യം പപ്പയുടെ ആർടിപിസിആർ ചെയ്തു. അതിനോടൊപ്പം എച്ച്ആർസിറ്റി ടെസ്റ്റും നടത്തി. കോവിഡ് ആണെന്ന് തിരിച്ചറിഞ്ഞു. വളരെ സീരിയസ് ന്യൂമോണിയയും. കോവിഡിനോടനുബന്ധിച്ച് ഇൻഫെക്ഷനും കണ്ടെത്തി. പിന്നീട് പപ്പയുടെ ഓക്സിജൻ ലെവൽ 55 വരെ കുറയുകയും എമർജൻസി വിഭാഗത്തിൽ എത്തിക്കുകയും ചെയ്തു. ഐസിയുവിൽ കിടക്ക ഒഴിവില്ലാത്തതിനാൽ ഉച്ചയ്ക്ക് മൂന്ന് മണിക്ക് എമർജൻസി വിഭാഗത്തിൽ നിന്നും എത്തിയ പപ്പയെ രാത്രി പത്തരയോടെയാണ് ഐസിയുവിൽ പ്രവേശിപ്പിച്ചത്. എന്റെ ഭാര്യ അനു

ഇതേ ആശുപത്രിയിൽ റേഡിയോഗ്രാഫർ ആയി ജോലി ചെയ്തു വരികയായിരുന്നു. അതുകൊണ്ടുമാത്രമാണ് രാത്രി വൈകിയാണെങ്കിലും പപ്പയ്ക്ക് ബെഡ് കിട്ടിയത്. അടുത്ത ദിവസം തന്നെ എന്റെയും ഭാര്യയുടേയും മമ്മിയുടേയും ആർടിപിസിആർ പരിശോധന നടത്തി. ഭാര്യയുടെ റിസൾട്ട് നെഗറ്റീവ് ആയിരുന്നു. ഞാനും മമ്മിയും കൊവിഡ് പോസിറ്റീവ് ആണെന്ന് കണ്ടെത്തി. ഞങ്ങൾക്ക് രോഗലക്ഷണങ്ങൾ ഉണ്ടായിരുന്നെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടു കാരണം വീട്ടിലേക്ക് മടങ്ങി. ഭാര്യ പപ്പയുടെ കൂടെ ആശുപത്രിയിൽ നിന്നു. ഞങ്ങളുടെ ഇടയിൽ നിന്ന് കുഞ്ഞിനെ മാറ്റാൻ ഒരു വഴിയും കണ്ടില്ല. കുഞ്ഞ് ഞങ്ങളുടെ കൂടെ തന്നെ താമസിച്ചു.


ഏപ്രിൽ 16ന് എന്റെ ഓക്സിജൻ നില വളരെ കുറഞ്ഞു വരാൻ തുടങ്ങി. ഭാര്യ വീട്ടിൽ വന്നപ്പോഴാണ് ഓക്സിജന്റെ അളവ് കുറഞ്ഞു എന്നകാര്യം ശ്രദ്ധിച്ചത്. അങ്ങനെ അന്നു രാത്രി 8 മണിയോടെ ഞാൻ തന്നെ വണ്ടിയോടിച്ച് മമ്മിയും മകനും ഭാര്യയുമായി ആശുപത്രിയിലേക്ക് പോയി. ആരെയും സഹായത്തിന് വിളിക്കാൻ പറ്റാത്ത അവസ്ഥ.

അത്യാഹിത വിഭാഗത്തിൽ എത്തിയപ്പോൾ ഓക്സിജൻ അളവ് കുറവാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ഐസിയുവിൽ അഡ്മിറ്റ് ചെയ്യാൻ ഡോക്ടർമാർ നിർദ്ദേശിച്ചു. ബെഡ് കിട്ടാനില്ല. അത്രയ്ക്ക് സീരിയസ് ആയതിനാൽ വാർഡിൽ അഡ്മിറ്റ് ചെയ്തു. എനിക്ക് സി ജി എസ് ഫെസിലിറ്റി ഉണ്ടായിട്ടും അത് ഉപയോഗിക്കാൻ കഴിഞ്ഞില്ല. ഡൽഹി സർക്കാരിന്റെ ഉത്തരവുപ്രകാരം ഏത് പാനൽ ഉപഭോക്താക്കളും മുഴുവൻ പണമടയ്ക്കണം എന്നായിരുന്നു വ്യവസ്ഥ. അതുകൊണ്ട് മമ്മിയുടെ അഡ്മിഷൻ കാര്യത്തിൽ ഞങ്ങൾ ആശങ്കാകുലരായി. അന്ന് കുഞ്ഞിനെ പപ്പയുടെ സഹോദരി വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഭാഗ്യവശാൽ അവന് ഒരു കുഴപ്പമില്ലായിരുന്നു. മമ്മി ഒറ്റയ്ക്ക് വീട്ടിലേക്ക് മടങ്ങി. ഒരു ആശ്വാസവാക്ക് പറയാനോ ആഹാരം നൽകാനോ ആരും ഇല്ലായിരുന്നു മമ്മിക്ക്. ഈ അസുഖമായതിനാൽ ഒരാളും ഞങ്ങളെ സഹായിക്കാൻ എത്തിയില്ല.

അതിനിടയിൽ ഏപ്രിൽ 17 ന് രാത്രി 11 മണിയോടെ പപ്പ മരിച്ചു. ഇതോടെ മമ്മിയുടെ ആരോഗ്യനില വഷളായി. ഒരു ദിവസം മുഴുവൻ ഓക്സി

ജൻ സപ്പോർട്ടോടെ മമ്മി വീട്ടിൽ കഴിഞ്ഞു. ആരോഗ്യനില കൂടുതൽ വഷളായതോടെ മമ്മിയെ ആശുപത്രിയിലെത്തിച്ച് എമർജൻസി വാർഡിൽ പ്രവേശിപ്പിച്ചു. ഈസമയം എന്നെ ഐസിയുവിലേക്ക് മാറ്റി. പിന്നീടാണറിഞ്ഞത്, പപ്പ മരിച്ച ബെഡിന്റെ ഒഴിവിലാണ് എന്നെ പ്രവേശിപ്പിച്ചതെന്ന്. പപ്പ മരിച്ച വിവരം ഞാൻ അറിഞ്ഞിരുന്നില്ല, എന്നെ ആരും അറിയിച്ചില്ല. പപ്പയെ ഐസിയുവിൽ കാണാതായപ്പോൾ ഞാൻ അന്വേഷിച്ചു. ആശുപത്രി സ്റ്റാഫിൽ നിന്നുമാണ് പപ്പ മരിച്ചതായി പിന്നീട് അറിഞ്ഞത്.

ഏപ്രിൽ 19ന് പപ്പയുടെ സംസ്കാരം നടന്നു. എനിക്കും അമ്മയ്ക്കും ഭാര്യയ്ക്കും സംസ്കാരം കാണാനോ ചടങ്ങിൽ പങ്കെടുക്കാനോ കഴിഞ്ഞില്ല. അപ്പോഴേക്കും മമ്മിയും ഐസിയുവിൽ അഡ്മിറ്റ് ആയിരുന്നു. ഓരോ ദിവസവും മമ്മിയുടെ ആരോഗ്യനില വഷളായി കൊണ്ടിരുന്നു. അങ്ങനെ ഏപ്രിൽ 21ന് വൈകിട്ട് 6 മണിയോടെ മമ്മിയും ഞങ്ങളെ വിട്ടുപോയി. മമ്മി മരിക്കുന്ന സമയം ഞാനും ഐസിയുവിൽ ഒരു ഭിത്തിക്ക് അപ്പുറത്തുണ്ടായിരുന്നു. എന്നാൽ എന്റെ ആരോഗ്യനില അത്ര നല്ലതല്ലായിരുന്നു. അതിനാൽ മമ്മി മരിച്ച വിവരവും എന്നെ ആരും അറിയിച്ചില്ല. അങ്ങനെ എന്റെയും ഭാര്യയുടേയും അസാന്നിധ്യത്തിൽ മമ്മിയുടെ സംസ്കാരം നടന്നു. പപ്പ മരിച്ചെങ്കിലും മമ്മി ഉണ്ട് എന്ന ആശ്വാസത്തിലായിരുന്നു ഞാൻ 15 ദിവസത്തോളം ആശുപത്രിയിലെ ഐസിയുവിൽ കഴിഞ്ഞത്. ഈ സമയങ്ങളിൽ റെമഡിസീവർ ഇൻജക്ഷൻ, ഓക്സിജന്റെ ലഭ്യത കുറവ് എന്നിവ ഞങ്ങളെ സാരമായി ബാധിച്ചു. പിന്നീട് എന്നെ വാർഡിലേക്ക് മാറ്റി. 21 ദിവസത്തോളം ഞാൻ വാർഡിൽ ഓക്സിജൻ സപ്പോർട്ടിൽ കഴിയേണ്ടിവന്നു. ഡിസ്ചാർജ് ആകുന്നതിന് ഒരു ദിവസം മുമ്പാണ് അമ്മയുടെ മരണം ഞാൻ അറിയുന്നത്. അത് എനിക്ക് ഏറ്റവും വലിയ ഷോക്കായിരുന്നു.





അങ്ങനെ മെയ് 19ന് ഞാൻ ആശുപത്രി വിട്ടു. എന്റെ ആശുപത്രി ബിൽ ആറരലക്ഷവും പപ്പയുടേത് 64,000 രൂപയും മമ്മിയുടേത് 50,000 രൂപയും ആയിരുന്നു. പപ്പയുടെയും മമ്മിയുടെയും ബിൽ ഞങ്ങൾ നേരത്തെ തന്നെ അടച്ചിരുന്നു. എന്റെ ബില്ല് ഒന്നരലക്ഷം രൂപ മാത്രമായിരുന്നു അടച്ചിട്ടുണ്ടായിരുന്നത്. ഹോസ്പിറ്റലിൽ നിന്ന് 20 ശതമാനം ഡിസ്കൗണ്ട് ലഭിച്ചതിനു പുറമെ, കേരളത്തിലെ മാധ്യമസുഹൃത്തുകളും നാഷനൽ മീഡിയ സുഹൃത്തുക്കളും ബാബു പണിക്കർ സാറും ഉൾപ്പടെയുള്ള വലിയ മനസ്സുകളുടെ സഹായത്തോടുകൂടിയാണ് ആശുപത്രി ബിൽ അടച്ചത്.

വീട്ടിലും ഞാൻ ഓക്സിജൻ സഹായത്താലാണ് കഴിഞ്ഞിരുന്നത്. ഇതിന് ഏറ്റവും കൂടുതൽ നന്ദി പറയേണ്ടത് ഡൽഹി മലയാളി അസോസിയേഷൻ ഭാരവാഹികളോടാണ്. അവരാണ് എനിക്ക് 5 ലിറ്റർ ഓക്സിജൻ കോൺസെൻട്രേറ്റ് മെഷീൻ തന്നത്. ഇപ്പോൾ ഞാൻ കുറെയൊക്കെ ഭേദമായി വരുന്നു. പോസ്റ്റ് കോവിഡ് ആരോഗ്യ പ്രശ്നങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഞാൻ താൽക്കാലികമായി കേരളത്തിലേക്ക് വരികയാണ്. ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെയും പത്രപ്രവർത്തക യൂണിയന്റെയും ഉൾപ്പടെ എല്ലാവരുടെയും സഹായങ്ങൾക്കും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

കോവിഡ് എന്ന മഹാമാരി ഒരാൾക്കും വരാതിരിക്കട്ടെ. ആരോഗ്യ പ്രവർത്തകർ പറയുന്ന ഓരോ കാര്യങ്ങളും ശ്രദ്ധിച്ച് മുന്നോട്ട് പോവുക. പിടിപെട്ടാൽ ഉടൻ ചികിത്സ തേടണം. എത്രയും വേഗം ആരോഗ്യം വീണ്ടെടുക്കുക. ഇതു മാത്രമേ എനിക്ക് നിങ്ങളോട് പറയാനുള്ളൂ.

ഓർമ്മ

**കോവിഡിൽ ജീവൻ പൊലിഞ്ഞ മാതൃഭൂമി ന്യൂസ് സീനിയർ ചീഫ് റിപ്പോർട്ടർ വിപിൻ ചന്ദിനെ സുഹൃത്ത് അനുസ്മരിക്കുന്നു.**



വിപിൻ ചന്ദ്

# ചന്ദേ... നിന്നെ ഓർക്കുമ്പോൾ പെരുത്ത സങ്കടം



ഐപ്പ് വള്ളികാടൻ

'വിപിനേ' എന്ന വിളിക്കപ്പുറം 'ചന്ദേ' ന്നായിരുന്നു ഞങ്ങൾക്കിടയിലെ അവന്റെ വിളിപ്പേര്. മാധ്യമപ്രവർത്തകർ എന്ന നിലയിൽ ഏറെ ഇഷ്ട്പെട്ട് ജീവിച്ച കാലമായിരുന്നു ആലപ്പുഴയിലേത്. വിപിൻ അന്ന് ഇന്ത്യാവിഷനിൽ. ഞാൻ ഏഷ്യാനെറ്റ് ന്യൂസിലും.

അക്കാലത്ത് ഞങ്ങളിലെ സുന്ദരനായിരുന്നു വിപിൻ. മുടങ്ങാതെ എന്നും ഷേവ് ചെയ്ത്, തേച്ച് വടിവൊത്ത ഷർട്ടിലല്ലാതെ വിപിനെ കണ്ടിട്ടില്ല. ബഹളങ്ങളില്ലാത്ത ജീവിതം. ഭക്ഷണപ്രിയനായിരുന്നുവെങ്കിലും വാരിവലിച്ച് കഴിക്കുന്ന സ്വഭാവമേ ഇല്ല... പക്ഷേ ചില്ലിചിക്കനോട് വല്ലാത്ത ഇഷ്ടം ഉണ്ടായിരുന്നു. ക്രീം കോർണറിലേക്ക് അത് കഴിക്കാൻ നടന്ന നടപ്പിന് എത്ര ദൂരമുണ്ടാകും...

ഞങ്ങളുടെയൊക്കെ വയറുന്തുമ്പോൾ ചന്ദിന്റെ വയറ് നോക്കി അസൂയ പൂണ്ട സന്ദർഭങ്ങൾ ഏറെയുണ്ട്. ബ്രദേഴ്സിലെ താറാവ് കറിയും ഇടയ്ക്കിടെയുള്ള ക്യാരറ്റ് ജ്യൂസ് കുടിയും. എല്ലാ ദിവസത്തെയും മറ്റൊരു നിർബന്ധമായിരുന്നു വൈകുന്നേരത്തെ പഴംപൊരിയും ചായയും.

വാർത്തയ്ക്കപ്പുറത്ത് വായനയുടെ കാര്യത്തിൽ വിപിനായിരുന്നു മുന്നിൽ. ഇന്ത്യാവിഷനിലെ ശമ്പളത്തിന്റെ നല്ലൊരു പങ്കും പുസ്തകങ്ങൾ വാങ്ങാനാണ് അവൻ ഉപയോഗിച്ചിരുന്നത്. ആഴ്ചതോറുമുള്ള മാസികകളും കിട്ടാവുന്നതെല്ലാം അവൻ വാരിക്കൂട്ടുകയല്ലായിരുന്നു, വായിച്ചുകൂട്ടുകയായിരുന്നു. വായിക്കുന്ന ഇടങ്ങളിൽ ബഹളക്കാരെ താൽപര്യമില്ല. വായിക്കുന്ന പുസ്തകങ്ങളെപ്പറ്റിമറ്റുള്ളവരോട് പറയാനും അവരെകൊണ്ട് വായിപ്പിക്കാനും വലിയ താൽപര്യമായിരുന്നു.

ആലപ്പുഴേന്ന് പോയപ്പോൾ പിക്കപ്പിലാണ് അവന്റെ പുസ്തകങ്ങളും വീട്ടിലേക്ക് പോയത്. അത്രയ്ക്കുണ്ടായിരുന്നു പുസ്തകശേഖരം. മിക്കവാറും ദിവസങ്ങളിൽ ആലപ്പുഴയിലെ പുസ്തകക്കടകളിലെ സന്ദർശകൻ കൂടിയായിരുന്നു ചന്ദ്.

ആലപ്പുഴയുടെ കാര്യത്തിൽ മാത്രമല്ല കേരളത്തിലെ എല്ലാ ജില്ലകളിലെ കാര്യത്തിലും അഭിപ്രായം പറയുന്ന കറ തീർന്ന കോൺഗ്രസ് പക്ഷക്കാരൻ. ചിലപ്പോഴൊക്കെ അബ്ജോദിനോടും ഷാജിയോടും അക്കാര്യത്തിൽ വഴക്ക് കൂടുന്ന പതിവ് പോലുമുണ്ടായിരുന്നു വിപിന്. 'ഒന്ന് പോടോ', 'എന്റെ പൊന്നോ...' തുടങ്ങിയ ചില പതിവ് വാക്കുകളും തർക്കങ്ങൾക്കിടയിൽ ഉയർന്ന് വരും. പക്ഷേ അതൊന്നും മാന്യതയുടെ ശബ്ദം വിട്ട് കേട്ടിട്ടില്ല.

ദുശ്ശീലങ്ങൾ ഒന്നും ഇല്ല. ഇത്തിരി പേടിക്കാരനാണ്. പുതിയതൊക്കെ കേൾക്കുമ്പോൾ അതിനെക്കുറിച്ച് കൂടുതൽ അന്വേഷിക്കുന്ന പതിവുണ്ടായിരുന്നു. നിത്യേന യോഗ ചെയ്യും.

ഞങ്ങൾ രണ്ടും ആലപ്പുഴയിൽ നിന്ന് പോയെങ്കിലും ആ സൗഹൃദം തുടർന്നു. ഒരുമിച്ച് മാതൃഭൂമിയിലെത്തിയപ്പോൾ ദുബായിൽ നിന്ന് ഡസ്കിലെ ഫ്ളാഷ് ഫോണിലൂടെ ഒട്ടുമിക്ക ദിവസങ്ങളിലും വിളിയുണ്ടാകും. അവൻ കോവിഡ് ബാധിച്ച് മരിക്കുന്നതിന് ഏതാണ്ടൊരു മാസം മുമ്പ് വിളിച്ച് എന്റെ സോഷ്യൽ മീഡിയയയിലെ വിഷയങ്ങളെക്കുറിച്ചും ആളുകൾ പ്രതികരിക്കുന്നതിനെക്കുറിച്ചുമൊക്കെ ചോദിച്ചിരുന്നു. കൊച്ചിയിലെത്തുമ്പോൾ കാണാമെന്നും പറഞ്ഞിരുന്നു.



ഐപ്പ് വള്ളികാടൻ, വിപിൻ ചന്ദ്, അബ്ജോത് വർഗീസ്

അളിയാ, ആ തോൾ സഞ്ചിയും തൂക്കി അടുത്തു വന്ന് മുതുകത്ത് സ്നേഹത്തിൽ ഒരടിയടിച്ച് നടന്നു നീങ്ങുന്ന നീ ഇല്ലെന്ന് കേൾക്കുമ്പോൾ പെരുത്ത സങ്കടം...

വിപിനേ വിട...അല്ല ചന്ദേ വിട...!

●

ഓർമ്മ



ജിയോ സണ്ണി

# ജീവിതം മനോഹരമെന്ന് പറഞ്ഞ് വിടവാങ്ങിയ ജിയോ



വിനീഷ് വിശ്വം

**ടി സി വി (തൃശൂർ കേബിൾ വിഷൻ) സീനിയർ റിപ്പോർട്ടർ ആയിരുന്ന ജിയോ സണ്ണിക്ക് മാധ്യമപ്രവർത്തനം തൊഴിൽ മാത്രമായിരുന്നില്ല. പാഷൻ എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം മനസിലാക്കാൻ ജിയോയുടെ മാധ്യമപ്രവർത്തനം പരിശോധിച്ചാൽ മതി**

വലിച്ചാൽ നീളം കുറയുന്നത് സിഗരറ്റിന്റെ അല്ലെന്നും ആയുസിന്റെയാണെന്നും മുന്നറിയിപ്പ് തന്ന് ജീവിതമാണ് മനോഹരമെന്ന് ഓർമിപ്പിച്ചാണ് ജിയോ സണ്ണി ജീവിതത്തിൽ നിന്ന് വിടവാങ്ങിയത്.

തൃശൂർ ജില്ല ആരോഗ്യവകുപ്പ് പുകയില വിരുദ്ധ ബോധവത്കരണത്തിന്റെ ഭാഗമായി നടത്തിയ ഹ്രസ്വചിത്ര മത്സരത്തിൽ ജിയോ സംവിധാനം ചെയ്ത ലൈഫ് ഈസ് ബ്യൂട്ടിഫുൾ ഒന്നാം സമ്മാനം നേടിയത് പ്രഖ്യാപിക്കുമ്പോൾ അതു കേൾക്കാൻ ജിയോ ഈ മനോഹരമായ ഭൂമിയിൽ ഉണ്ടായിരുന്നില്ല. പ്രിയപ്പെട്ടവരെയെല്ലാം വേദനപ്പിച്ച് ലൈഫ് ഈസ് പെയിൻഫുൾ എന്നു കൂടി ബോധ്യപ്പെടുത്തി ജിയോ യാത്രയായിക്കഴിഞ്ഞിരുന്നു.

കോവിഡ് മാറി അധികം വൈകാതെ തന്റെ പ്രവർത്തനപഥത്തിലേക്ക് തിരക്കിട്ട് തിരിച്ചെത്തിയ ജിയോ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഒരുക്കുകൂട്ടങ്ങളിലേക്ക് കടക്കുമ്പോഴായിരുന്നു അപ്രതീക്ഷിതമായ ആ മരണം.

ദൈവത്തിന് പ്രിയപ്പെട്ടവരെ ദൈവം പെട്ടെന്ന് തിരിച്ചുവിളിക്കുമെന്ന് പറയാറുണ്ട്. എന്നാൽ ഭൂമിയിൽ പരിചയപ്പെട്ട എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു ജിയോ. എന്നും എപ്പോഴും തന്റെ വർക്കുകളുടെ വ്യത്യസ്തത കൊണ്ട് ജിയോ എല്ലാവരേയും വിസ്മയിപ്പിക്കാറുണ്ട്, ഞെട്ടിക്കാറുണ്ട്. ഒടുവിൽ നിനച്ചിരിക്കാതെ കടന്നുപോയപ്പോഴും ജിയോ തന്നത് ആ ഞെട്ടൽ മാത്രം.

മരിച്ചുപോയവരെക്കുറിച്ച് നല്ലതു മാത്രം പറയുകയെന്നത് ക്ലീഷേയാണെങ്കിലും ജിയോയുടെ കാര്യത്തിൽ ആ ക്ലീഷേ ആവർത്തിക്കാതെ വയ്യ. മാധ്യമപ്രവർത്തനം ജിയോ സണ്ണിക്ക് തൊഴിൽ മാത്രമായിരുന്നില്ല, വരുമാനമാർഗം മാത്രമായിരുന്നില്ല. പാഷൻ എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം മനസിലാക്കാൻ ജിയോയുടെ മാധ്യമപ്രവർത്തനം പരിശോധിച്ചാൽ മതി. എവിടെയൊക്കെയോ തന്നെ അടയാളപ്പെടുത്താനുണ്ടെന്ന സ്വയം ബോധ്യത്തിൽ ജിയോ മാധ്യമപ്രവർത്തനത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. മനസിൽ ജിയോ കണ്ട സ്വപ്നങ്ങളിൽ ജിയോയ്ക്ക് പ്രിയപ്പെട്ടവരെല്ലാം ഉണ്ടായിരുന്നു. തനിക്ക് മാത്രമായി ഒരു നല്ല കാലം വേണ്ടെന്ന് ജിയോ കാണിച്ചു തന്നിട്ടുണ്ട് പലതവണ. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നത് കേവലമൊരു ക്രിസ്തുവചനം മാത്രമായിരുന്നില്ല ഞങ്ങളുടെ കൂട്ടുകാരന്.

മടുപ്പിന്റെ വഴിത്താരകളിലൂടെ മാധ്യമപ്രവർത്തനം നീങ്ങുന്ന സമയത്തു പോലും, ഇത് വലിച്ചെറിഞ്ഞ് മറ്റെന്തെങ്കിലും പണി നോക്കാമെന്ന് പറയുന്ന സുഹൃത്തുക്കളോട് എല്ലാം ശരിയാകുമെന്ന പോസിറ്റീവ് എനർജി തന്ന് പിടിച്ചുനിർത്താനാണ് ജിയോ ശ്രമിച്ചിട്ടുള്ളത്. അത്രമാത്രം ജിയോ മാധ്യമപ്രവർത്തനത്തെ ഇഷ്ടപ്പെട്ടു. വാർത്തയെ എങ്ങിനെ വേറിട്ട രീതിയിൽ, ജനപ്രിയമായ രീതിയിൽ അവതരിപ്പിക്കാമെന്ന് ഓരോ വാർത്ത കയ്യിൽ കിട്ടുമ്പോഴും ചിന്തിച്ചു. ഓരോ പുതിയ സിനിമയിറങ്ങുമ്പോഴും ആദ്യ ദിവസത്തെ സെക്കന്റ് ഷോയ്ക്ക് ജിയോ കയറിയിട്ടുണ്ടാകും. ഓഫീസ് ഡ്യൂട്ടി കഴിഞ്ഞ് സെക്കന്റ് ഷോയ്ക്ക് പോകാനെ കഴിയുകയുള്ളു.

സിനിമയെക്കുറിച്ച് ജിയോയുടെ കാഴ്ചപ്പാടുകൾ വേറിട്ടതായിരുന്നു. അതുകൊണ്ടു തന്നെ ജിയോ എഴുതിവെച്ച സ്ക്രിപ്റ്റുകളിൽ വേറിട്ട ഒരു ടച്ച് ഉണ്ടായിരുന്നു.

മിനി സ്ക്രീനിൽ പലതവണ സംവിധാനം ജിയോ സണ്ണി എന്ന പേര് തെളിഞ്ഞിട്ടുണ്ടെങ്കിലും ബിഗ് സ്ക്രീനിൽ ആ പേര് അങ്ങിനെ തെളിയുന്നത് കാണാനുള്ള പ്രയാണത്തിലായിരുന്നു ജിയോ. പക്ഷേ കാലം അതിന് അനുവാദം നൽകിയില്ല. സ്നേഹവും സ്വപ്നങ്ങളും നൻമയും നിറച്ചുവെച്ച ആ ഹൃദയം പൊടുന്നനെ നിലച്ചപ്പോൾ കോവിഡ് കാലത്തെ തീരാനഷ്ടങ്ങളിലേക്ക് ആ പേരും ചേർത്തുവെക്കേണ്ടി വന്നു.

മൊബൈൽ ഫോണിലെ കോൺടാക്ട് ലിസ്റ്റിൽ ആരും ജിയോയുടെ പേര് ഇപ്പോഴും ഡിലീറ്റ് ചെയ്തിട്ടില്ല. ഞങ്ങളുടെ ജിയോ ഈ നഗരത്തിൽ തന്നെയുണ്ട്. പൂരവും ഉത്സവക്കാഴ്ചകളും തേക്കിൻകാടും തെക്കേഗോപുരനടയും സാഹിത്യ അക്കാദമിയുടെ മരച്ചുവടുകളും ജോർജേട്ടൻസ് രാഗം തീയറ്ററും പ്രസ്ക്ലബുമൊക്കെയുള്ള ഈ നഗരം വിട്ട് ജിയോ എങ്ങോട്ടു പോകാൻ...അങ്ങനെ പോകാൻ പറ്റോ...നമുക്ക് വിട്ടയക്കാൻ പറ്റോ... ●

COVER STORY

# കൊറോണയെക്കാൾ വലിയ ദുരന്തങ്ങൾ

"കോവിഡ് വന്നില്ലായിരുന്നെങ്കിലും ഈ ദുരന്തം സംഭവിക്കുമായിരുന്നു. കൊറോണ വൈറസ് ആ ദുരന്തത്തിന്റെ ആക്കം കൂട്ടിയെന്നു മാത്രം. പറഞ്ഞുവരുന്നത് ഓൺലൈൻ മീഡിയ എന്ന പേരിൽ വാലും തുമ്പുമില്ലാതെ ചിലർ കാട്ടിക്കൂട്ടുന്ന കാര്യങ്ങളെക്കുറിച്ചുതന്നെ.



**ബോബി എബ്രഹാം**
അസിസ്റ്റന്റ് എഡിറ്റർ
മലയാള മനോരമ

ഓൺലൈൻ മാധ്യമമെന്നു പറഞ്ഞ് ഉറഞ്ഞുതുള്ളുന്ന ചിലരുടെ വിഡിയോകൾ കണ്ട് ഇതെന്തൊരു ദുരന്തം എന്നു ചോദിച്ച് തലയിൽ കൈവയ്ക്കുന്നവർ ഏറെയാണ്. ഈ രോഗം തുടങ്ങിയിട്ടു കുറച്ചുനാളായി. എങ്ങനെ ശ്രദ്ധ പിടിച്ചുപറ്റാം എന്നാണ് ഉന്നം. ലൈക്കും കമന്റും കൂട്ടുകയാണ് ലക്ഷ്യം. എങ്കിലേ പരസ്യവരുമാനം ഉയരൂ. അതുമാത്രമാണ് ലക്ഷ്യം. അതിനിടയിൽ മാധ്യമ ധർമം എന്നൊക്കെ പറഞ്ഞ് ആരും വന്നേക്കരുതെന്നാണ് അവർ പറയാതെ പറയുന്നത്.

മാധ്യമ പ്രവർത്തനം എന്നാൽ അച്ചടി മാധ്യമം മാത്രമാണെന്ന മിഥ്യാധാരണയൊന്നും ആർക്കുമില്ല. അച്ചടി മാധ്യമങ്ങൾ ഉള്ളപ്പോൾ തന്നെ ദൃശ്യ മാധ്യമങ്ങളും വന്നു. അവിടെ നിൽക്കില്ല കാര്യങ്ങൾ എന്ന് സാമാന്യ ബോധമുള്ള ആർക്കും അറിയാം. വിവരവിനിമയ സാങ്കേതിക വിദ്യയുടെ വിസ്ഫോടന കാലത്ത് പുതിയ പുതിയ മാധ്യമ പ്രവർത്തന രീതികൾ വന്നുകൊണ്ടേയിരിക്കും. അച്ചടി മാധ്യമങ്ങൾ പോലും പ്രവർത്തിക്കുന്നത് ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുതന്നെയാണ്. വാർത്തയും ചിത്രവും എത്തിക്കുന്നതു മുതൽ പേജിന്റെ ദൃശ്യവിന്യാസത്തിലും അച്ചടിയിലും വരെ ഏറ്റവും പുതിയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നവയാണ് താരതമ്യേന പ്രചാരം കുറവുള്ള പത്രങ്ങൾ പോലും. ദൃശ്യമാധ്യമങ്ങളുടെ സ്ഥിതിയും അതാണ്. ഓൺലൈൻ മാധ്യമങ്ങളും ഇതേ പാത പിന്തുടരുന്നു. അവിടെ അച്ചടിച്ച കോപ്പി വായനക്കാരിലെത്തിക്കുന്നതിനു പകരം ഓൺലൈൻ ആയി കാര്യങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നു. ഇവിടെ മനസിലാക്കേണ്ടുന്ന ഒരു കാര്യം, ഏതു വാർത്താ മാധ്യമവും അടിസ്ഥാനപരമായി കൈകാര്യം ചെയ്യുന്നത് വാർത്തകളും വിവരങ്ങളും ആണ്. അത് ചെയ്യുമ്പോൾ പാലിക്കേണ്ട ചില രീതികളും ധർമങ്ങളും ഉണ്ട്. അത് പാലിക്കപ്പെടുന്നുണ്ടോ എന്നതുമാത്രമാണ് ചോദ്യം.

അതിനു മുമ്പ് ഓൺലൈൻ മാധ്യമങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിലേക്കും കടന്നുപോകേണ്ടതുണ്ട്. പത്രങ്ങൾ നേരത്തേ മുതൽ ചെയ്യുന്നത് വിവിധ കാര്യങ്ങളുടെ ഒരു മിക്സ് ആണ്. അതിൽ പ്രാദേശിക, ദേശീയ, രാജ്യാന്തര വാർത്തകൾ മുതൽ വിദ്യാഭ്യാസ വാർത്തകളും പാചകവും വരെ വരും. ദൃശ്യമാധ്യമങ്ങളും പിന്തുടരുന്ന രീതി ഇതുതന്നെ. പത്രങ്ങളുടെ ഓൺലൈൻ എഡിഷനുകളും ഇത്തരത്തിൽ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പോർട്ടലുകൾ ആണ്. ഓരോ പോർട്ടലും കൈകാര്യം ചെയ്യാൻ എഡിറ്റർമാരുമുണ്ടാവും. എന്നാൽ ഓൺലൈൻ മാധ്യമങ്ങൾ എന്നു വിവക്ഷിക്കപ്പെടുന്ന മിക്കവയും വാർത്തകൾ മാത്രം കൈകാര്യം ചെയ്യുന്നവയാണ്. ഭക്ഷണ വൈവിധ്യം, ഗാർഡനിങ്, വീട് നിർമാണം അങ്ങനെ വിഷയങ്ങൾ തിരഞ്ഞെടുത്ത് അതു മാത്രം കൈകാര്യം ചെയ്യുന്നവരുമുണ്ട്. നല്ല രീതിയിൽ അതു കൈകാര്യം ചെയ്യുകയും വിവരങ്ങൾ ജനങ്ങളിലേക്കെത്തിക്കുകയും ചെയ്യുന്നവയാണ് അവയിൽ മിക്ക




തും. വിഷയ കേന്ദ്രീകൃതമായതുകൊണ്ടു തന്നെ അവയിൽ തൽപരരായ പ്രേക്ഷകരുടെ പിന്തുണയുമുണ്ട്.

എന്നാൽ വാർത്തകൾ മാത്രം കൈകാര്യം ചെയ്യുന്ന കുറേയേറെ ഓൺലൈനുകളുണ്ട്. മലയാളത്തിൽ തന്നെ എത്രയെണ്ണമുണ്ടെന്ന് എണ്ണിത്തീർക്കാൻ കഴിഞ്ഞിട്ടില്ല. കഴിയുകയുമില്ല. അച്ചടി, ദൃശ്യമാധ്യമങ്ങളുടെ കാര്യത്തിൽ സർക്കാർ സംവിധാനങ്ങളിൽ റജിസ്ട്രേഷൻ ആവശ്യമാണ്. എന്നാൽ കൈയിൽ ഒരു മൊബൈൽ ക്യാമറയുണ്ടെങ്കിൽ ഏതൊരാൾക്കും ഓൺലൈൻ മാധ്യമപ്രവർത്തകൻ ചമയാം. മാധ്യമ പ്രവർത്തകനെന്നു പറഞ്ഞ് എന്തു കോപ്രായവും കാണിക്കുകയും ചെയ്യാം. അടുത്ത കാലത്ത് ഇത്തരത്തിൽ ഒരാളെ കണ്ടു. മാധ്യമ പ്രവർത്തകനാണെന്ന് അവകാശപ്പെട്ട് ഒരു മൈക്കും പിടിച്ച് ഒരു അമ്മയെ ഇന്റർവ്യൂ ചെയ്യുന്നു. ഐഎസ് കെണിയിൽപെട്ട് അഫ്ഗാൻ ജയിലിൽ കഴിയുന്ന യുവതിയുടെ അമ്മയാണ് അവർ. എരിയുന്ന മനസ്സുമായി ഇരിക്കുന്ന ആ അമ്മയെ ചെന്നു കണ്ട് വിവരങ്ങൾ ആരായുന്നു. അവർ കാര്യങ്ങൾ പറഞ്ഞുതീർക്കുന്നതിനിടെ അവരെ പ്രകോപിപ്പിക്കുന്ന ചോദ്യങ്ങൾ തന്നെ ചോദിക്കുന്നു. അവർ മര്യാദയോടെ കാര്യം പറയുന്നു. പെട്ടെന്ന് റിപ്പോർട്ടർ മൈക്ക് കൈയിലെടുത്ത് ആക്രോശം തുടങ്ങുന്നു. ഇതെന്തൊരു അമ്മയാണ്, എഎസ് തീവ്രവാദിക്ക് വേണ്ടി വാദിക്കുന്നോ തുടങ്ങി ഒരു പ്രസംഗമാണ് പിന്നെ. ദേഷ്യം സഹിക്കവയ്യാതെ ആ അമ്മ എഴുന്നേറ്റ് ചെന്ന് ആ മൈക്ക് തട്ടിക്കളയാൻ ശ്രമിക്കുന്നു. ഒരു പിടിവലി നടക്കുന്നു. അതും ഷൂട്ട് ചെയ്ത് പൊതു സമൂഹത്തിനു മുന്നിൽ കാണിക്കുന്നു. മാധ്യമ പ്രവർത്തനത്തിന്റെ അടിസ്ഥാന പാഠം പോലും അറിയാവുന്ന ആരും ചെയ്യുന്ന കാര്യമല്ല അയാൾ ചെയ്തത്. നിർഭാഗ്യവശാൽ അയാളും മാധ്യമ പ്രവർത്തകനാണെന്നാണ് അവകാശപ്പെടുന്നത്. ഏതോ ഒരു ചാനലിന്റെ ലോഗോ ആ വിഡിയോയിൽ പ്രദർശിപ്പിക്കുന്നുണ്ട്. അങ്ങനെയൊരു ചാനൽ ആദ്യമായി കാണുകയാണ്.

കുറച്ചുനാൾ മുമ്പ് പച്ചയ്ക്കു പറയുന്നു എന്നു പറഞ്ഞിറങ്ങിയ ഒരാൾ പാലാരിവട്ടം പാലത്തിൽ നിന്ന് അടിവസ്ത്രം ഊരിയെടുത്ത് പ്രദർശിപ്പിച്ച് വലിയൊരു പ്രസംഗം നടത്തുന്ന വിഡിയോ കണ്ടിരുന്നു. അദ്ദേഹവും അവകാശപ്പെടുന്നത് മാധ്യമപ്രവർത്തകനെന്നായിരിക്കും. തീർച്ചയായും അവർ ചില വിഷയങ്ങൾ പൊതു സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നുണ്ടാവും. പക്ഷേ ശ്രദ്ധയാകർഷിക്കുന്നതിനായി എന്തും വിളിച്ചുപറയുന്ന രീതിയിൽ കാര്യങ്ങൾ എത്തുന്നുണ്ടെങ്കിൽ അത് ശുഭസൂചകമല്ല. അ




ടുത്തിടെ വിസ്മയ എന്ന യുവതി ഭർതൃഗൃഹത്തിൽ കൊല്ലപ്പെട്ട സംഭവത്തിലും ഇത്തരത്തിൽ ആ വീടിനു മുന്നിൽ നിന്ന് ഒരാൾ ഉറഞ്ഞുതുള്ളുന്നതു കണ്ടു. എന്തൊക്കെയാണ് വിളിച്ചു കൂവുന്നതെന്ന് അദ്ദേഹത്തിനും അറിയാമെന്നു തോന്നുന്നില്ല. വായിൽ തോന്നുന്നതൊക്കെ ഒരു മൈക്കിലൂടെ വിളിച്ചു പറഞ്ഞ് ഷൂട്ട് ചെയ്ത് ഓൺലൈനായി വിക്ഷേപിക്കുകയാണ്.


ഉദാഹരണങ്ങളിലേക്ക് കൂടുതൽ കടക്കുന്നില്ല. കോവിഡ് കാലവും ലോക്ഡൗണും ആയതോടെ ജനങ്ങൾ ഇന്റർനെറ്റ് കൂടുതൽ ഉപയോഗിക്കാൻ തുടങ്ങി. ഇതോടെ മിനിറ്റിന് ഒന്നെന്ന മട്ടിൽ ഓൺലൈൻ മാധ്യമങ്ങളും മുളച്ചുപൊന്താൻ തുടങ്ങി. ആളുകളെ റോഡിൽ തടഞ്ഞുനിർത്തി ധിക്കാരത്തോടെ 'റോഡിലിറങ്ങാനാരു പറഞ്ഞു?' എന്നു ചോദിക്കുന്നവരും ഓൺലൈൻ മാധ്യമപ്രവർത്തകരായി ഈ കോവിഡ് കാലത്ത്. മുമ്പ് വിഡിയോ ഷോപ്പ് നടത്തിയിരുന്ന പലരും ഇപ്പോൾ ഓൺലൈൻ മാധ്യമ പ്രവർത്തകരാണ്. ഇവർ എന്തു മാധ്യമ പ്രവർത്തനം ആണു നടത്തുന്നതെന്നു ചോദിക്കരുത്. പക്ഷേ അദ്ഭുതപ്പെടുത്തുന്നത് അതല്ല. ബെല്ലും ബ്രേക്കുമില്ലാതെ, നിയമ കാര്യങ്ങൾ നോക്കാതെ എന്തും വിളിച്ചുപറയുന്നവർക്ക് ലൈക്കും ഷെയറും ലക്ഷങ്ങളിലേക്കു കടക്കുന്നുവെന്നതാണ്. ലൈക്കും ഷെയറും കൂടുന്നതനുസരിച്ച് വരുമാനവും കൂടുന്നു. ലോക്ഡൗൺ കാലത്ത് ഇങ്ങനെ വരുമാനം ഉണ്ടാക്കുന്നവരുടെ ആരാധകരായി ജനപ്രതിനിധികൾ പോലും മാറുന്നു എന്നത് അതിലും വലിയ അദ്ഭുതം. തങ്ങളുടെ സ്വകാര്യ താൽപര്യങ്ങൾക്കായി ഇത്തരം ഓൺലൈൻ മാധ്യമങ്ങൾ ജനപ്രതിനിധികളുൾപ്പെടെ പലരും നടത്തുന്നുണ്ടെന്ന കാര്യം പരസ്യമായ രഹസ്യവുമാണ്.

വ്യവസ്ഥാപിത മാധ്യമ പ്രവർത്തകർക്ക് നിയമ വ്യവസ്ഥയെ മാനിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് പീഡനത്തിന് വിധേയയാകുന്നവരുടെ വിവരങ്ങൾ രഹസ്യമാക്കി വയ്ക്കുക, കുട്ടികൾ കുറ്റകൃത്യങ്ങളിലേർപ്പെട്ടാൽ അവരുടെ ചിത്രം പ്രസിദ്ധീകരിക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ വ്യവസ്ഥാപിത മാധ്യമങ്ങൾ ചെയ്യുന്നത് നിയമവ്യവസ്ഥയെ മാനിക്കുന്നതു കൊണ്ടാണ്. എന്നാൽ ഓൺലൈൻ മാധ്യമങ്ങൾക്ക് ഇതൊന്നും ബാധകമല്ല. അതുകൊണ്ടു തന്നെ വായനക്കാരുടെ വിചാരം വ്യവസ്ഥാപിത മാധ്യമങ്ങൾ പലതും ഒളിച്ചു വയ്ക്കുന്നു എന്നും ഓൺലൈൻ മാധ്യമങ്ങളിതെല്ലാം ഭയപ്പെടാതെ കൊടുക്കുന്നുവെന്നുമാണ്.

കോവിഡ് കാലമായപ്പോഴേക്കും ഇത്തരം ഓൺലൈൻ മാധ്യമങ്ങളുടെ കുതിച്ചുകയറ്റം ഉണ്ടായതിനു പിന്നിൽ മറ്റു ചില കാര്യങ്ങളുമുണ്ട്. ലോക്ഡൗൺ നിയന്ത്രണങ്ങളിൽ മാധ്യമ പ്രവർത്തകർക്ക് ഇളവുണ്ട്. മാധ്യമ പ്രവർത്തകനെന്ന ലേബലുണ്ടെങ്കിൽ ലോക്ഡൗൺ നിയന്ത്രണം ലംഘിക്കാമെന്ന തോന്നലിൽ മാധ്യമ പ്രവർത്തകർ ചമയുന്നവർ ധാരാളമുണ്ട്. ലോക്ഡൗൺ നിയന്ത്രണം പാലിച്ച് വലിയ പരിമിതികൾക്കുള്ളിൽ നിന്നാണ് വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന മാധ്യമങ്ങൾ മുന്നോട്ടുപോയത്. അത് ഈ ഓൺലൈൻ മാധ്യമക്കാർ മുതലെടുക്കുകയായിരുന്നു എന്നു പറഞ്ഞാലും അതിശയോക്തിയില്ല. അതുകൊണ്ടാണല്ലോ ദുരൂഹമായ രീതിയിൽ മരിച്ച ഒരു പെൺകുട്ടിയുടെ വീട്ടിൽ പോയി ഉറഞ്ഞുതുള്ളാൻ കഴിഞ്ഞത്.

ആരും കേട്ടിട്ടും കണ്ടിട്ടുമില്ലാത്ത 'പത്രപ്രവർത്തക' അസോസിയേഷനുകൾ വരെ ഐഡന്റിറ്റി കാർഡും കൊടുത്ത് കുറേപ്പേരെ ഇറക്കിവിടുന്നതും ഈ കോവിഡ് കാലത്ത് കണ്ടു. വ്യാജനെ തിരിച്ചറിയാൻ പറ്റാത്ത ഈ അവസ്ഥ വലിയ ബുദ്ധിമുട്ടാണുണ്ടാക്കുന്നത്. മുറുക്കാൻ കട തുടങ്ങാൻ വരെ ലൈസൻസ് വേണ്ട ഇക്കാലത്ത് ഓൺലൈൻ മീഡിയ തുടങ്ങാൻ ഒരു ലൈസൻസും വേണ്ട എന്നത് ഭയപ്പെടുത്തുന്ന കാര്യം തന്നെയാണ്. ഇക്കാര്യത്തിൽ അഭിപ്രാ സ്വാതന്ത്ര്യത്തിന്റെ വിലക്കൊന്നുമില്ല. മാധ്യമ പ്രവർത്തനം ആണെങ്കിൽ അതിനൊരു വ്യവസ്ഥ ഉണ്ടാവുകതന്നെ വേണം. ഇതിപ്പോൾ നെല്ലും പതിരും തിരിച്ചറിയാൻ ജനത്തിനു കഴിയാതെ പോകുന്ന അവസ്ഥ. ഈ കോവിഡ് കാലത്തുതന്നെ കൊറോണ സംബന്ധമായി എന്തെല്ലാം അബദ്ധങ്ങളാണ് ഓൺലൈൻ മാധ്യമങ്ങൾ പ്രചരിപ്പിച്ചതെന്നും മനസ്സിലാക്കേണ്ടതുണ്ട്. ആരു പറയുന്ന എന്ത് അബദ്ധവും ഓൺലൈൻ മാധ്യമമെന്ന ലേബലിൽ വിദഗ്ധാഭിപ്രായമായി വിറ്റഴിക്കാം. നിർഭാഗ്യവശാൽ ഇതൊക്കെ ശരിയാണെന്നു വിശ്വസിക്കുന്നവരായി വലിയൊരു വിഭാഗം മാറി. കോവിഡ് കാലത്ത് അതിനൊരു കുതിച്ചുചാട്ടം ഉണ്ടായെന്നു മാത്രം.

നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഓൺലൈൻ മാധ്യമങ്ങൾക്കുപോലും ഭീഷണിയാണ് ഇത്തരം വ്യാജ മീഡിയകൾ. ദ് വയ്ര് പോലുള്ള ഓൺലൈൻ മാധ്യമങ്ങൾ രാജ്യാന്തര തലത്തിൽ തന്നെ ശ്രദ്ധേയമാകുന്നത് അത് അതിന്റെ ഉള്ളടക്കം മെച്ചമാക്കുന്നതിലും ശരിയ വിവരങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിലും പുലർത്തുന്ന നിഷ്കർഷയിലൂടെയാണ്. എന്നാൽ സാക്ഷരരെന്ന് അഭിമാനിക്കുന്ന മലയാളി ഈ സത്യം മനസ്സിലാക്കുന്നില്ല. എന്തും കോപ്പി പേസ്റ്റ് ചെയ്ത് വയ്ക്കുന്നവർക്കു പോലും ലക്ഷക്കണക്കിന് ലൈക്ക് നൽകി പ്രോത്സാഹിപ്പിക്കുകയാണ് അവർ ചെയ്യുന്നത്. ഈ യാഥാർഥ്യം അവർ തിരിച്ചറിയുന്നില്ലെങ്കിൽ ഈ കോവിഡ് കാലത്തു മാത്രമല്ല, അതു കഴിഞ്ഞാലും 'ആ നടൻ ആ നടിയോടു ചെയ്തതു കണ്ടോ' എന്ന ടാഗ് ലൈൻ കാണുമ്പോൾ ക്ലിക്ക് ചെയ്ത് നോക്കി ലൈക്കടിക്കുന്നവരായി മലയാളി മാറും. ഈ രോഗത്തിനു മരുന്നുണ്ടോ വൈദ്യരേ എന്ന് ഓൺലൈനിൽ തന്നെ തിരയുകയും ചെയ്യും. ●





# നാം അതിജീവിച്ച കഥ

**സമസ്തമേഖലകളെയും പ്രതിസന്ധിയിലാക്കി കോവിഡ് ആഞ്ഞടിച്ച കാലത്ത് നമ്മുടെ പ്രസ് ക്ലബുകൾ എങ്ങനെ വെല്ലുവിളികളെ നേരിട്ടു? പ്രതിസന്ധിയെ അതിജീവിക്കാനും ദുരിതത്തിൽപ്പെട്ടവരെ സഹായിക്കാനും നമ്മൾ എങ്ങനെ കൈകോർത്തു? യൂണിയൻ ജില്ലാ കമ്മിറ്റികൾ നടത്തിയ ചില കോവിഡ് കാല പ്രവർത്തനങ്ങളിലൂടെ...**



മലപ്പുറം

## മാധ്യമപ്രവർത്തകർക്കൊപ്പം കൈത്താങ്ങായി

വിവരണാതീതമായ പ്രതിസന്ധികളിലൂടെ കടന്നുപോയപ്പോഴും മാധ്യമപ്രവർത്തകരുടെ കൂടെ നിൽക്കാൻ കഴിഞ്ഞുവെന്നതാണ് മലപ്പുറം പ്രസ് ക്ലബ്ബിന്റെ കോവിഡ് കാല അനുഭവം. പ്രസ് ക്ലബ് ദിവസങ്ങളോളം പൂട്ടിയിടേണ്ടി വന്ന, ഏക വരുമാന മാർഗമായ പത്രസമ്മേളനങ്ങൾ മാസങ്ങളോളം നടത്താൻ സാധിക്കാതെ വന്ന കോവിഡ് കാലത്തും മലപ്പുറത്തെ മാധ്യമ പ്രവർത്തകർക്ക് തണലും സാന്ത്വനവുമായി മാറാൻ കഴിഞ്ഞു.

കോവിഡ് കാലത്തിന്റെ തുടക്കത്തിൽതന്നെ ആറു തവണകളിലായി മാധ്യമ പ്രവർത്തകർക്ക് പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തി. കോവിഡ് പോസിറ്റീവ് ആയവരുടെ ചികിത്സയും ആശുപത്രിവാസവും സുഗമമാക്കുന്നതിന് നടപടി സ്വീകരിച്ചു. പോസിറ്റീവ് ആയവർക്ക് മാനസിക ധൈര്യം നൽകുന്നതിന് 'ബി പോസിറ്റീവ്' വാട്സാപ് ഗ്രൂപ്പ് ഉണ്ടാക്കി ഭാരവാഹികൾ മാനസി



മലപ്പുറത്തെ മാധ്യമ പ്രവർത്തകർക്കുള്ള മാസ്കും സാനിറ്റൈസറും ജില്ലാ പഞ്ചായത്ത് അധികൃതരിൽ നിന്ന് പ്രസ് ക്ലബ് പ്രസിഡൻറ് ശംസുദ്ദീൻ മുബാറക്കും സെക്രട്ടറി കെ.പി.എം.റിയാസും ഏറ്റുവാങ്ങുന്നു

ക പിന്തുണ നൽകി.

കോവിഡ് പ്രതിസന്ധിയിൽ ശമ്പളം കിട്ടാതെയും മറ്റും പ്രയാസത്തിലായ മാധ്യമ പ്രവർത്തകരെ തിരഞ്ഞെടുത്ത് അവർക്ക് അവശ്യസാധനങ്ങളുടെ കിറ്റ് രഹസ്യമായി എത്തിച്ചു നൽകി. തുടർന്ന് ജില്ലാ ആസ്ഥാനത്തെ മാധ്യമ പ്രവർത്തകർക്കായി കോവിഡ് കാലത്ത് രണ്ടു തവണ അവശ്യസാധനങ്ങളുടെ കിറ്റ് വിതരണം ചെയ്തു.

മാധ്യമ പ്രവർത്തകർക്ക് കോവിഡ് വാക്സിനേഷന് മുൻകയ്യെടുത്തു. വാക്സിനേഷന്റെ തുടക്കത്തിൽതന്നെ മുന്നണിപ്പോരാളികളെന്ന നിലയിൽ വാക്സീൻ നൽകുന്നതിന് നടപടിയെടുത്തു.

പലതവണകളായി മാസ്ക്, സാനിറ്റൈസർ എന്നിവ വിതരണം ചെയ്തു. മാസ്കും സാനിറ്റൈസറും ലഭ്യമാക്കുന്നതിനു മലപ്പുറം ജില്ലാ പഞ്ചായത്തും സാനിറ്റൈസർ ലഭ്യമാക്കുന്നതിനു കോട്ടയ്ക്കൽ ആര്യവൈദ്യശാലയും നൽകിയ സഹായം എടുത്തുപറയേണ്ടതാണ്. കുറ്റിപ്പുറം എംഇഎസ് എൻജിനീയറിങ് കോളജ് പ്രഫസർ വരദരാജൻ വികസിപ്പിച്ച ഹാൻഡ്ഫ്രീ ഹാൻഡ് വാഷ് ആൻഡ് സാനിറ്റൈസർ മെഷീൻ ക്ലബ്ബിൽ സ്ഥാപിച്ചു. ഇന്ത്യൻ പ്രഫഷണൽ കോൺഗ്രസിന്റെ സഹകരണത്തോടെ പ്രസ് ക്ലബ് പത്ര സമ്മേളന ഹാളിൽ മാസ്ക് സ്റ്റെറിലൈസിങ് യന്ത്രവും സ്ഥാപിച്ചു.

കോവിഡ് കാലത്തുതന്നെയാണ് കോട്ടയ്ക്കൽ മിംസ് ആശുപത്രിയുമായി ചേർന്ന് പ്രസ് ക്ലബ് നടപ്പാക്കുന്ന ആരോഗ്യ പദ്ധതിയുടെ ഹെൽത്ത് കാർഡുകളുടെ വിതരണം നടന്നത്. സൗജന്യ ആരോഗ്യ പരിശോധന, ഒരു ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ്, മിംസിൽ അഡ്മിറ്റ് ആകുന്നവർക്ക് കുറഞ്ഞ നിരക്കിൽ ചികിത്സ, മരുന്നുകൾ എന്നിവ ഉൾപ്പെടുന്ന ആരോഗ്യ കാർഡ് ജില്ലാ ആസ്ഥാനത്തെ മാധ്യമ പ്രവർത്തകർക്ക് വിതരണം ചെയ്തു.

ജില്ലാ ആസ്ഥാനത്തെ മാധ്യമ പ്രവർത്തകർക്കു പുറമേ, ജില്ലയിലെ വിവിധ പ്രസ് ഫോറങ്ങളിലെ അംഗങ്ങൾക്കു കോവിഡ് പരിശോധനയ്ക്കും വാക്സിനേഷനും പ്രസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സഹായം നൽകാനും കഴിഞ്ഞു. ●



കോഴിക്കോട്

# പരിശോധന ക്യാമ്പുകൾ മുതൽ വാക്സിനേഷൻ വരെ



ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് കാലിക്കറ്റ് പ്രസ്ക്ലബ് നടത്തിയ കോവിഡ് പരിശോധനാ ക്യാമ്പിൽ നിന്ന്

**കോ**വിഡ് വ്യാപനത്തിന്റെ തുടക്കം തൊട്ടേ അംഗങ്ങൾക്ക് വേണ്ടി വിപുലമായ ക്ഷേമപ്രവർത്തനങ്ങളാണ് കാലിക്കറ്റ് പ്രസ് ക്ലബ് നടത്തിയത്. രോഗബാധയുടെ ആദ്യഘട്ടത്തിൽ കോവിഡ് നിർണയത്തിനായി പ്രത്യേക ക്യാമ്പുകൾ പ്രസ് ക്ലബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഒന്നര വർഷത്തിനുള്ളിൽ ഒമ്പത് തവണ ഇങ്ങനെ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന് പുറമെ ബീച്ച് ഗവ. ആശുപത്രിയിൽ ദിവസവും രോഗപരിശോധനയ്ക്കുള്ള ഏർപ്പാടും ചെയ്തു.


മാസങ്ങൾ നീണ്ട ലോക്ക് ഡൗണും ശമ്പളം വെട്ടിക്കുറയ്ക്കലും കാരണം പ്രതിസന്ധിയിലായ ജില്ലയിലെ പത്രപ്രവർത്തകർക്ക് മുഴുവൻ കഴിഞ്ഞ വർഷം ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്തു. ബ്യൂറോകളിലും ഡെസ്കിലും ജോലി ചെയ്യുന്ന അംഗങ്ങളല്ലാത്തവർക്കും ഈ കിറ്റ് നൽകി. കോവിഡ് ബാധിതരായ പത്രപ്രവർത്തകർക്ക് വൈദ്യസഹായം അടക്കമുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്താനായി കോവിഡ് ഹെൽപ്ഡെസ്ക് എന്ന പേരിൽ വാട്ട്സ്ആപ്പ് ഗ്രൂപ്പും ഏർപ്പെടുത്തി. കോവിഡ് പോസിറ്റീവാകുന്ന പത്രപ്രവർത്തകരെ ഈ ഗ്രൂപ്പിൽ ചേർത്ത് അവരുടെ പ്രശ്നങ്ങൾ മനസിലാക്കുകയും ആവശ്യമുള്ളവർക്ക് ടെലിമെഡിസിൻ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. കോവിഡ് രോഗം ഭേദമായ പലർക്കും നിരവധി ആരോഗ്യപ്രശ്നങ്ങൾ കണ്ടുതുടങ്ങിയപ്പോൾ ആയുർവേദ വകുപ്പിന്റെ സഹായത്തോടെ ഓരോരുത്തരെയും നേരിട്ട് വിളിച്ച് അവരുടെ ബുദ്ധിമുട്ടുകൾ മനസിലാക്കി ആയുർവേദ മരുന്ന് കിറ്റ് വിതരണം ചെയ്തു. പകർച്ച വ്യാധികളെ ചെറുക്കാൻ സഹായിക്കുന്ന ഹോമിയോ പ്രതിരോധ മരുന്നുകൾ, മാസ്കുകൾ, സാനിറ്റൈസർ എന്നിവ എല്ലാ അംഗങ്ങൾക്കും നൽകി.

മാർച്ച് മാസത്തിലും മെയ് മാസത്തിലും നടന്ന പ്രത്യേക ക്യാമ്പുകളിലായി നല്ലൊരു വിഭാഗം മാധ്യമപ്രവർത്തകർക്കും രണ്ട് ഡോസ് പ്രതിരോധ വാക്സിൻ നൽകാനായി. മൂന്ന് മാസത്തിനുള്ളിൽ ജില്ലയിലെ മുഴുവൻ മാധ്യമപ്രവർത്തകർക്കും രണ്ട് ഡോസ് വാക്സിനേഷൻ ഉറപ്പുവരുത്തുന്നതിനുള്ള നിരന്തര പ്രയത്നത്തിലാണ് കാലിക്കറ്റ് പ്രസ് ക്ലബ്. ●





കോവിഡ് രണ്ടാം തരംഗഭീതിക്കിടെ മാധ്യമ പ്രവർത്തകർക്ക് വിതരണം ചെയ്യാനുള്ള ഭക്ഷ്യക്കിറ്റ് പ്രമുഖ പച്ചക്കറി വ്യാപാരി എ എം എച്ച് വെജിറ്റബിൾസ് ഉടമ എ.എം. ഹനീഫയിൽ നിന്ന് പ്രസ് ക്ലബ് സെക്രട്ടറിയായിരുന്ന ഷജിൽ കുമാർ ഏറ്റുവാങ്ങിയപ്പോൾ. പ്രസിഡൻറ് ലത്തീഫ് നഹ, പ്രജിത്ത്, രാജേഷ് എന്നിവർ സമീപം



പാലക്കാട്


# പ്രതിസന്ധിയിലും സജീവം; ആശ്വാസമായി കിറ്റുകൾ

**പ്രസ് ക്ലബിൽ പ്രവർത്തന നിയന്ത്രണം ഏർപ്പെടുത്തുകയും പത്രസമ്മേളനങ്ങൾ കുറയുകയും വരുമാനം നിലച്ചു ശമ്പളം പോലും കൊടുക്കാൻ വിഷമിക്കുകയും ചെയ്ത സാഹചര്യമായിരുന്നു കോവിഡിന്റെ തുടക്കത്തിൽ പാലക്കാട് പ്രസ് ക്ലബിൽ. ഒത്തുകൂടാൻ പോലും പേടിച്ചിരുന്ന ആദ്യഘട്ടം. വാളയാർ അതിർത്തി വാർത്തയുടെ കൂടി കവാടമായതിനാൽ പാലക്കാട്ടെ മാധ്യമ പ്രവർത്തകർ ആശങ്കയുടെ ഓരം ചേർന്നായിരുന്നു എന്നും ജോലിക്കിറങ്ങിയത്. എന്നിട്ടും ആരും തളർന്നില്ല.**

പാലക്കാട്ടെ മാധ്യമപ്രവർത്തകരുടെ ആരോഗ്യരക്ഷ തന്നെയായിരുന്നു പ്രഥമ പരിഗണന. ആയുഷ് വകുപ്പുമായി ചേർന്നും ജില്ലാ പഞ്ചായത്തുമായി സഹകരിച്ചും പാലക്കാട്ടെ എല്ലാവർക്കും ആയുർവേദ കിറ്റ് മൂന്നു ഘട്ടങ്ങളിലായി വിതരണം ചെയ്തായിരുന്നു കോവിഡ് പ്രതിരോധത്തിന്റെ തുടക്കം. സാനിറ്റൈസറും ഹാൻഡ് വാഷും മാസ്കും മുഴുവൻ മാധ്യമ പ്രവർത്തകരുടെയും കുടുംബങ്ങൾക്ക് നൽകിക്കൊണ്ടു സ്വയം സുരക്ഷയുടെ സന്ദേശം വീടുകളിലെത്തിച്ചു. എല്ലാവർക്കും സോപ്പ് കിറ്റ് നൽകി. ജില്ലാ ആരോഗ്യവകുപ്പുമായി ചേർന്ന് ആന്റിജൻ പരിശോധന മാത്രമല്ല, രണ്ടാം തരംഗം വരും മുൻപ് മുഴുവൻ മാധ്യമ പ്രവർത്തകർക്കും വാക്സിൻ ലഭ്യമാക്കാനും ടീം പ്രസ് ക്ലബ് തന്നെ മുൻകൈയെടുത്തു. പല സഹപ്രവർത്തകരെയും കുടുംബത്തെയും കോവിഡ് പരീക്ഷിച്ചു തുടങ്ങിയതോടെ അവരുടെ ആശുപത്രി പ്രവേശവും തുടർ ചികിത്സയുമെല്ലാം ആരോഗ്യവിഭാഗവുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തി. കോവിഡ് പ്രതിസന്ധിയിൽ ശമ്പളം പോലും കൃത്യമായി ലഭിക്കാത്ത സഹപ്രവർത്തകരെ ചേർത്തു പിടിച്ച് ഓണക്കിറ്റ് മുതൽ പല ഘട്ടങ്ങളിലായി ഭക്ഷ്യക്കിറ്റ് നൽകി. ജില്ലയിലെ ജനപ്രതിനിധികളും വ്യവസായ പ്രമുഖരുമെല്ലാം ഇതിനായി പ്രസ് ക്ലബിനോട് സഹകരിച്ചു. ഓണത്തിനു ഭക്ഷ്യക്കിറ്റ്, പച്ചക്കറികിറ്റ്, ഓണക്കോടി. വീണ്ടും കോവിഡ് കടുത്തപ്പോൾ 10 കിലോ അരിയുടെ കിറ്റ്, രണ്ടാം തരംഗം ആഞ്ഞുവീശിയപ്പോൾ 1200 രൂപ വിലവരുന്ന ഭക്ഷ്യക്കിറ്റ്, 10 കിലോ അരി, ക്രിസ്മസിനു കേക്ക്, സുവർണ ജൂബിലി സമ്മാനമായി എല്ലാവർക്കും ഒരോ ബെഡ്ഷീറ്റ് തുടങ്ങി ഒട്ടേറെ സഹായങ്ങളുമായി എന്നും സഹപ്രവർത്തകരുടെ കയ്യെത്തും ദൂരത്തുണ്ടായിരുന്നു.

ഇഷ ഫൗണ്ടേഷനുമായി ചേർന്ന് ഓൺലൈൻ യോഗ, പാലക്കാട്ടെ വിജീസ് ക്ലിനിക്കിലെ വിജിത പ്രേംസുന്ദർ നയിച്ച മൂന്നു ദിവസത്തെ ക്ലിനിക്കൽ സൈക്കോളജി ക്ലാസ്, പത്രപ്രവർത്തകരുടെ മാനസികോല്ലാസം തിരിച്ചുപിടിക്കുന്നതിനായി പ്രസ് ക്ലബിൽ നടത്തിയ സൂക്ഷ്മ തായമ്പകയുടെ പ്രദർശനം, തെരുവു മജീഷ്യന്റെ മാജിക് പ്രദർശനം, നവരംഗ് പാലക്കാടുമായി ചേർന്നു പത്രപ്രവർത്തകർക്കായി നാടകം തുടങ്ങി വ്യത്യസ്തങ്ങളായ പരിപാടികളുമായി സജീവമായിരുന്നു പാലക്കാട് പ്രസ് ക്ലബ്.

പ്രതിസന്ധിക്കിടെയാണു പാലക്കാട് പ്രസ് ക്ലബിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം സംഘടിപ്പിച്ചത്. ഒരേ മനസ്സോടെ, ഒരേ ചിന്തയോടെ പ്രവർത്തിച്ചതിന്റെ ഫലമായിരുന്നു ഈ മുന്നേറ്റങ്ങൾ. ●





പത്തനംതിട്ട

# അപൂർവ പ്രതിസന്ധിയിലെ അതിജീവന വഴി

കോവിഡിന്റെ പ്രധാനഘട്ടം കേരളത്തിൽ ആരംഭിക്കുന്നത് പത്തനംതിട്ടയിലാണ്. 2020 മാർച്ച് എട്ടിന് അപ്രതീക്ഷിതമായാണ് പത്തനംതിട്ട ഒരു അടച്ചിടലിലേക്ക് നീങ്ങിയത്. സമാനതകളില്ലാത്ത സംഭവവികാസങ്ങൾ, ഭയം, ആധി. ജീവിതം മാറിമറിഞ്ഞപ്പോഴും മുഖംമൂടികളും കൈയുറകളുമായി മാധ്യമലോകവും ജോലിയിൽ വ്യാപൃതരായി. പത്തനംതിട്ടയിൽ നിന്നാരംഭിച്ച ബ്രേക്ക് ദ് ചെയ്നും റൂട്ട്മാപ്പുമൊക്കെ ഏറ്റെടുത്ത് പുറംലോകത്തേക്ക് എത്തിച്ചതു പത്തനംതിട്ടയിലെ മാധ്യമ പ്രവർത്തകരാണ്.

മാസ്ക്, സാനിറ്റൈസർ എന്നിവയുടെ ലഭ്യത പ്രസ്ക്ലബ് മുഖേന ഉറപ്പാക്കി. ഹോമിയോ, ആയുർവേദ വകുപ്പുകൾ മാധ്യമ പ്രവർത്തകർക്ക് മരുന്നുകൾ എത്തിച്ചു നൽകി. ബോധവത്കരണ ക്ലാസുകൾ പ്രസ്ക്ലബ് ക്രമീകരിച്ചു. പത്രസമ്മേളനങ്ങൾ നടത്താൻ കഴിയാതെ അടച്ചിടേണ്ടി വന്നപ്പോൾ പ്രസ്ക്ലബും പ്രതിസന്ധിയിലായി. അപ്പോഴും ഓഫീസ് സ്റ്റാഫിന്റെ ശമ്പളം മുടങ്ങാതിരിക്കാൻ ക്രമീകരണം ചെയ്തു. മാധ്യമപ്രവർത്തകർക്ക് ശമ്പളം മുടങ്ങിയപ്പോൾ ജില്ലാ സ്പോർട്സ് കൗൺസിൽ ഹോസ്റ്റലുമായി സഹകരിച്ച് ഭക്ഷണ ലഭ്യത ഉറപ്പാക്കി. മാധ്യമപ്രവർത്തകർക്കിടയിൽ നിന്നുതന്നെ സമാഹരിച്ച തുക ഉപയോഗിച്ച് 30 സഹപ്രവർത്തകർക്ക് ഭക്ഷ്യക്കിറ്റ് നൽകി.

മാധ്യമപ്രവർത്തകർക്ക് കോവിഡ് പരിശോധനയ്ക്ക് തടസമില്ലാതെ ക്രമീകരണം ചെയ്തു. ജില്ലാ ആരോഗ്യവകുപ്പും ദേശീയാരോഗ്യ ദൗത്യവും പ്രസ്ക്ലബിന്റെ ഏത് ആവശ്യങ്ങളിലും ഒപ്പം നിന്നു.

വ്യാപനം മറ്റൊരു ഘട്ടത്തിലേക്കു കടന്നപ്പോൾ മാധ്യമപ്രവർത്തകർ പലരും പോസിറ്റീവായി. ഇവരെല്ലാം സുഖം പ്രാപിച്ചുവെന്നത് ഏറെ ആശ്വാസം. ഓണക്കാലത്തും പ്രതിസന്ധികൾ ഏറെയുണ്ടായിരുന്നെങ്കിലും യൂണിയൻ അംഗങ്ങളും മറ്റ് മാധ്യമ പ്രവർത്തകരും ഒപ്പം പ്രവർത്തിക്കുന്നവരുമടക്കം 100ലധികം ആളുകൾക്ക് സമ്പുഷ്ടമായ ഭക്ഷ്യക്കിറ്റുകൾ തന്നെ നൽകി.

കോവിഡുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ ഉണ്ടായ പ്രതിസന്ധി, അതിജീവനം ഇവ ഉൾക്കൊള്ളിച്ച് 'അതിജീവനം' എന്ന പേരിൽ ഡോ. ജിജോ മാത്യുവിന്റെ മുഖ്യപത്രാധിപത്യത്തിൽ സ്മരണിക പുറത്തിറക്കി.

മാർച്ച് ആദ്യവാരം തന്നെ പത്തനംതിട്ടയിൽ കോവിഡ് വാക്സിനേഷനുവേണ്ട ക്രമീകരണം ചെയ്യാനായത് വലിയ നേട്ടമായി. സംസ്ഥാനത്തുതന്നെ ആരോഗ്യവകുപ്പ്, എൻഎച്ച്എം സംവിധാനങ്ങളിൽ മാധ്യമപ്രവർത്തകർക്ക് വാക്സിൻ എത്തിച്ച ആദ്യജില്ല പത്തനംതിട്ടയാണ്. ഏപ്രിൽ പകുതിയിലെത്തിയപ്പോഴേക്കും 95 ശതമാനം മാധ്യമപ്രവർത്തകർക്കും വാക്സിൻ ലഭ്യമാക്കി.

രണ്ടാം തരംഗത്തിലും ബുദ്ധിമുട്ടുകളേറെ ഉണ്ടായെങ്കിലും താങ്ങും കരുതലുമായി പ്രസ്ക്ലബ് മാധ്യമപ്രവർത്തകർക്കൊപ്പം നിന്നു.സ്പോർട്സ് കൗൺസിൽ ഹോസ്റ്റലുമായി ചേർന്ന് ഉച്ചഭക്ഷണ ക്രമീകരണം ഇത്തവണയുമുണ്ടായി. സ്പോർട്സ് കൗൺസിൽ ഹോസ്റ്റൽ അടുക്കളയിലേക്ക് പല ഘട്ടങ്ങളിലായി മാധ്യമപ്രവർത്തകരുടെ സഹായവും എത്തിച്ചു. ●



പത്തനംതിട്ട പ്രസ് ക്ലബ് പുറത്തിറക്കിയ 'അതിജീവനം' സ്മരണിക പ്രകാശനം നിയമസഭാ ഡപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവഹിക്കുന്നു

# സുഭിക്ഷമായി ഭക്ഷ്യധാന്യം; വാക്സിൻ മെഗാ ക്യാമ്പ്



ആലപ്പുഴ

കോവിഡ് പ്രതിസന്ധിയെ അതിജീവിക്കാൻ നിരവധി പ്രവർത്തനങ്ങളാണ് ആലപ്പുഴ പ്രസ് ക്ലബ് എറ്റെടുത്തത്. യൂണിയൻ അംഗങ്ങളല്ലാത്തവരെയും ചാനൽ യൂണിറ്റുകളിലെ അനുബന്ധ ജീവനക്കാരെയും കൂടി ഉൾപ്പെടുത്തിയായിരുന്നു ക്ഷേമ പ്രവർത്തനങ്ങളൊക്കെയും. നാലുതവണയായി ഒ



കോട്ടയം പ്രസ്ക്ലബ്ബിലെ കോവിഡ് പരിശോധന ക്യാമ്പിൽ നിന്ന്



കോട്ടയം

# സാന്ത്വന കൂപ്പണുകളുമായി സഹപ്രവർത്തകർക്കൊപ്പം

**കോവിഡ്** ആശങ്കപടർത്തിയ നാളുകളിൽ കോട്ടയം പ്രസ്ക്ലബ് അഭയകേന്ദ്രമായി. 2020 മാർച്ചിലെ ആദ്യ ലോക്ഡൗൺ മുതൽ പ്രസ്ക്ലബിലെ അംഗങ്ങൾക്കും സഹകരിക്കുന്ന വലിയ വിഭാഗം മാധ്യമ സുഹൃത്തുക്കൾക്കും കരുതലേകാനായി. കോവിഡ് നിയന്ത്രണങ്ങൾക്കിടയിലും മുടക്കമില്ലാതെ പ്രസ്ക്ലബ് തുറന്നു പ്രവർത്തിച്ചു. ആദ്യഘട്ടത്തിൽ കോവിഡ് പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു. മാസ്കും സാനിറൈറ്റൈസറും ലഭ്യമാകാതിരുന്ന സമയത്ത് അത് ലഭ്യമാക്കി. കോവിഡ് അവബോധ ക്യാമ്പ് നടത്തി. കോവിഡ് ജാഗ്രതയുടെ ഭാഗമായി പ്രസ്ക്ലബ് ഒരു ഫസ്റ്റ്എയ്ഡ് സെന്ററിനു സമാനമാക്കി. ഇൻഫ്രാറെഡ് തെർമോമീറ്റർ, പിന്നീട് ഓക്സിമീറ്റർ, രക്തസമ്മർദവും പ്രമേഹവും നോക്കുന്നതിനുള്ള ഉപകരണങ്ങൾ തുടങ്ങിയവ പ്രസ്ക്ലബിൽ സജ്ജീകരിച്ചു. കോട്ടയം പ്രസ് ക്ലബുമായി സഹകരിക്കുന്ന എല്ലാ മാധ്യമപ്രവർത്തകർക്കും നാലു തവണ അവശ്യ സാധന കിറ്റ് നൽകിനായി. വളരെ ബുദ്ധിമുട്ടുള്ള സഹപ്രവർത്തകർക്ക് എല്ലാ മാസവും സാന്ത്വനകിറ്റ് കൂപ്പൺ നൽകിവരുന്നു. അംഗങ്ങളായ മാധ്യമപ്രവർത്തകരുടെ കരുതലിലാണ് ഈ ഈ പദ്ധതി മുന്നോട്ടു പോകുന്നത്.

നാലുതവണ കോവിഡ് പരിശോധന പ്രസ്ക്ലബിൽ നടത്തി. ജില്ലാ ആശുപത്രിയിൽ പരിശോധനയ്ക്ക് ക്രമീകരണം ഏർപ്പെടുത്തി. കോവിഡ് ബാധിച്ച സുഹൃത്തുക്കൾക്ക് വേണ്ട ചികിത്സയ്ക്കുള്ള സൗകര്യവും ചെയ്തു. രോഗ ആശങ്ക ഉയർത്തിപ്പോൾ ക്ലബ് പലതവണ അണുമുക്തമാക്കി.

ആരോഗ്യവകുപ്പ് സഹായത്തോടെ പ്രസ്ക്ലബിൽ രണ്ടു തവണ വാക്സിനേഷൻ ക്യാമ്പ് നടത്തി. ആരോഗ്യവകുപ്പിന്റെ മറ്റു കേന്ദ്രങ്ങളിലും ക്രമീകരണം ചെയ്തു നൽകി. പ്രസ്ക്ലബിന്റെ മുഖമുദ്രയായ പ്രവർത്തനങ്ങളും ചടങ്ങുകളും ഒഴിവാക്കാതെയാണ് ഇതെല്ലാം സാധ്യമാക്കുന്നത്. ലോക്ഡൗൺ കാലാവസ്ഥയിൽ വരുത്തിയ മാറ്റത്തെക്കുറിച്ച് 2020 ലെ പരിസ്ഥിതി ദിനത്തിൽ എംജി സർവകലാശാല പ്രോ വിസി ഡോ. സിടി അരവിന്ദ് കുമാറിന്റെ പ്രഭാഷണം സംഘടിപ്പിച്ചു. ●

രാൾക്ക് 10000 രൂപയുടെ വീതം ഭക്ഷ്യസാധനങ്ങൾ ഇതുവരെ വിതരണം ചെയ്തു.

സുരക്ഷിതമായി ജോലി ചെയ്യുന്നതിന് നിരവധി തവണ സാനിറ്റൈസറും എൻ95 മാസ്ക്കും നൽകി. രോഗവ്യാപനം രൂക്ഷമായ ഘട്ടത്തിൽ മുഴുവൻ അംഗങ്ങൾക്കും ആർടിപിസിആർ ടെസ്റ്റ് നടത്തി. ഫേസ് ഷീൽഡും ലഭ്യമാക്കാൻ കഴിഞ്ഞു.

കോവിഡ് ബാധിതരായ അംഗങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കാനും ക്വാറന്റീനിൽ കഴിഞ്ഞ സാമ്പത്തിക ബുദ്ധിമുട്ടുള്ള അംഗങ്ങൾക്ക് അവശ്യസാധനങ്ങൾ എത്തിക്കാനുമായി. ക്വാറന്റീൻ സൗകര്യമില്ലാത്തവർക്ക് അതിന് സംവിധാനം ഒരുക്കി.

നോൺ ജേർണലിസ്റ്റുകൾക്കടക്കം 425ൽ അധികം പേർക്ക് മെഗാ ഓൺലൈൻ രജിസ്ട്രേഷൻ ക്യാമ്പിലൂടെ കോവിഷീൽഡ് വാക്സിൻ ലഭ്യമാക്കി.



ആലപ്പുഴ പ്രസ്ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന ഭക്ഷ്യധാന്യക്കിറ്റ് വിതരണം

പുസ്തകപ്പുര




**മുടിപ്പേച്ച് (നോവൽ)**
**രവിവർമ തമ്പുരാൻ**
**മനോരമ ബുക്സ്**
**വില: 320**



**എം.എ. അനൂജ്**
സീനിയർ റിപ്പോർട്ടർ
മലയാള മനോരമ

# നവോത്ഥാനത്തിന്റെ നേർവഴികൾ

ഒരു വഴിയുടെ കഥയാണ് 'മുടിപ്പേച്ച്'. പ്രണയിച്ച യുവാവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട വിചാരണത്തടവു കഴിഞ്ഞ്, കുറ്റത്തിൽ പങ്കില്ലാത്തതിനാൽ കോടതി വിട്ടയച്ച ശ്രുതകീർത്തി വീടു വയ്ക്കുന്ന പറമ്പിലേക്കു റോഡിൽ നിന്നു വഴി വെട്ടണം. ശ്രുതിയെന്ന ബ്രാഹ്മണ സ്ത്രീയുടെ കുടുംബത്തിൽ നിന്നു കുടികിടപ്പു കിട്ടിയ മറ്റൊരു കുടുംബം വഴി കയ്യേറിയിരിക്കുന്നു. പാരമ്പര്യത്തെ പരിഹസിച്ച് എല്ലാവരും ഒറ്റപ്പെടുത്തുന്ന അവസ്ഥയിൽ നിന്ന് ശ്രുതിക്കു പറമ്പിലേക്കുള്ള വഴി കിട്ടുമോ?

മുടിപ്പേച്ച് എന്ന നോവൽ ഈയൊരു വഴിക്കഥ മാത്രമല്ല. ചീരാമ കവിയിൽ തുടങ്ങി വാസ്കോഡ ഗാമയുടെയും എഴുത്തച്ഛന്റെയും കാലം കടന്ന് കോവിഡ് കാലം വരെയുള്ള നവോത്ഥാന പോരാട്ടങ്ങളുടെ വഴിക്കഥയാണ് മലയാള മനോരമ സീനിയർ അസിസ്റ്റന്റ് എഡിറ്റർ കൂടിയായ രവിവർമ തമ്പുരാൻ കൈത്തഴക്കത്തിലൂടെ വെട്ടിത്തെളിച്ചെടുത്ത മുടിപ്പേച്ച്.

യഥാർഥത്തിൽ എന്താണു നവോത്ഥാനം എന്നു വായനക്കാരനു ചിന്തിക്കാനുള്ള വഴികൂടി തുറന്നിടുന്നുണ്ട് എഴുത്തുകാരൻ.

ചരിത്ര സംഭവങ്ങളെ വർത്തമാനകാലവുമായി ബന്ധിപ്പിച്ചു നെയ്തെടുക്കുന്ന കഥ ഒരുപാടു ചർച്ചകൾക്കും വഴിയൊരുക്കും. ഒരു നോവലുമായി ബന്ധപ്പെട്ട് അറുപതോളം പുസ്തകങ്ങളുടെ കടപ്പാട് രവിവർമ തമ്പുരാൻ നോവലിനൊടുവിൽ ചേർത്തിട്ടുണ്ട്. അതിലധികം പുസ്തകങ്ങൾ വായിച്ച അനുഭവമാണ് വായനക്കാരനു 'മുടിപ്പേച്ച്' ശേഷിപ്പിക്കുന്നത്. ചരിത്രം ഏകപക്ഷീയമല്ല. നാവിനു ബലമുള്ളവർ പറഞ്ഞു വയ്ക്കുന്നതാണു ചരിത്രമായി ഭാവികാലം കാണുന്നതെന്നും അതിനപ്പുറം സത്യത്തിന്റെ മറ്റു പല പക്ഷങ്ങൾ ഓരോ സംഭവങ്ങളിലുമുണ്ടാകുമെന്നും നോവൽ വായിച്ചു തീരുമ്പോൾ വായനക്കാരൻ ചിന്തിച്ചുതുടങ്ങും.



രവിവർമ തമ്പുരാൻ

ഈ നോവലിലെ പല അഭിപ്രായങ്ങളോടും വായനക്കാർക്കു വിയോജിപ്പുണ്ടാകാം. ആ വിയോജിപ്പിനുള്ള ഇടം കൂടി ഒഴിച്ചിട്ടാണ് കഥ മുന്നോട്ടുപോകുന്നത്.


മുടിപ്പേച്ചിനെ ഒരു ചരിത്ര കഥയെന്നോ സയൻസ് ഫിക്ഷൻ എന്നോ സാമൂഹിക കഥയെന്നോ ഇവയെല്ലാം കൃത്യമായി ചേർത്ത മനുഷ്യപക്ഷ കഥയെന്നോ പറയാം. ടൈംട്രാവൽ എന്ന ആശയം മലയാള നോവലുകളിൽ അധികം കണ്ടിട്ടില്ല. മുടിപ്പേച്ച് 'കാലാംഗന' എന്ന ഭാവനയായും സാങ്കേതികവിദ്യയായും ടൈംട്രാവലിനെ വിദഗ്ധമായി ചേർത്തു നിർത്തുന്നു. നാൽപതോളം സാംസ്കാരിക, നവോത്ഥാന നായകരെ വിശദമായും നൂറോളം ചരിത്രവ്യക്തിത്വങ്ങളെ ലളിതമായും പരാമർശിച്ചാണ് നോവൽ പൂർത്തിയാകുന്നത്.

ഒടുവിൽ, ശ്രുതിക്കു വീട്ടിലേക്കുള്ള വഴി തുറന്നു കിട്ടുമോ? ശ്രുതിയും സംഘവും കാലാംഗനയെന്ന കാലചക്രത്തോടു ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കിട്ടുമോ? അതിനെല്ലാം കാലചക്രം പറയുന്ന ഒറ്റവാക്ക് മറുപടി മതിയാകും: 'ചരിത്രം പഠിക്കുക'. ●



പുസ്തകപ്പുര

# ഏദൻ: ആസക്തിയുടെ അന്വേഷണങ്ങൾ



എം. ബിജുമോഹൻ
സീനിയർ റിപ്പോർട്ടർ
കേരളകൗമുദി


ആധുനികത സൃഷ്ടിച്ച ഗൗരവപൂർണമായ ദാർശനിക ആഖ്യാനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ ആവിഷ്കാരമാണ് മലയാള സാഹിത്യത്തിലെ പുതുനോവലുകളുടെ പ്രത്യേകത. ഭാഷയിലും ആശയത്തിലും ദുർഗ്രഹത ഒഴിവാക്കിയും വായനക്കാരെ കൈപിടിച്ച് കൂടെ നടത്തിയും നോവലെഴുത്തുകാർ പുതിയൊരു എഴുത്തുനിയമം തന്നെ ഉണ്ടാക്കിയിട്ടുണ്ടെന്ന് തോന്നുന്നു.

എഴുപതുകളിൽ നിഷേധത്തിന്റെ കലാപക്കൊടിയുമായെത്തിയ ആധുനിക ഭാവുകത്വം ഇല്ലാതാക്കിയ വായനയുടെ ജനകീയത മലയാള സാഹിത്യം തിരിച്ചുപിടിക്കുന്നത് നോവലിലൂടെയാണ്. വായന ക്ലേശരഹിതമാക്കുക എന്ന് എഴുത്തുകാരൻ തീരുമാനിച്ചു കഴിഞ്ഞു. സുതാര്യത മോശമാണെന്ന ധാരണയ്ക്ക് മാറ്റമുണ്ടായിരിക്കുന്നു. അതുകൊണ്ടുതന്നെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നത് നോവലുകളാണ്. പ്രമേയത്തിലെ ഗാംഭീര്യം നിലനിറുത്തിക്കൊണ്ടുതന്നെ ആഖ്യാനത്തിൽ ലാളിത്യം പിന്തുടരാനുള്ള സമകാലിക നോവലിസ്റ്റുകളുടെ ശ്രമം ആഹ്ളാദത്തോടെയാണ് വായനക്കാർ ഏറ്റെടുത്തിരിക്കുന്നതെന്ന് ഇത് തെളിയിക്കുന്നു. ഒരുകാലത്ത് അവർണമായി കരുതപ്പെട്ടിരുന്ന ജനപ്രിയം, ജനകീയം എന്നീ വാക്കുകൾക്ക് ഇന്ന് സവിശേഷ സ്ഥാനം കൈവന്നിരിക്കുന്നു.

നൂതനമായ ഒരു ആശയത്തെ ലാളിത്യപൂർണമായ ആഖ്യാനത്തിലൂടെ അവതരിപ്പിക്കുകയാണ് കേരള കൗമുദി സബ് എഡിറ്റർ കൂടിയായ വിനോദ് ഇളകൊള്ളൂരിന്റെ 'ഏദൻ' എന്ന നോവൽ. ലൈംഗികത പാപമല്ലെന്നും അത് ശരീരത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ആവശ്യമാണെന്നുമുള്ള ആശയമാണ് നോവലിന്റെ പ്രമേയം. ഇതേ ആശയം പലകാലങ്ങളിലായി പലരും കൈകാര്യം ചെയ്തതുമാണ്. പക്ഷേ ഏദനിൽ അതിന് പുതിയ മാനം പകരുകയാണ് എഴുത്തുകാരൻ.

ആദ്യരാത്രിയിൽ യുവാവ് യുവതിയോട് കഥ പറയുന്ന രീതിയിലാണ് നോവൽ മുന്നോട്ടുപോകുന്നത്. ആദ്യരാത്രി കഥ പറഞ്ഞിരിക്കാനുള്ളതാണോ എന്ന യുവതിയുടെ ചോദ്യത്തിൽത്തന്നെയുണ്ട് ലൈംഗികതയുടെ പ്രസക്തി. യുവാവ് കഥയിലൂടെ പോകുന്നത് ആ പ്രസക്തിയിലേക്കാണ്.

ലൈംഗിക ചോദനകൾ ഉണർന്നുതുടങ്ങിയ പ്രായത്തിന് ശേഷവും വർഷങ്ങളോളം അതിനെ അടക്കിപ്പിടിച്ച് ആസക്തിയുടെ ഒളിവുജീവിതം നയിക്കേണ്ടിവരുന്ന ദുര്യോഗം മനുഷ്യനല്ലാതെ ലോകത്ത് മറ്റൊരു ജീവിക്കുമില്ലെന്ന് എഴുത്തുകാരൻ പറയുന്നു. സദാചാരത്തിലും സന്മാർഗത്തിലും ജീവിക്കുന്ന സമൂഹത്തിന് മുന്നിൽ ലൈംഗികാസക്തിയെ തുറന്ന പുസ്തകമായി കൊണ്ടുനടക്കുന്ന ഡോ.ജയകൃഷ്ണൻ അസാമാന്യ കഥാപാത്രമാണ്. വേശ്യകളെ വീട്ടിലെത്തിച്ച ജയകൃഷ്ണനെ പിടികൂടുന്ന നാട്ടുകാരുടെ വ്യാജ സദാചാര ബോധത്തെ ആക്ഷേപഹാസ്യത്തോടെ അവതരിപ്പിക്കുന്നുണ്ട്. പരാതികളെത്തുടർന്ന് ജയകൃഷ്ണനെ ചോദ്യം ചെയ്യാൻ വിളിപ്പിച്ച ആശുപത്രി മാനേജ്മെന്റ് പ്രതിനിധിയായ ഫാ. ജേക്കബ് കോട്ടയ്ക്കൽ അനുഭവിക്കുന്നത് കടുത്ത മാനസിക സംഘർഷമാണ്. താൻ അടിച്ചമർത്തിയ ആസക്തികൾ വല്ലാത്ത കുറ്റബോധം അദ്ദേഹത്തിൽ സൃഷ്ടിക്കുന്നുണ്ട്.




**ഏദൻ (നോവൽ)**
**വിനോദ് ഇളകൊള്ളൂർ**
**സൈന്ധവ ബുക്സ്, കൊല്ലം**
**വില: 130**



വിനോദ് ഇളകൊള്ളൂർ

അവിഹിത ജീവിതത്തെക്കുറിച്ച് പരസ്പരം സംശയിക്കുന്ന ദമ്പതികളായ ഡാനും ആനും ഒരു യാഥാർത്ഥ്യമാണ്. ശാന്തസുന്ദരമായ ദാമ്പത്യത്തിന്റെ ഉടമകളായിട്ടും ലൈംഗികാസക്തി ഇടയ്ക്കിടെ അവരുടെ ദാമ്പത്യ മതിൽ ചാടുന്നുണ്ട്. ഡാനിന്റെ കാമുകിയെക്കുറിച്ചറിയാൻ ആനും ആനിന്റെ കാമുകനെക്കുറിച്ചറിയാൻ ഡാനും എത്തുന്നത് ഒരേ ഡിക്ടിറ്റീവിന്റെ അടുത്താണെന്നു വരുന്നതോടെ കഥ മറ്റൊരു തലത്തിലേക്ക് കടക്കുന്നു. തുറന്ന ലൈംഗികത പാപമാണെന്ന് കരുതുന്ന സംസ്കാരത്തിന്റെ പ്രതിനിധികളായി പല കഥാപാത്രങ്ങളും എത്തുന്നുണ്ട്. ഇത്തരമൊരു വിഷയം സജീവമായി ചർച്ചചെയ്യാൻ പോലും ഭയപ്പെടുന്ന അവസ്ഥയിലാണ് നമ്മുടെ സദാചാര സങ്കൽപങ്ങൾ എന്നിടത്താണ് ഈ നോവലിന്റെ പ്രസക്തി.

നോവൽ അവസാനിക്കുന്നതിങ്ങനെ:

കുട്ടികളിലാരൊക്കെയോ പൂത്തിരികൾ തെളിച്ചു. പലനിറങ്ങളായി ചിതറിവീഴുന്ന തീപ്പൊരികൾക്ക് പിന്നിൽ അവരുടെ വിസ്മയം നിറഞ്ഞ മുഖങ്ങൾ തിളങ്ങി.

"മനുഷ്യജീവിതത്തേക്കാൾ മനോഹരമായി ഈ ലോകത്തിൽ വേറെന്തുണ്ട്" ? - ഡാനി ആനിനോട് ചോദിച്ചു.

"ഒന്നുമില്ല. മനുഷ്യജീവിതം തന്നെ ശ്രേഷ്ഠം."- ആൻ പറഞ്ഞു.

ഈ ചോദ്യത്തിന്റെയും ഉത്തരത്തിന്റയും ആകത്തുകയാണ് ഏദൻ എന്ന ചെറുനോവൽ. ●



പുസ്തകപ്പുര



# ചെറിയ വാക്കുകളിലെ വലിയ ലോകം




**നിലാവിൽ മുങ്ങിച്ചത്തവന്റെ ആത്മാവ്**
**(കവിതാ സമാഹാരം)**
**എബി ജോൺ തോമസ്**
**ചിത്രരശ്മി ബുക്സ്**
**വില: 100**

**ഹരികുമാർ. ആർ**
സബ് എഡിറ്റർ
മാതൃഭൂമി

ചെറുവാക്കുകളിൽ വായനക്കാരുടെ മനസിലേക്ക് അനുഭവങ്ങളുടെ വലിയ ലോകം തുറന്നു വെക്കുകയാണ് എബി ജോൺ തോമസിന്റെ കവിതകൾ. ഒരേ സമയം നൊമ്പരപ്പെടുത്തുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നുണ്ട് ഈ കൊച്ചു കവിതകൾ.

ജീവിതത്തിലെയും പ്രകൃതിയിലെയും ആകുലതകൾ, സ്വപ്നങ്ങൾ, വേദനകൾ, ആനന്ദങ്ങൾ, മുറിവുകൾ... ഇതെല്ലാം ഈ കവിതകളിലുണ്ട്. ചെറുതെങ്കിലും ഭാവനാസമ്പന്നമാണ് കേരള വിഷൻ ചീഫ് സബ് എഡിറ്റർ കൂടിയായ എബിയുടെ കാവ്യലോകം.

ഗർഭകാലം എന്ന കവിതയിൽ

*"എനിക്കു നീ നൽകിയ മഴവിത്തുകളെ*
*ഞാൻ കടലിൽ വിതയ്ക്കുകയാണ്,*
*ഒരു സൂര്യചുംബനത്തിൽ*
*അവയ്ക്ക് മുള പൊട്ടണം,*
*ആകാശത്തിന്റെ ഗർഭം പിളർന്ന്*
*അത് ജീവനിലേക്ക് അലറിക്കരയുമ്പോൾ*
*കാറ്റു കൊള്ളാതെ പൊതിഞ്ഞു കാക്കണം"*

എന്ന വരികളിലൂടെ മഴയുടെ പിറവി മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു.

പ്രണയവും വിരഹവും പല കവിത കളിലും പ്രമേയമാണ്.

*"തോൽവിയും ആനന്ദമാകുന്നത്*
*മറുഭാഗത്ത് നീയുള്ളപ്പോഴാണ് "*

എന്ന വരികളിൽ ( തോൽക്കുന്നവന്റെ മന:ശാസ്ത്രം) പ്രണയം കത്തി നിൽക്കുന്നു.

രാഷ്ട്രീയ, സാമൂഹിക വ്യവസ്ഥിതികളുടെ വിമർശകനായും കവിയെ കാണാം. പൊട്ടിയൊലിച്ച വിപ്ലവം എന്ന കവിതയിൽ

*"വിപ്ലവത്തിന്റെ മുദ്രാവാക്യം മുഴക്കി*
*തൊണ്ട പൊട്ടിയവന്റെ ശവം കവച്ചു വെച്ച്*
*അധികാരത്തിന്റെ ബൂർഷ്വാ പട്ടം വാങ്ങി*
*തെരുവിൽ അലയുന്നുണ്ട്*
*ചത്തവന്റെ സ്മാരകമായി രണ്ട് മക്കൾ "*

എന്ന് സ്വാർഥരാഷ്ട്രീയത്തിന്റെ ചതിക്കുഴികൾ കവി ഓർമിപ്പിക്കുന്നു.

*"പെണ്ണിന്റെ ഋതുനിണം കൊണ്ട്*
*ഇവനെ അശുദ്ധനാക്കാൻ*
*കഴിയുമെന്നാണ് കണ്ടെത്തൽ പാവം ദൈവം''*

(ഒതുക്കപ്പെട്ടവൻ)



എബി ജോൺ തോമസ്

എന്ന വരികൾ മതത്തിന്റെയും വിശ്വാസത്തിന്റെയും പിന്നാമ്പുറത്ത് ഇന്നും തുടരുന്ന വ്യവസ്ഥിതിയോടുള്ള പരിഹാസ ചോദ്യമായി വായനക്കാരന്റെ ഉള്ളിൽ തറയ്ക്കുന്നു. സുവിശേഷം എന്ന കവിതയിലും കവിയുടെ ഹൃദയത്തിലെ സഹജീവികളോടുള്ള നന്മയുടെ ഉറവകൾ കാണാം.

*"ക്രിസ്തു പറഞ്ഞു*
*ബലിയല്ല കരുണയാണ്*
*ഞാൻ ആഗ്രഹിക്കുന്നത് "*

എന്ന് തിരിച്ചറിയുമ്പോഴും എല്ലാ "ആഘോഷങ്ങൾക്കുമുണ്ട് ഒരു ബലിയുടെ ചുവപ്പുനിറം'' എന്ന യാഥാർഥ്യം കവിയെ നൊമ്പരപ്പെടുത്തുന്നു.

*"ആദ്യം അന്യമായത് വീടാണ്*
*പിന്നീട് മുറ്റവും തൊടിയും*
*തെരുവിൽ നഷ്ടമായത് വീടാണ് "*

അന്യരാക്കപ്പെട്ടവരുടെ വ്യഥകൾ ഈ ചെറുവരികളിൽ പൂർണ്ണമാണ്.

ശേഷിപ്പ് എന്ന കവിതയിൽ *"നന്ദി കവിത പൂക്കുന്ന മുറിപ്പാടുകൾ സമ്മാനിച്ചതിന് "* എന്ന് കവി തന്നെ പറയും പോലെ എബിയുടെ കവിതകൾ വായനക്കാരന്റെ മനസ്സിൽ പതിയുന്ന മുറിപ്പാടുകൾ തന്നെയാണ്.

●

Golden Valley Luxury Homes

# Golden Valley Homes

Presents

# Lotus Valley @ Santhigiri

## Studio, 2 & 3 BHK Contemporary style Garden Villas

**Pothencode, Trivandrum**

**A Beautiful Home Away from Home.**

**A Second Home in a resort ambiance taking care of your health & wellness.**

**It provides regular monthly lifelong rental income.**




**Architect Designed - Vasthu Complaint, Modern Villa units in 3, 4, 5 cents**

- *Gracious Living- Access to party hall, gym & wellness centre*
- *Prestigious Gated Community*
- *Green and Serene Ambiance*
- *Security and Personal Care*
- *Star Facilities - Hilltop View*
- *Provision for extra bedrooms*
- *Health and Wellness*
- *Sports and Recreation*
- *Value for Money - High appreciation*
- *Affordable - Home Loan available*
- *Car parking*

**Relcon Plaza, MC Rd, Pattom, Trivandrum 695004, S.India**

**Mob: +91 751 049 1111 | 751 099 1111 www.goldenvalleyhomes.in**

* This project is proposed as per Kerala Municipality rules 2020 & Real estate regulatory authority rules 2020.
Only expression of interest is invited, any payment, property registration &
Construction agreement are to be done upon necessary regulatory approvals.

# എൻ.എസ്. സഹകരണ ആശുപത്രി

(കൊല്ലം ജില്ലാ സഹകരണ ആശുപത്രി സൊസൈറ്റിയുടെ ഒരു യൂണിറ്റ്)

അരികിലുണ്ട് ഞങ്ങൾ,
കരുതലോടെ.

- അതിനൂതന ചികിത്സാ സംവിധാനങ്ങൾ
- എല്ലാ വിദഗ്ദ്ധ ചികിത്സാ വിഭാഗങ്ങളും
- ഏറ്റവും കുറഞ്ഞ ചികിത്സാ ചെലവ്



അന്താരാഷ്ട്ര നിലവാരമുള്ള ചികിത്സ,
കൊല്ലം എൻ എസ് സഹകരണ ആശുപത്രിയിൽ

## OUR **DEPARTMENTS**

- ANAESTHESIOLOGY
- CARDIOLOGY
- INTERVENTIONAL CARDIOLOGY
- CARDIO VASCULAR SURGERY
- CLINICAL IMAGING & RADIOLOGY
- DENTAL
- DERMATOLOGY & COSMETOLOGY
- ENT,HEAD & NECK SURGERY
- ENDOCRINOLOGY
- PSYCHIATRY
- RESPIRATORY MEDICINE
- UROLOGY
- FETAL MEDICINE & PERINATOLOGY
- GENERAL MEDICINE
- GENERAL SURGERY
- GYNEC & OBSTETRICS
- LAPAROSCOPIC SURGERY
- MAXILLOFACIAL SURGERY
- MEDICAL GASTROENTEROLOGY
- PATHOLOGY & TRANSFUSION MEDICINE
- MEDICAL ONCOLOGY
- REPRODUCTIVE MEDICINE
- SURGICAL GASTROENTEROLOGY
- HEPATOLOGY AND LIVER CARE
- NEONATOLOGY
- NEPHROLOGY
- NEUROLOGY
- NEUROSURGERY
- OPHTHALMOLOGY
- ORTHOPEADICS & TRAUMATOLOGY
- PAEDIATRICS
- PLASTIC & RECONSTRUCTIVE SURGERY
- SURGICAL ONCOLOGY
- CRITICAL CARE MEDICINE
- EMERGENCY MEDICINE
- CASUALTY & TRAUMA CARE

## IN CAMPUS FACILITIES & **SERVICES**

### MEDICAL FACILITIES

- 24 Hrs CATHLAB FACILITY
- 1.5T MRI & 128 SLICE MULTI DETECTOR CT
- 24 Hrs FULL-FLEDGED INTENSIVE CARE UNITS(ICU)
- CHILD DEVELOPMENT CLINIC (CDC)
- DIALYSIS CENTRE
- ARTIFICIAL REPRODUCTIVE TECHNOLOGY LAB (ART)
- AUDIOLOGY
- COVID ICU
- PHYSIOTHERAPY & REHABILITATION CENTRE
- NUTRITION & DIETETICS
- COUNSELLING CENTRE
- STATE OF ART OPERATION THEATRES
- EXECUTIVE HEALTH CHECKUP PACKAGES
- A/C & NON A/C AMBULANCE SERVICE
- MOBILE ICU & NEONATAL AMBULANCE UNITS

### SERVICES

- AKSHAYA CENTRE
- KERALA BANK BRANCH
- 3 ATM COUNTERS
- PUBLIC LIBRARY
- MAVELI STORE
- STAFF CO-OPERATIVE SOCIETY
- COFFEE SHOPS
- MILMA BOOTH
- CONSUMER STORES
- FREE WIFI & TELEPHONE FACILITY
- KEPCO CHICKEN STALL
- AMPLE PARKING FACILITY
- RESTAURANTS
- IRONING CENTRE

www.nshospital.org | nsmimskollam@gmail.com
പാലത്തറ,കൊല്ലം – 20 ഫോൺ : 0474 2723199,2720000, 9400364000